**KOTTAYAM PUBLIC LIBRARY**

RM 954.83

Call No. BAL-P Acc.No. 83640

Author ബാലകൃഷ്ണൻ

പിള്ള, എ

Title പ്രാചീന കേരള

ചരിത്രഗവേഷണം.

DISTRIBUTING LIBRARY.
No.....................
KOTTAYAM.

# പ്രാചീനകേരള
# ചരിത്രഗവേഷണം

# പ്രാചീനകേരള ചരിത്രഗവേഷണം

KPK 83640
DISTRIBUTING LIBRARY No. DM 4438 KOTTAYAM.
KOTTAYAM PUBLIC LIBRARY KOTTAYAM.

ഗ്രന്ഥകർത്താവ്:-

ഏ. ബാലകൃഷ്ണപിള്ള

പ്രസാധകന്മാർ:

കെ. ആർ. ബ്രദേർസ്,

കോഴിക്കോട്

ഒന്നാംപതിപ്പ്:

1000 കോപ്പി.

6—3—57

വില 1-ക.

R
954.83
BAL P

പകർപ്പവകാശം ഗ്രന്ഥകാരന്ന്

അച്ചടി

കെ. ആർ. ബ്രദേർസ് അച്ചുക്കൂടം,

കോഴിക്കോട്

# മുഖവുര

കൊല്ലത്തെ "പ്രഭാതം," കോഴിക്കോട്ടെ "നവയുഗം," "ദേശാഭിമാനി" എന്നീ പത്രങ്ങളുടെ വിശേഷാൽ പതിപ്പുകളിലും, വക്കലയിലെ "സുബോധിനി"മാസികയുടെ ഒന്നാം ലക്കത്തിലും, 1956–ൽ ഞാൻ എഴുതിയിരുന്ന കേരളചരിത്ര ഗവേഷണ ലേഖനങ്ങളുടെ ഒരു സമാഹാരമാണ് പ്രകൃത കൃതി. കേരളസ്റ്റേററ് ഉടലെടുത്തിരിക്കുന്ന ഇന്ന് അതിൻെറ പ്രാചീനചരിത്രത്തിൽ കേരളീയക്കു കൌതുകം തോന്നുന്നതാണല്ലൊ. പ്രാചീനകേരളചരിത്രരചനയ്ക്കു വളരെ അധികം വിശാലവും നിഷ്പക്ഷവുമായ ഗവേഷണങ്ങൾ നടത്തിയേ മതിയാവൂ. ഇതിനു പ്രകൃതകൃതി സാഹായകരമായിരുന്നേയ്ക്കാം. ഇത്രയും പറഞ്ഞുകൊണ്ടു കേരളീയരുടെ ഖണ്ഡനമണ്ഡനങ്ങൾക്കായി ഞാൻ ഈ കൃതി സമർപ്പിച്ചുകൊള്ളുന്നു.

ഇതു പ്രസിദ്ധപ്പെടുത്തിയ കെ. ആർ. ബ്രദേർസിനോടുള്ള എൻെറ കൃതജ്ഞതയും രേഖപ്പെടുത്തിക്കൊള്ളട്ടെ.

വടക്കൻ പറവൂർ,
1957.

ഏ. ബാലകൃഷ്ണപിള്ള

# വിഷയവിവരം.

പേജ്


1. പണ്ടത്തെ കേരള വിഭാഗങ്ങളും ഭരണരീതിയും 1

2. ചേരമാൻ പെരുമാക്കന്മാരുടെ ബിരുദങ്ങൾ 17

3. "ചിലപ്പതികാരം" 30

4. "പതിററിപ്പത്തും," "ചിലപ്പതികാരവും" 57

5. 58 ചേരമാൻ പെരുമാക്കന്മാർ 86



DISTRIBUTING LIBRARY
No.....................
KOTTAYAM.



157

DISTRIBUTING LIBRARY
No.........
KOTTAYAM

## പണ്ടത്തെ
## കേരളവിഭാഗങ്ങളും
## ഭരണരീതിയും

പ്രാചീനപാരസികരുടെ സപ്തചിരംജീവികളിൽ ഒരാളുടെ നാമമാണ് ഭൂമിദേവീപുത്രനെന്ന് അൎത്ഥമുള്ള ഗയോകൎണ്ണൻ. അഥവാ ഗോകൎണ്ണൻ. വൃത്രഘ്നനെന്നും ഇവർ ഇദ്ദേഹത്തെ വിളിച്ചുവന്നിരുന്നു. * ഭാരതീയരുടെ സപ്തചിരംജീവികളിൽ ഒരാളായ ആദിമഹാബലിയും ഇദ്ദേഹമാകുന്നു. ചരിത്രാതീതകാലത്തെ ആദിമനുവും (കുലസ്ഥാപകനും) ആദിബ്രഹ്മാവുമായ മഹാവിഷ്ണുവത്രെ ഇദ്ദേഹം.

ഇദ്ദേഹത്തിൻെറ ഗോകൎണ്ണനാമം വഹിച്ചിരുന്നവയും, മഹാബലിക്ഷേത്രങ്ങളുള്ളവയുമായ പല ഗോകൎണ്ണനഗരങ്ങളും പണ്ടു പശ്ചിമഭാരതത്തിൻെറ തീരദേശങ്ങളിൽ സ്ഥിതിചെയ്തിരുന്നു. ഉത്തരകാനറയിലെ ഗംഗാവലീനദീമുഖത്ത് ഇന്നു നില്ക്കുന്ന ഗോകൎണ്ണം ഇവയിലൊന്നാകുന്നു.

### നാലു ഖണ്ഡങ്ങൾ

ഗോകൎണ്ണത്തിനും കന്യാകുമാരിയ്ക്കുമിടയ്ക്കു കേരളം, അഥവാ പരശുരാമക്ഷേത്രം സ്ഥിതിചെയ്തിരുന്നു എന്നു പില്ക്കാലഐതിഹ്യം പറയുന്ന ഗോകൎണ്ണം ഇതല്ല, പിന്നെയോ,

* വൃതഘ്നനെ ഋഗ്വേദസംഹിതയിലും കാണാം.

ദക്ഷിണകനറയിലെ കുന്ദാപ്പൂർ താലൂക്കിലെ ഇന്നത്തെ കോടീശ്വരം ഗ്രാമമാകുന്നു. ഇവിടെയും ഒരു മഹാബലിക്ഷേത്രം പണ്ടു സ്ഥിതിചെയ്തിരുന്നു. കോടീശ്വരമായ ഈ ഗോകർണ്ണം മുതല്ക്കു കന്യാകുമാരിവരെയുള്ള ചേരരാജ്യത്തെ നാലു ഖണ്ഡങ്ങളാക്കി ഭാഗിച്ചിരുന്നു എന്നു കേരളോല്പത്തിയിൽ വിവരിച്ചിട്ടുണ്ട്. ആയ്പ്പെരുമാളിനു (717_729 എ ഡി) മുമ്പുള്ള നാലു ഖണ്ഡങ്ങൾ, വടക്കുനിന്നു തെക്കോട്ടു മുറയ്ക്കു തുളു, കൂപകം (കൂവളം), കേരളം, മൂഷികം എന്നിവയും, ഇതിനുശേഷമുള്ളവ മുറയ്ക്കു തുളു, കേരളം, മൂഷികം, കൂപകം(കൂവളം) എന്നിവയും ആകുന്നു.

ആയ്പ്പെരുമാളിനു മുമ്പുള്ള തുളുഖണ്ഡം ഗോകർണ്ണം (കോടീശ്വരം)മുതല്ക്കു പെരുമ്പുഴ (നേത്രാവതീനദി)വരെയും, കൂപകഖണ്ഡം പെരുമ്പുഴ മുതല്ക്കു പുതുപ്പട്ടണം (ഹോസ്ദുർഗ്) വരെയും, കേരളഖണ്ഡം പുതുപ്പട്ടണം മുതല്ക്കു കണ്ണേററി (കോട്ടപ്പുഴ മുഖത്തുള്ള കോട്ടയ്ക്കൽ) വരെയും, മൂഷികഖണ്ഡം കണ്ണേററി മുതല്ക്കു കന്യാകുമാരിവരെയും നീണ്ടുകിടന്നിരുന്നു. ആയ്പ്പെരുമാളിനു ശേഷമുള്ള തുളുഖണ്ഡം ഗോകർണ്ണത്തിനും (കോടീശ്വരത്തിനും) പെരുമ്പുഴയ്ക്കും (ചന്ദ്രഗിരിപ്പുഴയ്ക്കും) ഇടയ്ക്കും, കേരളഖണ്ഡം പെരുമ്പുഴയ്ക്കും പുതുപ്പട്ടണത്തിനും (കോട്ടയ്ക്കല്ലിനും) ഇടയ്ക്കും, മൂഷികഖണ്ഡം പുതുപ്പട്ടണത്തിനും കണ്ണേററിക്കും (കരുനാഗപ്പള്ളി താലൂക്കിലെ കണ്ണേററിക്കും) ഇടയ്ക്കും, കൂപഖണ്ഡം കണ്ണേററിക്കും കന്യാകുമാരിക്കുമിടയ്ക്കും ആണ് സ്ഥിതിചെയ്തിരുന്നതു്.

ഹോസ്ദുർഗ്ഗ് എന്ന കർണ്ണാടകപദത്തിൻെറ അർത്ഥം പുതുദുർഗ്ഗം, അഥവാ പുതുപ്പട്ടണം എന്നാകുന്നു. കണ്ണേററി

എന്നതിന്നു കുന്നേററി എന്നൊരു പാഠഭേദവുമുണ്ട്. കുന്ദേററിക്കു സമീപം കുന്ദൻപെരുമാറ്റം കുന്ദിവാകകോവിലകം പണിയിച്ചു എന്നു കേരളോല്പത്തിയിൽ പറഞ്ഞിരിക്കുന്നു. കുന്ദിവാകക്കോവിലകത്തു ഇരയമ്മനെ തെക്കിളംകൂറുതമ്പുരാനെന്നും, കാഞ്ഞിരോട്ടുഴിക്കു സമീപത്തുള്ള വിജയൻകൊല്ലത്തു കോട്ടയിൽ കേരളവമ്മനെ വടക്കിളംകൂറുതമ്പുരാനെന്നും കോലത്തിരി കല്പിച്ചതായും കേരളോല്പത്തി പ്രസ്താവിച്ചിട്ടുണ്ട്. കാഞ്ഞിരോട്ടുഴി കാസർഗോഡിന്നു സമീപത്തുള്ളതാകുന്നു.

കോട്ടയ്ക്കൽ കോലത്തുനാടിൻെറ തെക്കൻ അതിത്തിയിലായിരുന്നതു നിമിത്തം കുന്നേററി കോട്ടയ്ക്കൽ ആണെന്ന് അനുമാനിക്കാം. ഇതിനടുത്തു പുതുപ്പണം എന്നൊരു ഗ്രാമവുമുണ്ട്. പുതുപ്പട്ടണം ലോപിച്ച് ഉണ്ടായതാണ് പുതുപ്പണമെന്നത്. ആയ്യപ്പെരുമാളിൻെറ കാലത്തു കോട്ടപ്പുഴമുഖത്തിൻെറ തെക്കൻകരയിൽ നില്ക്കുന്ന കോട്ടയ്ക്കൽ പുതുപ്പട്ടണം എന്ന അപരനാമവും വഹിച്ചിരുന്നതായി അനുമാനിക്കാം. ആയ്യപ്പെരുമാളിൻെറ പിൻഗാമിയായിരുന്ന കുന്ദിവാകക്കോവിലകം പണിയിച്ച കുന്ദൻപെരുമാറ്റം.

## നാഗരഐതിഹ്യം

1932_ലെ “ഇൻഡ്യൻ ആൻടികചറി”യിൽ “നാഗരബ്രാഹ്മണരും, ബംഗാളിലെ കായസ്ഥരും” എന്നൊരു വിജ്ഞാനപ്രദമായ ലേഖനം ഡി. ആർ. ഭണ്ഡാരകർ എഴുതിയിരുന്നു. ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രജാതിക്കാർ ഉൾപ്പെട്ടിരുന്ന നാഗരവർഗ്ഗക്കാരുടെ ഐതിഹ്യം വിസ്തരിച്ചു വിവരി

ച്ചിട്ടുള്ള ഈ ലേഖനത്തിൽനിന്നു ചില സംഗതികഠം ചുവടെ ചേക്കുന്നു:—

രാവിനദി മുതല്ക്കുള്ള പൂർവ്വപഞ്ചാബിലും; ഉത്തരപ്രദേശത്തുമായി സ്ഥിതിചെയ്യുന്ന സപാദലക്ഷ(ശിവാലിക്സ്)പർവ്വതനിരയുള്ള ദേശത്തു 72 ഗ്രാമങ്ങളിലായി സപാദലക്ഷീയ ബ്രാഹ്മണർ (ഹിന്ദുക്കഠം) പാർത്തിരുന്നു. ഇവർ നാലു ജാതികളിലും ഉഠംപ്പെട്ട ഹിന്ദുക്കഠം ആയിരുന്നു. നാഗരവർഗ്ഗം എന്നും ഇവക്ക പേരുണ്ടായിരുന്നു. ഹാടകേശ്വരൻ ആയിരുന്നു ഇവരുടെ കുലദേവത. ഇവരുടെ 72 ഗ്രാമങ്ങളിൽനിന്നു നാലു ജാതിയുമുഠംപ്പെട്ട ഒരു കുടിപാർപ്പുസംഘം ഉത്തരഗുജറാത്തിലെ പണ്ടത്തെ ചമൽക്കാരപുരം, അഥവാ ആനന്ദപുരം, നിന്നിരുന്ന ഇന്നത്തെ വടനഗർ നില്ക്കുന്ന ദേശത്തു വന്ന് ഇവിടത്തെ റാണിയുടെ അനുവാദസഹിതം നിവസിക്കുകയുണ്ടായി. ഇവരിൽ 68 ഗ്രാമക്കാർ റാണിയിൽ നിന്നു ഭൂമി ദാനം വാങ്ങി ഇവിടെ പാർത്തു. ശേഷിച്ച നാലു ഗ്രാമക്കാർ ദാനം വാങ്ങാൻ മടിച്ചു തിരിച്ചു പോയി. ഈ 68 ഗ്രാമക്കാരിൽ മററു നാലു ഗ്രാമക്കാർ ഇവിടത്തെ നാഗന്മാരെ ഭയന്നു പിന്നീട് ഇവിടെനിന്നു പലായനം ചെയ്തു. ഇങ്ങനെ ചമല്ക്കാരപുരത്തു് 64 ഗ്രാമക്കാർ മാത്രം ശേഷിച്ചു.

പിന്നീട് ഇവിടെവച്ചു ശക്രൻ ഒരു യജ്ഞം നടത്തുവാൻ നിശ്ചയിച്ചു. ഇതിനായി ഇദ്ദേഹം ഹിമാലയദേശത്തുനിന്ന് എട്ടു നാഗരബ്രാഹ്മണഗ്രാമക്കാരെ ക്ഷണിച്ചുകൊണ്ടുവന്നു. ഇവക്ക അഷ്ടകുലീനർ എന്ന പേരു കിട്ടി. ഇവരിൽ ചിലർ മദ്ധ്യഗർ, അഥവാ മദ്ധ്യദേശക്കാർ, ആയിരുന്നു. അഷ്ടകുലീനരിൽനിന്നു വേർതിരിക്കുവാൻ ഇവിടെ ഉണ്ടായിരുന്ന

64 ഗ്രാമക്കാക്ക സാമാന്യർ എന്ന പേരു കൊടുക്കുകയും ചെയ്തു. നാഗരവർഗ്ഗക്കാർ ആണ് ശൌരസേനിപ്രാകൃതഭാഷയോട് അടുപ്പമുള്ള നാഗര, ഉപനാഗര എന്നീ രണ്ട് അപഭ്രംശഭാഷകളും, നാഗരലിപിയും സൃഷ്ടിച്ചവർ.

പില്ക്കാലത്തു സപാദലക്ഷദേശത്തുനിന്ന നാഗരവർഗ്ഗശാഖകൾ ബീഹാറിലും, ബംഗാളിലും, രാജപുട്ടാണയിലെ ബിക്കാനീറിലും, പോയി കുടിപാർക്കുകയുണ്ടായി. ബംഗാളിലേയ്ക്കു പോയവരത്രേ ഇവിടത്തെ കായസ്ഥ ബ്രാഹ്മണരുടെ പൂർവ്വികർ. യമനായ ധർമ്മരാജൻെറ അനുജനും, കണക്കെഴുത്തുകാരനുമായ ചിത്രഗുപ്തനെ കായസ്ഥർ തങ്ങളുടെ കുലസ്ഥാപകനായി കരുതിവരുന്നു. കായസ്ഥപദത്തിൻെറ അത്ഥം ലേഖകൻ, അഥവാ ഗണകൻ എന്നാണെന്നു വിജ്ഞാനേശ്വരൻ പറഞ്ഞിട്ടുണ്ട്. രാജാവു നിയമിച്ച കായസ്ഥൻ ഒരു പ്രമാണം ഒപ്പിടുമ്പോൾ അതു രാജാവിൻെറ ഒപ്പായി കരുതപ്പെട്ടുവരുന്നു എന്നു വിഷ്ണുസ്മൃതി ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. ബംഗാളിബ്രാഹ്മണർ കായസ്ഥരെ ശൂദ്രരായി പരിഗണിച്ചിരുന്നു.

തമിഴ്നാട്ടിലെ പ്രാചീനകേരളത്തിൽ നമ്പൂതിരിമാർ വന്നതിനെപ്പററിയുള്ള ഐതിഹ്യത്തിലും, നാഗര ഐതിഹ്യത്തിലെ 64 ഗ്രാമകഥയും, നാഗരെ ഭയന്നുണ്ടായ പലായനകഥയും, അഷ്ടആഢ്യന്മാരുടെ കഥയും കാണാം. ഇതിൽനിന്നു് ഈ കഥകൾ തമിഴ്നാട്ടിലെ പ്രാചീനകേരളത്തെ സംബന്ധിച്ചവയല്ലെന്നു് അനുമാനിക്കാം. വി. ആർ. ഭണ്ഡാരകർ ചമല്ക്കാരപുരം (ആനന്ദപുരം) ഗുജറാത്തിലെ ഇന്നത്തെ വടനഗരമാണെന്നു വിചാരിക്കുന്നു. ഇതു ശരിയല്ല. ആ

ദ്ദ്യത്തെ ആനന്ദപുരം ഹെ ലുഷ (ഹഷ്) എന്നു ഹിയൂൻസ്വ്യാങ് പേരിട്ടിട്ടുള്ള തെക്കൻ കാശ്മീരത്തെ ഇന്നത്തെ രാജൌരി നഗരമായിരുന്നു. ഇവിടെ നിന്നുള്ള ഒരു കുടിപാർപ്പുസംഘമാണ് ഗുജറാത്തിലെ ആനന്ദപുരം പിന്നീട് സ്ഥാപിച്ചതു്. ഹഷം എന്നതിന് ആനന്ദം എന്ന അർത്ഥമുണ്ടല്ലോ. പൌരാണികകേരളത്തിൻെറ രാജധാനികളിൽ ഒന്നായിരുന്നു രാജൌരി എന്നു് 1956-ലെ ജയകേരളം വിശേഷാൽ പ്രതിയിൽ ഞാൻ സ്ഥാപിച്ചിരുന്നു. ഗുജറാത്തിൽനിന്നു് ഈ നാഗരർ ആദ്യം ദക്ഷിണാപഥത്തിലേയ്ക്കും, പിന്നീട് കേരളത്തിലേയ്ക്കും പോന്നു.

## 64 ഗ്രാമങ്ങൾ

കേരളത്തിലെ "64 നമ്പൂതിരിഗ്രാമങ്ങൾ" എന്നു പറഞ്ഞുവരുന്നവ വാസ്തവത്തിൽ നമ്പൂതിരിമാർ മാത്രം പാർത്തുവന്നിരുന്നവ അല്ല. പിന്നെയോ, നമ്പൂതിരിമാർ ഉൾപ്പെട്ട നാനാജാതിക്കാരും മതക്കാരും നിവസിച്ചിരുന്നവ ആയിരുന്നു എന്നു ഭണ്ഡാരകരുടെ ലേഖനം സൂചിപ്പിക്കുന്നുണ്ടു്. ഗ്രാമണി എന്ന ഔദ്യോഗികനാമത്തിൽ ഗ്രാമവാസികളായ ഹിന്ദു ബൌദ്ധ ജയിനാദികളുടെ ഇടയിൽ ഈ മതക്കാരുടെ സ്മൃതികളും ധർമ്മശാസ്ത്രങ്ങളും അനുസരിച്ചു നീതിന്യായപരിപാലനം നിർവ്വഹിക്കുന്ന പ്രാഡ്വിപാകൻ (ജഡ്ജി) നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ ഓരോ ഗ്രാമസഭയും കൂടി ഗ്രാമഭരണം നടത്തിവന്നു. ഇതു നിമിത്തമാത്ര ഈ ഗ്രാമങ്ങളെ നമ്പൂതിരിഗ്രാമങ്ങൾ എന്നു ജനകീയഐതിഹ്യം പേരിട്ടിട്ടുള്ളതു്. ഇന്നത്തെ പഞ്ചായത്തുകളെപ്പോലെ ഈ ഗ്രാമസഭകൾ പ്രാദേശികസ്വയംഭരണം മാത്രം നടത്തിവന്നിരുന്നു.

അശോകമൌര്യൻെറ കാലത്തു് (273_232 ബി. സി.) സത്യപുത്രം, കേരളപുത്രം എന്ന രണ്ടു രാജ്യങ്ങരം ഉത്തരകാനറയിലെ ഗോകർണ്ണനഗരത്തിനും കന്യാകുമാരിക്കമിടയ്ക്കു സ്ഥിതിചെയ്തിരുന്നു. ഗോകർണ്ണമെന്നും പേരുണ്ടായിരുന്ന കോടീശപുരംവരെയുള്ള കടമ്പലാരദേശവും, മൈസൂരും, സത്യപുത്രത്തിലും, ഇതിനു തെക്കുള്ള സമുദ്രതീരദേശവും, കൊംഗും, കേരളപുത്രത്തിലും ഉരംപ്പെട്ടിരുന്നു. പതിവായി പരസ്പര വിവാഹങ്ങരം നടത്താറുള്ള സപത്രുപങ്ങളായിരുന്നു ഇവ രണ്ടും ഭരിച്ചിരുന്നതു്.

മൌര്യസാമ്രാജ്യാധഃപതനം സംഭവിച്ച 184 ബി. സി-യ്ക്കുശേഷം ഒരു സത്യപുത്രനൃപൻെറയും കേരളപുത്ര റാണിയുടേയും മകൻ രാമഘടമൂഷികൻ(170-146 ബി. സി.)തൻെറ വാഴ്ചാരംഭത്തിൽ രണ്ടു രാജ്യങ്ങളേയും തമ്മിൽ യോജിപ്പിച്ചുവെങ്കിലും, തൻെറ അന്ത്യകാലത്തു രണ്ടു പുത്രന്മാരായ വട്ടുവിനും, നന്ദനനുമായിട്ടു പഴയപടി ഇതിനെ രണ്ടായി ഭാഗിക്കുകയാണു് ചെയ്തതു്. വടക്കൻരാജ്യത്തിനു് ആന്ധ്രപുത്രമെന്നും, ഹൈഹയമെന്നും പേരുകരം സിദ്ധിക്കുകയുണ്ടായി. ഈ രാമഘടമൂഷികൻ ഒന്നാമത്തെ ചേരമാൻപെരുമാളാണെന്നതാനും.

64 ഗ്രാമങ്ങളും സ്ഥാപിച്ചതിനുശേഷം, "ശ്രീ പരശുരാമൻ 64 ഗ്രാമത്തേയും വരുത്തി വെള്ളപ്പനാട്ടിൽ കൊണ്ടുവന്നുവച്ചു്, 64 ഗ്രാമത്തിനും 64 മഠവും തീർത്തു്, 64 ദേശവും തിരിച്ചു കല്പിച്ചു്, ഓരോരോ ഗ്രാമത്തിനും അനുഭവിപ്പാൻ വെവ്വേറെ ദേശവും വസ്തുവും തിരിച്ചുകൊടുത്തു. ഒരു ഗ്രാമത്തിനും വെള്ളപ്പനാട്ടിൽ വസ്തുവും തറവാടും കൂടാതെ കണ്ടി

ല്ല. 64 ഗ്രാമത്തിന്നും വെള്ളപ്പനാട്ട പ്രധാനം എന്നു കല്പിച്ചു."

ഇപ്രകാരം കേരളോല്പത്തിയിൽ പറഞ്ഞിട്ടുള്ള വെള്ളപ്പനാട്ട സത്യപുത്രത്തിൻെറ രാജധാനിയും, മൈസൂരിലെ ശിക്കാർപൂർ താലൂക്കിലെ ബെൾഗാമെ (ബലിഗ്രാമം) നഗരത്തിൽ നിന്നിരുന്ന മാഹിഷ്മതിയും ആകുന്നു. മൈസൂർ ഐതിഹ്യം ബെൾഗാമെയ്ക്കു ബീജനഗരമെന്നും, തമിഴ ഐതിഹ്യം ഇതിന്നു കരുവൂർ(ബീജനഗരം) എന്നും പേരിട്ടിട്ടുണ്ട്.

പ്രാചീനകേരളത്തിലെ 64 ഗ്രാമങ്ങൾ ഒരേ സമയത്തല്ല സ്ഥാപിക്കപ്പെട്ടത്. ക്രമേണ പല കാലങ്ങളിലുമായി ഇവ ഉത്ഭവിച്ചു. ഗ്രാമങ്ങളുടെ സ്ഥാനങ്ങൾക്കു മാററങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഒരു ഗ്രാമത്തിൽ നിന്നു കുടിപാർപ്പുകാർ മറെറാന്നു സ്ഥാപിക്കുമ്പോൾ, ഇവർ പലപ്പോഴും മാതൃഗ്രാമത്തിൻെറ പേരുകൾ പുതിയ ഗ്രാമങ്ങൾക്കു നല്കിവന്നിരുന്നു. ഒരു ഗ്രാമത്തിന് ഒരു പുതിയ പേരുകൊടുക്കുകയാണെങ്കിൽ, ഇതിൻെറ ഒരു അപരനാമമാക്കി മാതൃഗ്രാമത്തിൻെറ നാമം നിലനിത്തിവന്നിരുന്നതാനും.

## ഗ്രാമങ്ങളും നഗരങ്ങളും നാട്ടുകളും

ഒടുവിലത്തെ ചേരമാൻപെരുമാൾ കേരളം ഭാഗിച്ചുകൊടുത്ത കഥ വിവരിക്കുമ്പോൾ, അന്നുണ്ടായിരുന്ന വിഭാഗങ്ങൾ മുതലായവയെ കേരളോല്പത്തിയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:— "കന്യാകുമാരി ഗോകണ്ണത്തിൻെറ ഇടയിൽ......ചേരമാൻനാട്ട നൂററിഅറുപതുകാതം വഴി നാട്ടം, 4448 ദേവപ്രതിഷ്ഠയും, 108 ദുർഗ്ഗാലയവും, 360 ഭൂതപ്രതിഷ്ഠ

യും, 108 നാല്പത്തീരടിയും 64 ഗ്രാമവും, 96 നഗരവും, 18 കോട്ടപ്പടിയും, 17 നാട്ടം—തുളുനാട്ട, കോലത്തുനാട്ട, പോലനാട്ട, കുറുമ്പനാട്ട, പുറവഴിനാട്ട, ഏറനാട്ട, പറപ്പുനാട്ട, വള്ളുവനാട്ട, രാവണനാട്ട, വെട്ടത്തുനാട്ട, തിരുമാനശ്ശേരിനാട്ട, പെരിമ്പടപ്പുനാട്ട, നെടുങ്ങനാട്ട, വെങ്ങനാട്ട, മുറിങ്ങനാട്ട, ഓണനാട്ട, വേണാട്ട. അണഞ്ഞ അഞ്ചു നാട്ട:—പാണ്ടി, കൊംങ്ങു, തുളു, വയനാട്ട, പുന്നാട്ട, എന്നു പറയുന്നു.

നാല്പത്തീരടികൾ വെളിച്ചപ്പാട്ടക്ഷേത്രങ്ങൾ ആകുന്നു. ഇത്തരം ക്ഷേത്രങ്ങൾ പണ്ട് ഏഷ്യ ഒട്ടുക്കും, ഈജിപ്തിലും, ഗ്രീസിലും, ഇത്തലിയിലും മററും സ്ഥിതിചെയ്തിരുന്നു. കേരളോല്പത്തി ഭാഗത്തിൽ ഗ്രാമങ്ങളേയും, നഗരങ്ങളേയും പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണ്? ഗ്രാമം പ്രാദേശികസ്വയംഭരണാവകാശമുള്ള ഘടകവും, നഗരം ദേശവാഴികൾ മുതലായവർ മുഖേന രാജാവു നേരിട്ട ഭരിച്ചിരുന്ന ഘടകവും ആണെന്നുള്ളതത്രേ ഇവ തമ്മിലുള്ള ഒരു വ്യത്യാസം. തൊഴിൽ സംഘങ്ങളും (നിഗമങ്ങൾ) മാത്രമേ ജനകീയസ്ഥാപനങ്ങളായി നഗരങ്ങളിൽ ഉണ്ടായിരുന്നുള്ളു. ഇവ തൊഴിൽ സംബന്ധിച്ച കാര്യങ്ങൾ മാത്രമേ തീരുമാനിച്ചിരുന്നുമുള്ളു.

നഗരങ്ങളിലെ തൊഴിൽസംഘങ്ങളുടെ വ്യാപാരങ്ങളിൽ രാജാവ് ഒരു നികുതി ചുമത്തിയിരുന്നു. അന്നത്തെ ഒരു വലിയ നികുതിയിനം ആയിരുന്ന ഈ തൊഴിൽനികുതിയിൽ (അങ്കത്തിൽ)ഒരു സാരമായ ഭാഗം സകല ജാതിക്കാരും അടങ്ങിയിരുന്ന ഗണികസംഘങ്ങൾ കൊടുത്തിരുന്നു. പ്രാചീനഭാരതത്തിൽ ഗണികകൾക്കുണ്ടായിരുന്ന മാന്യമായ സ്ഥാ

നവും, ഇവരുടെ ഗുണങ്ങളും, ഇവരെ രാജാവു ബഹുമാനിച്ചിരുന്നതും, ഏ. ഡി. മൂന്നാം ശതകത്തിലെ വാത്സ്യായനൻെറ "കാമസൂത്ര"ത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:—

"അഭിരമ്യച്ച്ശ്രുതാ വേശ്യാ
ശീലരൂപഗുണാന്വിതാ
ലഭതേ ഗണികാശബ്ദം
സ്ഥാനം ച ജനസംസദി
പൂജിതാ സാ സദാ രാജ്ഞാ
ഗുണവദ്ഭിശ്ച സസംസ്തുതാ
പ്രാത്ഥനീയാ f ഭിഗമ്യാ ച
ലക്ഷ്യഭൂതാ ച ജായതേ."

പില്ക്കാലത്തെ വിജയനഗരസാമ്രാജ്യത്തിലെ പൊലീസ്വകുപ്പിൻെറ ചെലവിനു വേണ്ടതു മുഴുവനും ഗണികനികുതിയിൽനിന്നു കിട്ടിയിരുന്നു എന്നു കെ. ടി. ഷാ ചൂണ്ടിക്കാട്ടിയിരുന്നു. ഇതുപോലെതന്നെ ആയിരുന്നിരിക്കണം തമിഴ്സംഘകാലത്തെ (498_817 ഏ. ഡി) ഗണികനികുതിയും. പണ്ടത്തെ ഗണികകൾക്കു സമുദായത്തിൽ ഉണ്ടായിരുന്ന സ്ഥാനത്തെപ്പററി ഷാ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—"വൈവാഹികജീവിതത്തിൻെറ സുഖകരമായ പോക്കിനു വിഘ്നം വരുത്താതെ കാക്കുന്ന പ്രവൃത്തി മാത്രമല്ല ഗണിക ചെയ്തിരുന്നതു്. അവൾ ഒരു ഗവമ്മെൻറുദ്യോഗസ്ഥയും, പ്രജകളുടെ ആരോഗ്യത്തെ സംരക്ഷിച്ചുകൊണ്ടുപോയിരുന്നവളും കൂടിയായിരുന്നു."

മററൊരു കാൎയ്യം ഷാ ഇവിടെ പ്രസ്താവിച്ചിട്ടില്ല; പൊതുവർ(പൊതുമകളിർ) എന്നു തമിഴ്സംഘമഹാകാവ്യമായ

"മണിമേകല"യിൽ പേരിട്ടിട്ടുള്ള ഈ ഗണികകൾ കലാഭിവൃദ്ധിക്കു വേണ്ടി ചെയ്തിരുന്ന വേലയത്രേ ഇതു്. തമിഴ് സംഘകാലത്തെ നർത്തകികൾ, കവയിത്രികൾ, പാട്ടുകാരികൾ എന്നിവരിൽ ഒരു വലിയ ഭാഗം ഈ പൊതുവർ ആയിരുന്നു. "ചിലപ്പതികാര"ത്തിലെ കോവലൻെറ വപ്പാട്ടിയായിരുന്നു മാധവിയെ ഇത്തരക്കാരുടെ ഒരു ഉദാഹരണമായി എടുത്തുകാട്ടാം. "മൃച്ഛകടിക"മെന്ന പ്രാചീനസംസ്കൃതനാടകത്തിലെ വസന്തസേനയും ഇത്തരക്കാരിയായിരുന്നു.

ഗ്രാമവും നഗരവും തമ്മിലുള്ള മറെറാരു വ്യത്യാസം ഭൂനികുതിയായ വിളവിൻെറ ആറിലൊരംശം ഗ്രാമങ്ങളിൽ നിന്നു പിരിച്ചെടുക്കുവാൻ രാജാവിനു് അധികാരമില്ല എന്നുള്ളതാകുന്നു. ഇതിനെ കേരളോല്പത്തിയിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:—"മുമ്പിൽ 64 ഗ്രാമത്തിനും ഒരുമിച്ചു പൂവും നീരും കൊടുത്തതു അനുഭവിപ്പാൻ ജന്മം എന്നു പറയുന്നു. ആ കൊടുത്തതു ഓരോ ഗ്രാമങ്ങളിലുമുള്ള തറവാട്ടുകാൎക്കു ഒരുമിച്ചുകൊടുത്ത ഏകോദകം. പിന്നെ പത്തു ഗ്രാമത്തിൽ 14 ഗോത്രത്തിൽ 36000 ബ്രാഹ്മണൎക്കു വാളിന്മേൽ നീർപകൎത്തുകൊടുത്തതു രാജാംശം; അവൎക്കു എൻെറ ജന്മം എന്നു ചൊല്ലി വിരൽ മുക്കാം. മററവൎക്കു "എൻെറ ജന്മം" എന്നു വിരൽ മുക്കരുതു്. അവൎക്കു അനുഭവത്തിന്നേ മുക്കുള്ളു. അവർ അന്യോന്യം മുക്കുമ്പോൾ "എനിക്കു അനുഭവം" എന്നു ചൊല്ലി വിരൽ മുക്കേണം."

പിന്നെയും കേരളോല്പത്തിയിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "രാജാവിനു മലനാട്ടിൽ ഷൾഭാഗം കൊടുത്തിട്ടില്ല; വൃത്തിയേ കൊടുത്തിട്ടുള്ളൂ; എല്ലാവരുടേയും വസ്തുവി

ന്മേലും ഷഠാംഭാഗം രക്ഷാപുരുഷന്മാർ അനുഭവിച്ചു; രണ്ടാമ ത്തു തളിയാതിരിമാർ അനുഭവിച്ചു; പിന്നെ ചാത്തിരക്കായി കല്പിച്ചുവയ്ക്കയാൽ ഇന്നു ചാത്തിരക്ക് ആയതുണ്ടു്." ഇതി ലെ വൃത്തി (വിരുത്തി) ഗ്രാമങ്ങളൊഴിച്ചുള്ള ശേഷിച്ച രാജ്യ ഭാഗങ്ങളിൽനിന്നു ഭൂനികുതി, അങ്കം, ചുങ്കം മുതലായവ പി രിച്ചെടുക്കുവാനുള്ള അവകാശമാകുന്നു. ഈ ഭാഗങ്ങളി ലുള്ള വസ്തുക്കളുടെ ജന്മാവകാശം രാജാവിലാണ് സ്ഥിതി ചെയ്തിരുന്നതു്. ഗ്രാമവസ്തുക്കളുടെ ജന്മാവകാശം ഗ്രാമക്കാ ക്ക് എല്ലാവൎക്കുംകൂടിയുള്ളതുമാകുന്നു.

## പത്തര അവരോധകഴകങ്ങൾ.

64 ഗ്രാമങ്ങളെ പത്തര അവരോധകഴകങ്ങളാക്കി സം ഘടിപ്പിച്ചു്, ഇവയിൽ ഓരോന്നിന്റേയും ഭരണത്തിന്റെ മേൽനോട്ടം അവരോധകഴകങ്ങളെ ഏല്പിച്ചിരുന്നു. ഓരോ കഴകത്തിനും ഓരോ രക്ഷാപുരുഷനെ ഗ്രാമപ്രതിനിധികൾ യോഗംകൂടി ഒരു ക്ലിപ്തകാലത്തേയ്ക്കു തിരഞ്ഞെടുത്തിരുന്നു. നിഴൽയോഗങ്ങളെന്നും ഇവയ്ക്കു പേരുണ്ടു്. നിഴൽ എന്ന തമിഴ് പദത്തിന്റെ അൎത്ഥം രക്ഷിക്കുക എന്നതാകുന്നു. നി ഴൽ യോഗത്തിൽ രാജാവിന്റെ പ്രതിനിധിക്ക് അര വോട്ടു മാത്രമേ ഉണ്ടായിരുന്നുള്ളു. ഇങ്ങനെയാണ് പത്തര അവ രോധകഴകങ്ങളായതു്. രക്ഷാപുരുഷന്മാരെ ആദിയിൽ മൂന്നു വൎഷത്തേക്കും, പിന്നീടു 12 വൎഷത്തേയ്ക്കും ആണ് തിരഞ്ഞെ ടുത്തിരുന്നതു്. ഇവയ്ക്കിടയ്ക്കു് ഇവരെ കുറേനാൾ അഞ്ചാ ണ്ടിലേയ്ക്കു തിരഞ്ഞെടുത്തിരുന്നു എന്നുമൊരു ഐതിഹ്യ മുണ്ടു്.

കഴകനിശ്ചയങ്ങൾ നടത്തിക്കൊടുത്തതു രക്ഷാപുരുഷന്മാരായിരുന്നു. ഇതിനു പ്രതിഫലമായി രക്ഷാപുരുഷർ ഗ്രാമങ്ങളിലെ വിളവിൻെറ ആറിലൊരംശം പിരിച്ചെടുത്തിരുന്നു. അവരോധനമ്പി, വാഴവർ, വാഴുന്നവർ, ആളുവർ, വാൾനമ്പി, ചാത്തിരർ (ശാസ്ത്രികൾ, ശസ്ത്രം അഥവാ ആയുധം എടുത്തവർ) എന്നീ ഔദ്യോഗികനാമങ്ങൾ ഇവർ വഹിച്ചിരുന്നു. രാജാവിനെപ്പോലെ വധശിക്ഷ നടത്തുവാനും ഇവർക്ക് അധികാരം ഉണ്ടായിരുന്നു.

12 വാഴുന്നവരുടെ പേരുകൾ കേരളോല്പത്തിയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇടപ്പള്ളിനമ്പിയാതിരി, വെങ്ങനാട്ടു നമ്പ്യാതിരി, കനിത്തല പണ്ടാല, പുതുമനക്കാട്ടു നമ്പ്യാതിരി, ഇളമ്പയിലാണ്ടല, പുന്നത്തൂർ നമ്പിടി, തലയൂർ മൂസ്സതു്, പിലാന്തോളിൽ മൂസ്സതു്, ചോഴത്തു് ഇളയതു്, കുഴിമണ്ണു മൂസ്സതു്, കല്ലുക്കാട്ടു ഇളയതു്, പൊന്നിനിലത്തു മൂമ്പിൽ, എന്നിവയത്രേ ഈ പേരുകൾ*. പത്തര അവരോധകഴകങ്ങളിൽ ഓരോന്നിനോടും—പെരിഞ്ചെല്ലൂർ 3000, പറപ്പൂർ 5000, ചെങ്ങന്നൂർ 5000, എന്നിങ്ങനെ—സംഖ്യകൾ ഘടിപ്പിച്ചിട്ടുണ്ട്. ഇവയെല്ലാംകൂടി മുപ്പത്തിആറായിരം വരും. ഈ അവരോധകഴകങ്ങൾ ഭരണമേൽനോട്ടം വഹിച്ചിരുന്ന പെരുഗ്രാമങ്ങളിൽ ഉണ്ടായിരുന്ന കുടികളുടെ ആകെത്തുകയത്രേ ഈ സംഖ്യകൾ.

കേരളോല്പത്തിയുടെ ഒരു പാഠത്തിൽ കേരളത്തിൽ പണ്ടു പ്രചരിച്ചിരുന്ന വ്യാഴവട്ടഗണനത്തെപ്പററി ഇങ്ങനെ

* വെങ്ങനാട്ടു കൊല്ലംകോടിലും, ഇളമ്പയിൽ കോഴിക്കോട്ടു താലൂക്കിലും, കുഴിമണ്ണു മലബാറിലേ ആലത്തൂരും, കല്ലുക്കാട്ടു പെരുമനത്തും, പൊന്നിനിലത്തു പെരിഞ്ചെല്ലൂരിലും സ്ഥിതി ചെയ്തിരുന്നു.

പറഞ്ഞിരിക്കുന്നു:—"മുന്നോ കൊല്ലമില്ല, കാലമറിവാൻ ക ലിയേ ഉള്ളു. അതു് എല്ലാവക്കും തിരിയായ്കകൊണ്ടു 64 ഗ്രാമത്തിൽ ബ്രാഹ്മണർ കേരളത്തിലുള്ള രാജാക്കന്മാരും കൊല്ലത്തു യാവാരിയുംകൂടി ചിറ കഴിച്ച കാലം......അന്നു ക്ഷേത്രം തീൎത്തു. കൊല്ലം അന്നു തുടങ്ങി വ്യാഴത്തിൻെറ മുമ്പിൽ നടത്തിയിരിക്കുന്നു. കലി എല്ലാവക്കും അറിഞ്ഞുകൂടാ, ജ്യോതിഷക്കാൎക്കു് അറിഞ്ഞുകൂട്ടു. കൊല്ലവൎഷം അറിഞ്ഞു കൊള്ളാം. അതുകൊണ്ടു കൊല്ലവും വ്യാഴവുംകൂടി നട ത്തുന്നു."

വ്യാഴഗ്രഹം ഏതു നക്ഷത്രത്തോടു കൂടിച്ചേൎന്നു നില്ക്കു ന്നുവോ, അതിൽ തന്നെ പന്ത്രണ്ടു വൎഷം കഴിഞ്ഞു തിരിച്ചു വരുന്നതാണു്. ഇതിൽനിന്നു ജ്യോതിശ്ശാസ്ത്രത്തിലെ വ്യാഴ വട്ടം ഉത്ഭവിച്ചു. ഈ വ്യാഴവട്ടമാണു് പണ്ടു കേരളത്തിൽ സൎവ്വത്ര പ്രചരിച്ചിരുന്നതു്. അറുപതു വൎഷമടങ്ങിയ പുരാ ണങ്ങളിലെ ചതുർയുഗത്തിൻെറ, അഥവാ ബൃഹസ്പതി വൎഷ വട്ടത്തിൻെറ, അഞ്ചിലൊരംശം ആണു് ഇതു്. ഈ ഇരു തരം വൎഷവട്ടങ്ങളും പണ്ടു് തിബത്തുകാരുടേയും, ചീനരുടേ യും ഇടയ്ക്കും പ്രചരിച്ചിരുന്നു.

12 വൎഷത്തേയ്ക്കുമാത്രം തിരഞ്ഞെടുക്കുന്ന രക്ഷാപുരു ഷന്മാരെ പരമ്പരയാ നാടുവാണിരുന്ന ചേരരാജാക്കന്മാരെ 12 വർഷത്തേയ്ക്കുമാത്രം നിയമിക്കുന്നവരാക്കി കേരളോല്പ ത്തിയിൽ പറഞ്ഞിരിക്കുന്നതു് അബദ്ധമാണു്. രാജ്യത്തി ലെ ഗ്രാമങ്ങളുടെ തലവന്മാരായുള്ള രക്ഷാപുരുഷരെ 12 വർ ഷത്തേയ്ക്കു മാത്രമേ അവരോധിച്ചു നിയമിച്ചിരുന്നുള്ളു. തൻനിമിത്തം ഇവൎക്കു് 12 വർഷത്തേയ്ക്കു മാത്രമേ രാജാവി

ന്നെ അംഗീകരിക്കാൻ അധികാരമുണ്ടായിരുന്നുള്ളു. അതിനുശേഷം തിരഞ്ഞെടുക്കുന്ന രക്ഷാപുരുഷർ പിന്നെയും 12 വഷ്ത്തേയ്ക്കു് ആ രാജാവിനെത്തന്നെ അംഗീകരിച്ചിരുന്നു. ഇതാണു കേരളോല്പത്തി പറഞ്ഞിട്ടുള്ളതിൻെറ യഥാൎത്ഥ അൎത്ഥം. മററു തമിഴ്നാട്ടുരാജ്യങ്ങളായ പാണ്ഡ്യത്തിലും, ചോഴത്തിലും രാജാക്കന്മാർ പരമ്പരയാ നാട്ടുവാണിരുന്നതു പോലെ ചേരരും പരമ്പരയാ നാട്ടുവാണിരുന്നു.

കേരളത്തിൽ നാട്ടുവാണിരുന്ന പണ്ടത്തെ സ്വരൂപങ്ങളിൽ ഓരോന്നിൻെറയും കുലദേവത ഭഗവതിയായിരുന്നു. അവരോധകഴകങ്ങളുടേയും കഥ ഇതുതന്നെയാണു്. കഴകി എന്നും പൎയ്യായമുള്ള അവരോധഗ്രാമദേവിയുടെ ക്ഷേത്രവളപ്പിൽവച്ചു കഴകയോഗങ്ങൾ നടത്തിവന്നിരുന്നതുമൂലം, ഗ്രാമക്കൂട്ടങ്ങൾക്കു കഴകങ്ങൾ എന്ന പേരുകിട്ടി. ചേരം ഒഴിച്ചുള്ള ശേഷിച്ച തമിഴ്നാട്ടുരാജ്യങ്ങളിൽ, ഗ്രാമക്കൂട്ടമായ കഴകത്തെ കോട്ടമെന്നു വിളിച്ചുവന്നിരുന്നു. ഭഗവതിയുടെ മറെറാരു പൎയ്യായമായ കോട്ടവി എന്നതിൽനിന്നത്രേ ഈ നാമം ഉത്ഭവിച്ചതു്.

## ഐംപെരുങ്കുഴവും, എൺപേരായവും

രാജ്യംഭരിക്കുന്നതിൽ ചേരരാജാക്കന്മാരെ ഉപദേശിച്ചിരുന്ന രണ്ടു സമിതികളാണു് ഐംപെരുങ്കുഴവും, എൺപേരായവും. കുഴ എന്നതിനു സഭ, സമിതി എന്നു് അൎത്ഥമുണ്ടു്. രാഷ്ട്രീയമന്ത്രിമാർ, പുരോഹിതർ, സേനാപതിമാർ, ധാന്യസംഭരണഉദ്യോഗസ്ഥന്മാർ, ചാരപ്രമാണികൾ എ

ന്നിവരുടെ സമിതിയാണ് ഐംപെരുങ്കുഴ. കഴകപ്രതിനിധി കളായ തളിയാതിരി നമ്പൂതിരിമാരും പുരോഹിതരിൽ ഉൾ പ്പെട്ടിരുന്നു. സെക്രട്ടറിമാർ, പൊലീസ്മേധാവികൾ, പലത രം സൈന്യവിഭാഗങ്ങളുടെ തലവന്മാർ, നഗരഭരണം നിർവ്വ ഹിക്കുന്നവർ മുതലായവർ ആണ് എൺപേരായത്തിലെ അംഗങ്ങൾ.

സാർവ്വത്രികമായ രാജകീയാധികാരത്തിൽനിന്നു രക്ഷകി ട്ടണമെങ്കിൽ, പ്രജകൾ ഏതാനും ക്ഷേത്രസങ്കേതങ്ങളിൽ പോയി അഭയം പ്രാപിച്ചേ മതിയാവൂ. ഇവിടെ രാജഭട ന്മാർ പ്രവേശിക്കരുത് എന്നുള്ള ആചാരം ചേരരാജാക്ക ന്മാർ ഒരിക്കലും ലംഘിച്ചിരുന്നില്ല.

# ചേരമാൻ

# പെരുമാക്കന്മാരുടെ

# ബിരുദങ്ങൾ

സുപ്രസിദ്ധമായ മധുര തമിഴ്സംഘം സ്ഥാപിച്ച വർഷത്തിനു സമീപിച്ചു കേരളരാജധാനി വഞ്ചിയിലും, ചോഴരാജധാനി ഉറൈയൂരിലും (ത്രിച്ചിനാപ്പള്ളിയിലും), സാഹിത്യസമകൾ സ്ഥാപിക്കപ്പെട്ടു. മധുര തമിഴ്സംഘത്തിൻെറ കാലക്കണക്കുകൾ, അതിലെ മുഖ്യകൃതികൾ, പ്രധാനപ്പെട്ട സാഹിത്യകാരുടെ പേരുകൾ, സംഘകാലത്തു നാടുവാണിരുന്ന 15 പാണ്ഡ്യരാജാക്കന്മാർ, എന്നിവയെ വിവരിച്ചിട്ടുള്ള ഒരു തമിഴ്പാട്ടു "ഇറൈയനാർ അകപ്പൊരുൾ" എന്ന പ്രാചീന ലക്ഷണകൃതിയുടെ ഒരു സംഘകാലഭാഷ്യത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ, ഇതിലെ കാലക്കണക്കുകൾ, ഭാരതം ഉൾപ്പെട്ട സകല ഏഷ്യാരാജ്യങ്ങളിലും, ഈജിപ്തിലും, ഗ്രീസിലും, റോമിലും, അമേരിക്കൻ ഇൻഡ്യൻ വർഗ്ഗക്കാരുടെ ഇടയ്ക്കും പണ്ടു പ്രചരിച്ചിരുന്നതും, യഥാർത്ഥത്തിൽ ശാസ്ത്രീയമായതുമായ കൽദയൻ (ബാബിലോണിയൻ) ജ്യോതിശ്ശാസ്ത്രത്തിനു സഹജമായ ഭീമസംഖ്യകളിലൂടെയാണ് വിവരിച്ചിരിക്കുന്നതു്. പണ്ടുള്ളവർ മണ്ടന്മാരാണെന്നു തള്ളുന്ന ഇന്നത്തെ "ശാസ്ത്രീയ" ചരിത്രഗവേഷകർ ഇതുകണ്ടു്, ഇതു വെറും കള്ളമാണെന്നു വിധിച്ചതിനു ശേഷം, വെറും ഊഹങ്ങൾകൊ

ണ്ടു സംഘകാലം നിണ്ണയിച്ച്, അതിനെ ഏ. ഡി. രണ്ടും, അഞ്ചും ശതാബ്ദങ്ങൾക്കിടയ്ക്കു സ്ഥാപിച്ചിരിക്കുന്നു.

ഇന്നത്തെ ഈ "ശാസ്ത്രീയ" ചരിത്ര ഗവേഷകരുടെ നിലയെ ഒരു ഉദാഹരണംകൊണ്ടു നല്ലപോലെ വിശദീകരിക്കാം. ഒരു മനുഷ്യനു തൻെറ മൂക്കിൻെറ അററത്തെ രണ്ടു വിധത്തിൽ തൊട്ടുവാൻ സാധിക്കും. കയ്യുയത്തി മുൻവശത്തിലൂടെ നേരെ മൂക്കിൻെറ തുമ്പുതൊട്ടുക, കയ്യുയത്തി തലയ്ക്കു പിറകിലൂടെ അതിനെ മുൻവശത്തുകൊണ്ടുവന്നു മൂക്കിൻെറ തുമ്പുതൊട്ടുക—എന്നിവയത്രേ പ്രസ്തുത രണ്ടു മാർഗ്ഗങ്ങൾ. മുൻവശത്തിലൂടെ നേരെ മൂക്കിൻെറ അററം തൊടാത്തതിനാൽ, പിറകിലൂടെ അതു തൊട്ടവർ സ്പർശിച്ച അവയവം മൂക്കല്ല എന്ന് ഇന്നത്തെ "ശാസ്ത്രീയ" ചരിത്രഗവേഷകർ കൽദയൻജ്യോതിശ്ശാസ്ത്രക്കാരെ സംബന്ധിച്ചു ജല്പിക്കുകയാണ് ചെയ്യുന്നത്.

പ്രാചീന മനുഷ്യരുടെ ആശയങ്ങളും ആചാരങ്ങളും ചരിത്രഐതിഹ്യങ്ങളും അല്പസ്വല്പവ്യത്യാസങ്ങൾ സഹിതം ഇന്നും വച്ചു പുലത്തിവരുന്ന ഇന്നത്തെ അപരിഷ്കൃതവർഗ്ഗക്കാരുടെ ഇടയ്ക്കു ദീർഘകാലം പാത്ത്, അവയെക്കുറിച്ചു ഗവേഷണം നടത്തിയ മലിനൌസ്കി, വെറികൾ, എൽവിൻ മുതലായവർ സ്ഥാപിച്ച ഒരു സ്കൂളുകാർ ഇന്നത്തെ നരവംശശാസ്ത്രജ്ഞരുടെ ഇടയ്ക്കുണ്ടു്. ഇവരുടെ രംഗഗവേഷണം ബുദ്ധിയുടെ കുത്തകക്കാരായ ഇന്നത്തെ "ശാസ്ത്രീയ" ചരിത്രഗവേഷകർ ഒഴിച്ച് മററുള്ള പണ്ഡിതലോകം ഇന്നു സ്വീകരിച്ചിട്ടുമുണ്ടു്. ഈ നരവംശസ്കൂളുകാർ പ്രസ്തുത ച

രിത്രഐതിഹ്യങ്ങളിലും മററും കഴമ്പുണ്ടെന്നു സ്ഥാപിച്ചിരിക്കുകയും ചെയ്യുന്നു.

പ്രസ്തുത "ശാസ്ത്രീയ"ചരിത്രഗവേഷകർക്ക് പുറമേ, മറെറാരുതരം ചരിത്രഗവേഷകരെയും ഇന്നു കാണാം. ഇവരാകട്ടെ, തമിഴ്സംഘത്തിൻെറ കാലക്കണക്കുകൾ വിവരിക്കുന്ന പ്രസ്തുത പാട്ടിലെ സംഖ്യകൾ ദേശാഭിമാനപാരമ്യം ഹേതുവായി അതേപടി സ്വീകരിച്ചു തമിഴ്സംഘത്തെ ചരിത്രാതീതകാലത്തിലേയ്ക്കു കൊണ്ടുപോയിരിക്കുന്നു. കൽദയൻ ജ്യോതിശാസ്ത്രം (ഭാരതീയ പുരാണങ്ങളിലെ കല്പഗണിതം) ഇദംപ്രഥമമായി മനസ്സിലാക്കി, പ്രസ്തുത തമിഴ്പാട്ടിൽനിന്ന് തമിഴ്സംഘത്തിൻെറ കാലം ഒരു കലിവൎഷമായ 499 എ. ഡി. മുതല്ക്കു 817 എ. ഡി. വരെ ആണെന്നു നിൎണ്ണയിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ടു്. തമിഴ് സംഘകാലത്തെ മൂന്നു മഹാകാവ്യങ്ങളായ "ചിലപ്പതികാരം," "മണിമേകല," "ജീവകചിന്താമണി" എന്നിവ നല്കുന്ന ജ്യോതിശാസ്ത്രവിവരങ്ങളിൽനിന്ന് ഇവയുടെ രചനാകാലങ്ങൾ യഥാക്രമം 756 എ. ഡി, 771 എ. ഡി, 814 എ. ഡി. എന്നിവയ്ക്കു ശേഷമാണെന്നു സുപ്രസിദ്ധനായ ആധുനിക ജ്യോതിശ്ശാസ്ത്രജ്ഞൻ സ്വാമിക്കണ്ണുപിള്ള സ്ഥാപിച്ചിട്ടുണ്ടു്. ഇതും, പാണ്ഡ്യരുടെ ചെപ്പേടുകളും, മധുരസ്ഥലപുരാണമായ "ഹാലാസ്യമാഹാത്മ്യ"വും എൻെറ കാലനിൎണ്ണയത്തെ പിന്താങ്ങുകയും ചെയ്യുന്നു.

തമിഴ്സംഘകാലത്തെയും അതിൻെറ മററു വിവരങ്ങളെയും ആസ്പദിച്ചു കേരളചരിത്രത്തിലെ കാലങ്ങളും മററു•

സൂക്ഷ്മമായി നിർണ്ണയിക്കുവാൻ സാധിക്കും. തമിഴ്സംഘകാലത്തിൻെറ അന്ത്യത്തിൽ രചിച്ച "തിവാകരനികണ്ടു"വിൽ ചേരമാൻപെരുമാക്കന്മാരുടെ ബിരുദങ്ങളെ ഇപ്രകാരം വിവരിച്ചിരിക്കുന്നു:—

"പൂഴിയൻ ഉതിയൻ കൊങ്കൻ പൊറൈയൻ
വാനവൻ കുട്ടുവൻ വാനവരമ്പൻ
വില്ലവൻ കുടനാടൻ വഞ്ചിവേന്തൻ
കൊല്ലിച്ചിലമ്പൻ കോതൈ കേരളൻ
പോന്തിൻ കണ്ണിക്കോൻ പൊരുനൈത്തുറൈവൻ
ചേരമാൻ മലയമാൻ കോച്ചേരൻ പെയരേ."

അശോകമൌര്യൻെറ (273_232 ബി. സി.) ശാസനങ്ങളിൽ പറഞ്ഞിട്ടുള്ള സത്യപുത്രരാജ്യത്തിലെ ഒരു നൃപൻ കേരളപുത്രരാജ്യത്തിലെ നാടുവാഴുന്ന മരുമക്കത്തായ റാണിയെ കല്യാണം കഴിച്ചതിൽനിന്നുത്ഭവിച്ച രാമഘടമൂഷികൻ, അഥവാ യദുവംശചേരൻ (170_ 146 ബി. സി.) ചേരമാൻ പെരുമാക്കന്മാരുടെ വംശം സ്ഥാപിക്കുകയുണ്ടായി. രവിവർമ്മനെന്നായിരുന്നു ഇദ്ദേഹത്തിൻെറ വ്യക്തിനാമം. സത്യപുത്രരാജവംശം യദുവംശക്കാരും (ചന്ദ്രവംശക്കാരും), കേരളപുത്രരാജവംശം സൂര്യവംശക്കാരും (ഇക്ഷ്വാകുവംശക്കാരും) ആയിരുന്നു. സത്യപുത്രവും കേരളപുത്രവും ഒന്നിച്ചു ഭരിക്കുകയും, കൊൽഹാപ്പൂരിലെ ദക്ഷിണമൌര്യവംശക്കാർ ഭരിച്ചിരുന്ന മഗധരാജ്യത്തിൽ മേൽക്കോയ്മ ചെലുത്തുകയും രാമഘടൻ ചെയ്തിരുന്നു. ഈ മഗധയിലെ ഭദ്രസേനയെന്ന രാജകുമാരിയെ ആണ് രാമഘടൻ കല്യാണം കഴിച്ചിരുന്ന

ത്ത്. മഗധയോടു പടവെട്ടിയാണ് ഇദ്ദേഹം അതിൽ മേൽ ക്കോയ്മ നേടിയിരുന്നതും.

വാഴ്ചാന്ത്യത്തിൽ, മൂത്തപുത്രൻ വടുവിന് ഉത്തര കാനറ, ധാർവാർ, മൈസൂർ, ഗോകർണ്ണമെന്നും പേരുവഹിച്ചിരുന്ന കോടീശ്വരത്തിന്റെ വടക്കുള്ള ദക്ഷിണ കാനറയിലെ കുന്ദാപൂർ താലൂക്ക്, എന്നിവ അടങ്ങിയ ഹൈഹയ, അഥവാ ആന്ധ്രപുത്രരാജ്യം രാമഘടൻ സമ്മാനിച്ചു. നാരായണഭട്ടചോഴനെന്ന പേരുണ്ടായിരുന്ന ഇളയ മകൻ നന്ദനന്നു കോടീശ്വരം മുതൽ കന്യാകുമാരിവരെയുള്ള കടലോരദേശവും, നീലഗിരി, കോയമ്പത്തൂർ, മധുര ജില്ലയിലെ പഴനിത്താലൂക്ക്, സേലം, ഉത്തരദക്ഷിണ ആർക്കാട് ജില്ലകളുടെ പശ്ചിമഭാഗം എന്നിവ ഉൾപ്പെട്ട കൊംഗുദേശവും ആണ് രാമഘടൻ വാഴ്ചക്കായി നൽകിയത്. രാമഘടന്റെ സാമ്രാജ്യ തലസ്ഥാനങ്ങൾ സത്യപുത്രരാജധാനിയായിരുന്ന പശ്ചിമോത്തര മൈസൂരിലെ ബെൾഗാമെയും (മാഹിഷ്മതിയും), തുളുനാട്ടിലെ ഉടുപ്പിയും (കോലപട്ടണവും) ആയിരുന്നു. വടുവിന്റെ രാജധാനി പ്രസ്തുത മാഹിഷ്മതിയും, നന്ദനന്റേതു ചേന്ദമംഗലത്തും കോട്ടപ്പുറത്തുമായി നിന്നിരുന്ന വഞ്ചിമഹാനഗരവും (കോലപട്ടണവും മഹോദയപുരവും കൂടിയ യുഗനഗരം) ആയിരുന്നു. ഇന്നത്തെ "ശാസ്ത്രീയ" ചരിത്രഗവേഷകരിൽ ചിലർ ഈ വഞ്ചിയെ മലബാറിലെ ചിറയ്ക്കൽ താലൂക്കിലും, ചിലർ തിരുവിതാംകൂറിലെ കൊല്ലത്തും, ചിലർ പത്മനാഭപുരത്തും, ചിലർ കൊംഗുദേശത്തെ കരൂരിലും സ്ഥാപിച്ചു കൃതാർത്ഥത അടഞ്ഞിട്ടുള്ളതും കൂടി ഇവിടെ പ്രസ്താവിക്കേണ്ടിവരുന്നു. ഹൈഹയ രാജവംശ

ക്കാരുടെ രണ്ടു നാണയങ്ങൾ ഉത്തര കാനറയിലെ ഇന്നത്തെ ഗോകർണ്ണത്തിനടുത്തുള്ള കർവാർ നഗരത്തിൽ കണ്ടുപിടിച്ചിട്ടുണ്ട്. "രഞ്ഞോവട്ടനന്ദസ" (വട്ടനന്ദരാജാവിൻേറതു്), "രഞ്ഞോമൂളനന്ദസ" എന്നീ പേരുകൾ ഇവയിൽ ഉല്ലേഖനം ചെയ്തിരിക്കുന്നു. ഹൈഹയ വംശത്തിനു നന്നവംശമെന്നു പേരും കർണ്ണാടകശാസനങ്ങൾ നല്കിയിരിക്കുന്നു.

മുകളിൽ വിവരിച്ച സംഗതികളിൽനിന്നു ശുദ്ധ കേരള പുത്ര ചരിത്രം തുടങ്ങുന്നതു നന്ദനൻെറ വാഴ്ചാരംഭവർഷം ആയ 146 ബി. സി.യിൽനിന്നാണെന്നു കാണാമല്ലൊ. ഈ 146 ബി. സി.യാണു് കേരളത്തിൽ പ്രചാരമുണ്ടായിരുന്നതായി ബുക്കാനൻ എന്ന ഇംഗ്ലീഷു സഞ്ചാരി പറഞ്ഞിട്ടുള്ള പരശുരാമാബ്ദത്തിൻെറ പ്രാരംഭവർഷം. 3102 ബി. സി എന്ന കലിവർഷത്തിൽ തുടങ്ങിയ വരാഹകല്പത്തിലെ പത്തു വിഷ്ണു അവതാരങ്ങളെ വർണ്ണിക്കുമ്പോൾ, 9_ാം ചതുർയുഗത്തിൽ ജീവിച്ചിരുന്ന ഒരു മഹാവിഷ്ണു അവതാരമായ ഒരു പരശുരാമനെ മത്സ്യപുരാണത്തിൽ പ്രസ്താവിച്ചിരിക്കുന്നു. 60 വർഷമാണു് ഒരു ചതുർയുഗം, അഥവാ ബൃഹസ്പതി വർഷവട്ടം. തൻനിമിത്തം ഈ പരശുരാമാവതാരമുണ്ടായതു 2022-1962 ബി. സി. എന്ന കാലത്താണെന്നു സിദ്ധിക്കുന്നു. 2022 ബി. സി.യിൽനിന്നു 1900 സാവനവർഷം (360 ദിവസം വീതമുള്ളതു്) കഴിയുന്ന ആണ്ടാണു് 146 ബി. സി. 1900 സാവനവർഷം 365 ദിവസം വീതമുള്ള 1874 സാധാരണ വർഷത്തിനു തുല്യമാണു്. 2021 ബി. സി.യിൽനിന്നു വേണം 1874 വർഷം കുറയ്ക്കേണ്ടതു്. അപ്പോൾ 147 ബി. സി. അഥവാ 146 ബി. സി. എന്നതു കിട്ടും. കല്പംതോറും അവതാരങ്ങൾ

സംഭവിക്കുമെന്നുള്ള പൌരാണികസിദ്ധാന്തത്തെ ആസ്പദിച്ചു 146 ബി. സി. ഒരു പരശുരാമ അവതാരകാലമായി ഭവിക്കുകയും ചെയ്യും. പ്രാചീനലോകമൊട്ടുക്ക് പ്രസ്തുത ബൃഹസ്പതി വർഷവട്ടവും അതിന്റെ അംശവട്ടങ്ങളായ 6,12,30 എന്നീ വർഷവട്ടങ്ങളും പ്രചരിച്ചിരുന്നതും ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ബാബിലോണിയക്കാരുടെ സുപ്രസിദ്ധമായ ഷഡാംശകാലങ്ങൾ ഈ ആറിനെ ആസ്പദിച്ചുണ്ടായതുമാകുന്നു.

ആദികഴകങ്ങളായ പെരിഞ്ചെല്ലൂർ, പയ്യന്നൂർ അഥവാ പന്നിയൂർ, പറപ്പൂർ, ചെങ്ങന്നൂർ, എന്നിവയുടെ സ്ഥാപനകാലം കലി 2500 എന്നതാണെന്ന് ഒരു കേരളീയ ഐതിഹ്യമുണ്ട്*. ശ്രീകൃഷ്ണൻ മരിച്ച ആണ്ടിൽ ഒരു കലിയുഗം തുടങ്ങിയെന്ന്, വായുപുരാണത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"യസ്മിൻ കൃഷ്ണോ ദിവംയാത
സ്തസ്മിന്നേവ തദാദിനേ
പ്രതിപന്നഃ കലിയുഗസ്തസ്യ
സംഖ്യാം നിബോധത"

"സൂര്യസിദ്ധാന്ത"ത്തിൽ വിസ്തരിച്ചു വിവരിച്ചിട്ടുള്ള കല്പഗണിതകല്പക്കണക്കുകളിൽനിന്ന് കൃഷ്ണന്റെ മരണം 1394 ബി. സി. യിൽ എന്നു ഞാൻ നിർണ്ണയിച്ചിട്ടുണ്ട്. ഈ കലിവർഷത്തിൽനിന്നാണ് കഴകസ്ഥാപനകാലസംഖ്യ കണക്കു കൂട്ടിയിരിക്കുന്നതു്. ഇതിലെ 2500 വർഷം വാസ്തവത്തിൽ 2500 അർദ്ധവർഷം, അഥവാ അയനം ആകുന്നു. തൻ നിമി

* 1901-ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ടിൽ ഇതു കാണാം.

ത്തം ഇതു 1250 വഷ്മാണ്. തൻനിമിത്തം കഴകസ്ഥാപനം 144 ബി. സി. യിൽ നടന്നു എന്നു സിദ്ധിക്കുന്നു. നന്ദനന്റെ മൂന്നാം വഷ്ത്തിലാണ് ഇതു നടന്നതും.

രാമഘടനു മുമ്പുണ്ടായിരുന്ന കേരളപുത്ര നൃപന്മാർ ചക്രവത്തി എന്നത്ഥമുള്ള പെരുമാൾ ബിരുദം വഹിച്ചിരുന്നില്ല. രാമഘടൻ ഇദംപ്രഥമമായി ഒരു സാമ്രാജ്യം സ്ഥാപിച്ചതു നിമിത്തമാണ് അദ്ദേഹം ആദ്യത്തെ പെരുമാളായതു്. ഈ ബിരുദം അദ്ദേഹത്തിന്റെ പിൻഗാമികൾ ഒരു കുലബിരുദമായി സ്വീകരിക്കുകയും ചെയ്തു. ബാബിലോണിയയിലെ സുമേരിയൻ ഭാഷയിൽ രാജാവിനു പതേശി (ഗോപതി) എന്നും, ചക്രവത്തിക്കു ലുഗാൽ (പെരുമാൾ) എന്നും പേരുകളുണ്ടായിരുന്നു. ലുഗാലിന്റെ തമിഴ് പരിഭാഷയത്രേ പെരുമാൾ എന്നതു്. "ലു" എന്നതിനു ആൾ മനുഷ്യൻ എന്നും, "ഗാൽ" എന്നതിനു പെരിയതു, വലിയതു എന്നും അത്ഥങ്ങളും, "ഇശി" എന്നതിനു ഗോ (പശു, ഭൂമി) എന്ന അത്ഥവും സുമേറിയനിൽ കാണാം. ദ്രാവിഡർ കിഴക്കൻ ബാബിലോണിയായിൽ നിന്നു ഇൻഡ്യയിലേക്കു പോന്നവരാകുന്നു.

ചേരമാൻ പെരുമാക്കന്മാരുടെ വാഴ്ച അവസാനിച്ച 1036 എ. ഡി. ക്കും, 146 ബി. സി. ക്കും, ഇടയ്ക്കു 1182 സാധാരണ വഷ്മുണ്ടല്ലോ. ഇതു 1200 സാവനവഷ്ം അടങ്ങിയ ഒരു കല്പമാകുന്നു. പിന്നെയും, 146 ബി. സി. ക്കും, കൊല്ലാബ്ദം തുടങ്ങുന്ന 824 എ. ഡി. ക്കും ഇടയ്ക്കു 970 സാധാരണ വഷ്ം കാണാം. ഇതു 1000 ചാന്ദ്രവഷ്മടങ്ങിയ ഒരു കല്പവും ആകുന്നു. 354 ദിവസമാണ് ഒരു ചാന്ദ്രവഷ്ത്തിലുള്ളതു്.

No.......... KOTTAYAM.

ചേരബിരുദങ്ങളിലേയ്ക്കു കടക്കുന്നതിനു മുമ്പ് ഇവരുടെ ഗോത്രലാഞ്ഛനവൃക്ഷങ്ങളെപ്പററി രണ്ടു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. ചേരരുടെ ഗോത്രം ആദിഗോത്രങ്ങളിൽ ഒന്നായ ആത്രേയഗോത്രത്തിൽ നിന്നുത്ഭവിച്ചതായി പത്മപുരാണത്തിൽ പറഞ്ഞിട്ടുള്ള വിശ്വാമിത്രഗോത്രമാകുന്നു. കാശ്യപഗോത്രവും, അഗസ്ത്യഗോത്രവുമാണ് യഥാക്രമം ചോഴരുടേയും, പാണ്ഡ്യരുടേയും ഗോത്രങ്ങൾ. പണ്ടത്തെ തമിഴ്നാട്ടു രാജവംശങ്ങൾ ഓരോന്നിനും ഓരോ പ്രത്യേകകുലലാഞ്ഛനവും, ഓരോ പ്രത്യേകകുലവൃക്ഷവുമുണ്ടായിരുന്നു. ചേരലാഞ്ഛനം വില്ലും, ചോഴരുടേതു കടുവയും, പാണ്ഡ്യരുടേതു മത്സ്യവുമായിരുന്നു. പന(പോന്തൈ), കൊന്ന(ആർ), വേപ്പ് (വേമ്പ്) എന്നിവയത്രേ യഥാക്രമം ചേര ചോഴ പാണ്ഡ്യരുടെ കുലവൃക്ഷങ്ങൾ. തെങ്ങും പനവർഗ്ഗത്തിലുൾപ്പെട്ടും. കുലവൃക്ഷങ്ങൾ നശിക്കാതെ കാത്തു രക്ഷിക്കുന്നതും, ഇവയുടെ ഇലകൾ കോർത്തുള്ള മാലകൾ ആഘോഷവേളകളിൽ അണിയുന്നതും കുലധർമ്മമായി പണ്ടു പരിഗണിച്ചിരുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM KPK 83640

ദക്ഷിണകാനറയിൽ അഥവാ, തുളുനാട്ടിൽ ആണ് പൂഴിനാടു സ്ഥിതിചെയ്തിരുന്നതു്. പൂഴിനാട്ട് രാജ്യത്തിൻെറ അംശമാകയാൽ ചേരക്കു പൂഴിനാടൻ എന്ന ബിരുദം കിട്ടി. ഉത്തരകാനറയിലെ ബൈനവാസിയിൽ(വനവാസിയിൽ) ഏ. ഡി. നാലാംശതകത്തിൽ നാടുവാണിരുന്ന കദംബരാജാവു മയൂരവർമ്മൻ പൂഴിനാടിനെ ആക്രമിച്ചു പിടിച്ചടക്കുകയുണ്ടായി. അന്നു ഈ തുളുനാട്ടിൽ നാടു വാണിരുന്ന സാമന്തരാജവംശത്തിനു ഹൊലയർ എന്നും, ഇവരുടെ കീഴിൽ തുളുനാട

ൻെറ ചില ഭാഗങ്ങളും കൊഡഗും ഭരിച്ചിരുന്ന ഇടപ്രഭുവംശത്തിനു മൂകയരെന്നും തുളുനാട്ടിലെ ഗ്രാമപദ്ധതികൾ(പ്രാചീന ചരിത്രകൃതികൾ)പേരിട്ടിട്ടുണ്ട്. വേണാട്ടുരാജവംശത്തിൻെറ പൂർവ്വികർ പ്രസ്തുത ഹൊലയവംശവും, കോലത്തിരിവംശത്തിൻെറയും പോലനാട്ടുരാജവംശത്തിൻേറയും പൂർവ്വികർ പ്രസ്തുത മൂകയരുമാകുന്നു. ഹൊലയ എന്ന കർണ്ണാടകപദം തമിഴിൽ പൊലയ എന്നാകും. തൻനിമിത്തം ഇന്നത്തെ "ശാസ്ത്രീയ" ചരിത്രഗവേഷകർ മംഗലാപുരത്തെ സുപ്രസിദ്ധരായ ഹൊലെയ റാണികളുടെ വംശത്തെ പുലയരാക്കിയിരിക്കുന്നു. മൂകയർ എന്ന പദത്തിനു മൂക്കുവർ, അരയർ എന്നും, മത്സ്യരാജവംശമെന്നും അർത്ഥങ്ങളുണ്ട്. കോലത്തിരികളുടെ ഒരു സ്ഥാനപ്പേര് രാമഘടമൂവർ എന്നതാണെന്നു ശാസനങ്ങളിൽ കാണാം. വാസ്തവത്തിൽ മൂവരെന്നതു മൂകരെന്നതിൻെറ തെററായ ഒരു രൂപമാണ്. ഈ ഗവേഷകർ ഇവരെ മൂക്കുവരാക്കുകയും ചെയ്തിരിക്കുന്നു. ഈ ഗവേഷകരുടെ ദൃഷ്ടിയിൽ വേണാട്ടുരാജവംശക്കാർ പുലയരും, കോലത്തിരിമാർ മൂക്കുവരുമാകുന്നു!!

കളങ്കായ്കണ്ണിനാർമുടിചേരൻ എന്ന ചേരമാൻപെരുമാൾ പൂഴിനാട്ട് ആക്രമിച്ച് നന്നരാജാവിനെ വാകൈ പെരുന്തുറയിൽവെച്ചു തോൽപ്പിച്ചു, ഈ നാട്ടു കൈവശപ്പെടുത്തുകയും, "തുളുങ്കു കുടിതിരുത്തുക"യും, അഥവാ "വളന്തലൈ മയങ്കിയ പൈതിരം തിരുത്തുക"യും ചെയ്തു എന്നു ചേരരാജപ്രശസ്തിസമാഹാരമായ "പതിററിപ്പത്തി"ൻെറ നാലാംപത്തിൽ വിവരിച്ചിരിക്കുന്നു. തുളുനാട്ടിലെ ബാർക്കൂറാണ് വാകൈപെരുന്തുറ. മാലിക്ക ഇബ്നുദിനാർ പണിയിച്ച

തായി പറയുന്ന വാക്കന്നൂർ മുസ്ലിം പള്ളി ഇവിടെ സ്ഥിതി ചെയ്തിരുന്നു. വരാഹ്യകന്യാപുരമെന്നും ഇതിനു പേരുണ്ട്. നന്നൻ ഹൈഹയരാജാവാകുന്നു. തുളുങ്കു കുടിതിരുത്തിയതു ഭൂതലപാണ്ഡ്യനെന്നു തുളുനാടൈതിഹ്യം പേരിട്ടിട്ടുള്ള കള ങ്കായ്കണ്ണിനാർമുടിചേരൻ തുളുനാട്ടിൽ അളിയസന്താനം (മരുമക്കത്തായം) സ്ഥാപിച്ചതാകുന്നു. തുളു എന്ന ദേശ പ്പേരിൻെറ ഉത്ഭവം തുളിർ എന്ന തമിഴ് ധാതുവിൽ നിന്നാ കുന്നു. കിളിർക്കുക, അഭിവൃദ്ധിപ്രാപിക്കുക എന്നു രണ്ട് അ ൎത്ഥങ്ങൾ തുളിർ എന്നതിനു തമിഴിലുണ്ട്. അഭിവൃദ്ധിയുള്ള നാട്ട്, അഥവാ, ശ്രീവൎദ്ധനനാട്ട് അഥവാ, ശ്രീവാഴുംകോട്ട് എന്ന് തുളുനാടെന്ന പേരിനെ മലയാളത്തിൽ പരിഭാഷപ്പെ ടുത്താം. വളന്തലൈ എന്ന് ഇതിനു മുകളിലുദ്ധരിച്ചവരിൽ പേരിട്ടിരിക്കുന്നു. വളം എന്നതു തമിഴിൽ അഭിവൃദ്ധി, ഫല പുഷ്ടി എന്ന് അൎത്ഥങ്ങളുണ്ട്. ഈ വരിയിലെ പൈതിരം (പൈതൃകം)എന്നതു പിതാവിൻെറ സ്വത്തിൽ അവകാശം നൽകുന്ന മക്കത്തായവുമാകുന്നു.

അളിയസന്താനം തുളുനാട്ടിൽ സ്ഥാപിച്ച ഭൂതലപാ ണ്ഡ്യനു തുളു ഐതിഹ്യം നല്കുന്ന കാലം 77 എ. ഡി. ആ കുന്നു. ഒരു കലിവൎഷമായ 485 എ. ഡി. യോടു 77 വൎഷം കൂട്ടിയാൽ ഭൂതലപാണ്ഡ്യൻെറ വാഴ്ച്ചാരംഭകാലമായ 562 എ. ഡി. കിട്ടും. കേരളോല്പത്തിയിലെ കേയപ്പെരുമാൾ കഴിഞ്ഞുവരുന്ന ചോഴപ്പെരുമാളാണ് കളങ്കായ്കണ്ണിനാർ മുടിച്ചേരൻ, അഥവാ ഭൂതലപാണ്ഡ്യൻ. ചേര, ചോള, പാ ണ്ഡ്യരാജ്യങ്ങളുടെ മുടികൾക്കു (കിരീടങ്ങൾക്കു) പുറമേ ന ന്നൻെറ ഹൈഹയരാജ്യമുടിയുംകൂടി നേടിയതു നിമിത്തം ഇ ദ്ദേഹം നാലുമുടി (നാർമുടി) ചേരനായി ഭവിച്ചു.

സൂയ്യന്റെ ഒരു പയ്യായമാണു ഉതിയൻ (ഉദിയൻ ഉദിക്കുന്നവൻ) എന്നതു്. ചേരർ സൂയ്യവംശക്കാരാകയാൽ അവക്കു ഉതിയൻ എന്ന ബിരുദംകിട്ടും. ഇവർ കോംഗുദേശത്തും നാടുവാണിരുന്നതു കാരണമാണു് കൊങ്കനെന്ന ബിരുദം ഇവക്കുകിട്ടിയതു്. പോറൈ എന്ന തമിഴ് പദത്തിനു മലയെന്ന അത്ഥമുണ്ടു്. കേരളത്തിനു് മലനാടെന്ന അപരനാമമുണ്ടായിരുന്നതുകാരണം ചേരക്കു പൊറൈയൻ, മലയമാൻ എന്നീ ബിരുദങ്ങൾ ലഭിച്ചു. മഹാനെന്ന അത്ഥം തമിഴിൽ വാൻ എന്നതിനുണ്ടു്. തൻനിമിത്തം വാനവനെന്ന ചേരബിരുദത്തിന്റെ അത്ഥം മഹാനെന്നാകുന്നു. കുട്ടം (കയം) ഉള്ള ജലാശയങ്ങൾ കേരളത്തിൽ ധാരാളമായി ഉള്ളതുനിമിത്തം ചേരനു കുട്ടനാടനെന്ന ബിരുദം സിദ്ധിച്ചു. ചേരതലസ്ഥാനമായ വഞ്ചിയിലെ രാജാവു് എന്നാത്രേ വഞ്ചിവേന്തനെന്നതിന്റെ അത്ഥം.

കൊംഗുദേശത്തിലുള്ള സേലം ജില്ലയിലെ കൊല്ലിമലദേശം ഭരിച്ചിരുന്നതുനിമിത്തം കൊല്ലിച്ചിലമ്പൻ (കൊല്ലിയെന്ന ചിലമ്പിന്റെ, അഥവാ മലയുടെ നാഥൻ) എന്ന ബിരുദം ചേരക്കു ലഭിച്ചു. തമിഴ് ഐതിഹ്യപ്രകാരം ചോഴത്തിന്റെ വിസ്താരം 24 കാതവും, പാണ്ഡ്യത്തിന്റെ വിസ്താരം 56 കാതവും, ചേരത്തിന്റേതു 80 കാതവുമാകുന്നു. ഇത്ര വലുതായനാടു ഭരിച്ചിരുന്നതുകൊണ്ടു ചേരനു വാനവരമ്പൻ (ആകാശം അതിർത്തിയായുള്ള ഭൂമി ഭരിക്കുന്നവൻ) എന്ന ബിരുദം ലഭിച്ചു. വില്ലു ലാഞ്ഛനം ആകയാൽ ചേരൻ വില്ലവനാകുമല്ലൊ. കുടക്കു് എന്നതിനു പശ്ചിമദേശ

മെന്നു തമിഴിൽ അത്ഥമുണ്ട്. തൻനിമിത്തം പശ്ചിമദേശം ഭരിച്ചിരുന്ന ചേരൻ കുടനാടനായി.

പശു സമൂഹമുള്ളവൻ എന്നാണു ഗോദ എന്ന പദത്തിന്റെ അത്ഥം. ചേരകുലവൃക്ഷം പോന്തൈ (പന) ആയിരുന്നതിനാൽ അവർ പോന്തൈക്കണ്ണിക്കോൻ (പനമാല ധരിക്കുന്നവൻ) ആകും. പൊരുനൈ എന്ന നദി പ്രഥനാ എന്നു "മൂഷികവംശകാവ്യം" പേരിട്ടിട്ടുള്ള ചാലക്കുടിആറാണ്. ഇതിന്റെ തുറമുഖമായ മുശിരി (കൊടുങ്ങല്ലൂർ) ചേരരുടെ വകയായതിനാൽ അവക്കു പൊരുനൈത്തുറൈവൻ എന്ന ബിരുദം ലഭിക്കുകയും ചെയ്തു.

# ചിലപ്പതികാരം.

കേരളീയർ ഉൾപ്പെട്ട പണ്ടത്തെ തമിഴ്നാട്ടുകാരുടെ പഞ്ചമഹാകാവ്യങ്ങൾ ചിലപ്പതികാരം, മണിമേകല, ജീവകചിന്താമണി, കുണ്ഡലകേശി, വളൈയാപതി എന്നിവ ആകുന്നു. ബൌദ്ധകാവ്യങ്ങളത്രെ മണിമേകലയും, കുണ്ഡലകേശിയും. ജീവകചിന്താമണി, വളൈയാപതി എന്നിവ ജയിനകാവ്യങ്ങൾ ആകുന്നു. കോട്ടിപ്പെരുമാളെന്നു "കേരളോല്പത്തി"യും, ജയമാനി രാമഘടൻ എന്നു "മൂഷികവംശകാവ്യ"വും, "കോട്ടമ്പലത്തു തുഞ്ചിയ ചേരമാൻ" എന്നു "അകനാന്നൂറും", ഇളങ്കോവടികൾ എന്നു തമിഴ സംഘൈതിഹ്യവും പേരിട്ടിട്ടുള്ളവനും, 767_787 ഏ. ഡി. എന്ന കാലത്തു നാട്ടു വാണിരുന്നു എന്നു തമിഴ്സംഘൈതിഹ്യങ്ങളിൽ നിന്നു് ഞാൻ നിർണ്ണയിച്ചിട്ടുള്ള ചേരമാൻപെരുമാളും ആണ് ചിലപ്പതികാരം രചിച്ചതു്. ശിവപാദശേഖരനെന്നു "മക്കൻസിമാനുസ്ക്രിപ്ട്" പേരിട്ടിട്ടുള്ള 48-ാം ചേരമാൻ പെരുമാളായ ഇദ്ദേഹമാണ് "പതിററിപ്പത്തു" എന്ന ചേരരാജപ്രശസ്തിസമാഹാരം പ്രസിദ്ധപ്പെടുത്തിയതെന്നു വിചാരിക്കുവാനും ഞാൻ കാരണങ്ങൾ കാണുന്നുണ്ട്. യൌവനത്തിൽ തന്നെ തൻെറ പത്നി മൃതിയടഞ്ഞതുനിമിത്തം ഇദ്ദേഹം ലൌകികജീവിതം പരിത്യജിച്ച് ഒരു ശൈവസന്യാസിയായി. ഇതുനിമിത്തമത്രേ ഇദ്ദേഹത്തിനു് അടികൾ എന്ന ബിരുദം സിദ്ധിച്ചത്. തമിഴ്നാട്ടുകാരനായി ജനിച്ചതിൽ അത്യധികം അഭിമാനമുള്ള ദേഹവുമായിരുന്നു ഈ കവി.

"ഷോഡശാംശംസുരാജ്യം" എന്ന വാക്യം സൂചിപ്പിക്കുന്ന 717 ഏ. ഡി. യിൽ, ചേരവംശത്തിലേയ്ക്കു കൊംഗിലെ ഇളയ താവഴിയിൽനിന്നു രണ്ടു രാജകുമാരന്മാരെ ദത്തെടുക്കുകയുണ്ടായി. ഇവരിൽ മൂത്തവൻ ചിലപ്പതികാരത്തിലെ ചെങ്കുട്ടവൻ രണ്ടാമനും, അനുജൻ ഇളങ്കോവടികളുമാകുന്നു. കാസർഗോഡ് താലൂക്കിലെ കോട്ടിക്കുലത്ത് ഒരു കോട്ട പണിയിച്ചതിൽനിന്ന് ഇളങ്കോവടികൾക്ക് കോട്ടിപ്പെരുമാളെന്ന നാമധേയം ലഭിച്ചു. വഞ്ചിമഹാനഗരത്തിൻെറ ഒരു ഭാഗമായ ചേന്ദമംഗലത്തെ കോട്ടക്കോവിൽകുന്നിൽ വെച്ചു മൃതിയടഞ്ഞതുനിമിത്തമത്രെ ഇദ്ദേഹത്തിനു കോട്ടമ്പലത്തു തുഞ്ചിയ ചേരമാൻ എന്ന ബിരുദംകിട്ടിയത്. മാനി എന്നതു സിംഹത്തിൻെറ ഒരു പര്യായമാകയാൽ, ഇദ്ദേഹത്തിനു ജയസിംഹൻ രാമഘടനെന്നും പേരിടാം.

## ചിലപ്പതികാരത്തിൻെറ കാലം

"ചിലപ്പതികാര"വും, ഇതിൻെറ തുടർച്ചയായ "മണിമേഖല"യും നല്കിയിരിക്കുന്ന ചില ജോതിശ്ശാസ്ത്ര വിവരങ്ങളെ ആസ്പദിച്ചു, സുപ്രസിദ്ധനായ ആധുനികജ്യോതിശ്ശാസ്ത്രജ്ഞൻ സ്വാമിക്കണ്ണുപിള്ള ഇവ രചിച്ചതു് യഥാക്രമം 756 ഏ. ഡി., 771 ഏ. ഡി. എന്നീ വർഷങ്ങൾക്കു ശേഷമാണെന്നു സ്ഥാപിക്കയുണ്ടായി. ദേശാഭിമാനപാരമ്യവും മററും ഹേതുവായി ഇന്നത്തെ തമിഴ്നാട്ടിലെ "ശാസ്ത്രീയ" ചരിത്രഗവേഷകരിൽ ബഹുഭൂരിഭാഗവും സ്വാമിക്കണ്ണു പിള്ളയുടെ നിഗമനത്തെ മുടന്തൻന്യായങ്ങൾ പറഞ്ഞു തള്ളിക്കളഞ്ഞിരിക്കുന്നു. വാസ്തവത്തിൽ തമിഴ്സംഘഐതിഹ്യങ്ങൾത

ന്നെ സ്വാമിക്കണ്ണുപിള്ളയുടെ അഭിപ്രായത്തെ പിൻതാങ്ങു ന്നുണ്ട്. ഈ ഐതിഹ്യങ്ങൾ ഉച്ചഭ്രാന്തിന്റെ പ്രകടനങ്ങളാണെന്നു ജല്പിച്ചിട്ടാണ് ഈ "ശാസ്ത്രീയ"ഗവേഷകർ വെറും ഊഹങ്ങളെ ആസ്പദിച്ചു മദ്ധ്യതമിഴ്സംഘകാലത്തെ ഏ. ഡി. അഞ്ചാം ശതാബ്ദത്തോടുകൂടി അവസാനിപ്പിച്ചിരിക്കുന്നത്. ഈ തമിഴ്സംഘ ഐതിഹ്യങ്ങൾ സംഘകാലം 499 ഏ. ഡി. മുതല്ക്കു 817 ഏ. ഡി· വരെ നിലനിന്നു എന്നു പ്രസ്താവിച്ചിട്ടുള്ളതു ഇവ ഉപയോഗിച്ചിട്ടുള്ള കൽദയൻ ജ്യോതിശാസ്ത്രഭാഷ (കല്പഗണിതഭാഷ) ഇദംപ്രഥമായി മനസ്സിലാക്കി ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. പണ്ടു സാവ്വലൌകികമായിരുന്ന ഈ ജ്യോതിശ്ശാസ്ത്രപദ്ധതിയാണ്, കാശ്മീരത്തിന്റെ ചരിത്രമായ "രാജതരംഗിണി"യിലും ഒറീസ്സായുടെ ചരിത്രമായ "മാഡ്ലാപാഞ്ജി"യിലും ഭാരതീയരുടേയും, മററുള്ളവരുടേയും പുരാണങ്ങളിലും ഉപയോഗിച്ചിട്ടുള്ളതും. പണ്ടു സാവ്വലൌകീകമായിരുന്ന ഈ ഗണിതപദ്ധതി മനസ്സിലാക്കാതെ കാലനിർണ്ണയത്തെ സംബന്ധിച്ചു ചരിത്രാതീതകാലചരിത്ര ഗവേഷണത്തിലും പ്രാചീനചരിത്രഗവേഷണത്തിലും ഒരടി മുന്നോട്ടുവെയ്ക്കുവാൻ ഒരു രാജ്യക്കാർക്കും സാധിക്കുന്നതല്ലതാനും.

സ്വാമിക്കണ്ണുപിള്ളക്ക് ചിലപ്പതികാരത്തെ സംബന്ധിച്ചു 756 ഏ. ഡി. എന്ന കാലം നല്കിയ ചിലപ്പതികാരഭാഗങ്ങൾ ആദ്യമായി ചുവടെ ഉദ്ധരിക്കുന്നു:—

"വാൻകൺ വിഴിയാ വൈകറൈ യാമത്തു
മീൻറികഴ്വി ചുമ്പിൻ വെൺമതി നീങ്ക-
ക്കാരിരുണിന്റെ കടൈനാട്ട് കങ്കുൽ"

(X 1—3)

"ആടിത്തിങ്കട്ട് പേരിരുട്ട് പക്ക-
ത്തഴൽചേർ കട്ടത്തട്ടമി ഞാൻറു
വെള്ളിവാരത്തൊള്ളെരിയുണ്ണ
വുരൈചാൻ മതുരൈയോടരചു കേട്ടറുമെന്റ
മുരൈയു മുണ്ടേ
(XXIII. 133 - 137)

ആടിമാസത്തിലെ കൃഷ്ണപക്ഷത്തിൽ കാൎത്തിക_ഭരണി നാളിൽ (അഴൽചേർ കട്ടത്തു) വെള്ളിയാഴ്ച മധുരയിൽ തീ പിടിക്കുകയും(എരിയുണ്ണ), രാജാവിന്നു കേട്ടവരുകയും ചെയ്യും എന്നൊരു പ്രവചനം ഉണ്ട് എന്നാണ് രണ്ടാമതായി ഉദ്ധരിച്ച ഭാഗത്തിൻെറ അൎത്ഥം. ഈ പ്രവചനപ്രസ്താവന മനസ്സിലാക്കുവാൻ ചിലപ്പതികാരനായിക കണ്ണകിയുടെ ജയിനമതത്തെപ്പററി ചില സംഗതികൾ ഇവിടെ വിവരിക്കുന്നു.

## പൂൎവ്വജയിനമതം

ബുദ്ധമതക്കാൎക്കു 27 "പൂൎവ്വബുദ്ധന്മാർ" ഉള്ളതുപോലെ, ജയിനൎക്കു 23 പൂൎവ്വതീൎത്ഥങ്കരന്മാർ (അഥവാ, ജിനന്മാർ) ഉണ്ടായിരുന്നു. 24_ാമത്തെ തീൎത്ഥങ്കരനാണ് വൎദ്ധമാനമഹാവീരൻ (527-456 ബി. സി). 19_ാം തീൎത്ഥങ്കരൻ മല്ലിയാണ് സ്ത്രീയായ ഏകതീൎത്ഥങ്കരൻ. 24 പേരിൽ 22 പേർ സൂൎയ്യവംശക്ഷത്രിയരും, ശേഷിച്ച രണ്ടുപേർ ചന്ദ്രവംശക്ഷത്രിയരും ആകുന്നു. വരാഹകല്പം തുടങ്ങുന്ന ബി. സി. 3102_ൽ നാട്ടുവാഴാൻ തുടങ്ങിയ പ്രിയവ്രതൻെറ പ്രപൌത്രൻ ഋഷഭൻനാഭേയനാണ് ജയിനരുടെ പ്രഥമ തീൎത്ഥങ്കരൻ. ഏലാമെന്നു പേരുണ്ടായിരുന്ന പശ്ചിമ പേർ

സ്ര്യയിലെ കോസലരാജ്യത്തിലെ ഒരു നൃപനായിരുന്നു ഋഷഭൻ. ഇദ്ദേഹത്തെ മഹാവിഷ്ണുവിൻെറ അവതാരങ്ങളിൽ ഒന്നായി ഭാരതീയഹിന്ദുപുരാണങ്ങളിൽ വിവരിച്ചിട്ടുണ്ട്. പൂർവ്വബുദ്ധന്മാർ ജീവിച്ചിരിക്കാത്ത കാലഘട്ടങ്ങളിൽ ജീവിച്ചിരിക്കുന്ന ജയിനതീർത്ഥങ്കരന്മാരെ പൂർവ്വബുദ്ധമതക്കാർ "പ്രത്യേക ബുദ്ധന്മാരാ"യി പരിഗണിച്ചു ബഹുമാനിച്ചു വന്നിരുന്നു. 24 തീർത്ഥങ്കരന്മാർക്കു പുറമേ, ജയിനർക്കു ഋഷഭപുത്രൻ ഭരതനിൽ തുടങ്ങി 12 ചക്രവർത്തിമാരും, 9 ബലദേവന്മാരും (അർദ്ധചക്രവർത്തികളും) 9 വാസുദേവന്മാരും 9 ദസാരന്മാരുമുണ്ടായിരുന്നു. ഈ 63 പേർക്കു പൊതുവെ 63 ശലാകപുരുഷർ (ശ്ലാഘ്യപുരുഷർ) എന്നു അവർ പേരിട്ടിട്ടുണ്ട്. തമിഴരുടെ ഇടയ്ക്കു 63 നായനാർമാർ (ശൈവയോഗികൾ) ഉണ്ടായിരുന്നതും ഇവിടെ ശ്രദ്ധേയമത്രേ. "യജ്ജുർവേദനിരത"നായ അയോദ്ധ്യയിലെ രാമൻദാശരഥി (1689-1662 ബി. സി.) ജയിനരുടെ 9_ാം ചക്രവർത്തി മഹാപത്മനും, രാമസോദരനും ഒരു ജയിനമതക്കാരനുമായ ലക്ഷ്മണൻ ഇവരുടെ എട്ടാമത്തെ വാസുദേവനും കൃഷ്ണൻ ദേവകീപുത്രനും ജ്യേഷ്ഠൻ ബലഭദ്രനും ഇവരുടെ 9_ാമത്തെ വാസുദേവനും ബലദേവനുമാകുന്നു. ഈ വിവരങ്ങളിൽനിന്നു പ്രസ്തുത മതത്രയങ്ങൾക്കു തമ്മിലുണ്ടായിരുന്ന ബന്ധം മനസ്സിലാക്കുവാൻ സാധിക്കും.

ഓരോ ജയിനതീർത്ഥങ്കരനും ഓരോ പ്രത്യേക ലാഞ്ഛനവും, വൃക്ഷവും, യക്ഷനും, യക്ഷിയും സങ്കല്പിക്കുകയും ഇവയെ ആരാധിച്ചുവരികയും ജയിനർ ചെയ്തിരുന്നു. 23_ാം തീർത്ഥങ്കരൻ പാർശ്വനാഥൻെറ (794-706 ബി. സി.)ലാഞ്ഛനം

പത്തിയുള്ള പാമ്പും, വൃക്ഷം ധാതകി (താതിരി)മരവും, യക്ഷൻ പാൎശ്വയക്ഷനും, യക്ഷി പത്മാവതിയുമാകുന്നു. പ്രാചീനകേരളത്തിൽ പാൎശ്വനാഥാരാധനയ്ക്കു അത്യധികം പ്രചാരം സിദ്ധിച്ചിരുന്നു. പണ്ഡിതലോകം ഇരുട്ടറയ്ക്കകത്തു വെച്ചു പൂട്ടിയിരുന്ന ദൎശനങ്ങളെ ഇദംപ്രഥമമായി വെളിച്ചത്തു ജനസാമാന്യത്തിനിടയ്ക്കു കൊണ്ടുവന്നതുനിമിത്തം പാൎശ്വനാഥനു "പുരിസാദാണീയ" (ജനസാമാന്യത്തിൻെറ കണ്ണിലുണ്ണി) എന്ന ബിരുദം ലഭിക്കുകയുണ്ടായി. ചേരരാജധാനി വഞ്ചിയുടെ അപരനാമങ്ങളിലൊന്നായ പത്മാവതിയുടെയും, ചിറക്കൽതാലൂക്കിലെ പറശ്ശിനിക്കടവിൻെറയും, ഏറനാട്ടിലെ പറച്ചാൻപൊററയുടെയും നാമങ്ങളിൽ യഥാക്രമം പത്മാവതിയക്ഷിയുടേയും പാൎശ്വയക്ഷൻെറയും പേരുകൾ കാണാം. വൎദ്ധമാനമഹാവീരൻെറ ലാഞ്ഛനം സിംഹവും, വൃക്ഷം ശാലവും (സാലവും, മാവുമരവും), യക്ഷൻ മാതംഗനും, യക്ഷി സിദ്ധായികയുമാകുന്നു.

## സിദ്ധായിക യക്ഷി

ഒരു ജയിനമതക്കാരിയായിരുന്ന കണ്ണകി മരിച്ചപ്പോൾ, അവളെ മഹാവീരൻെറ യക്ഷി സിദ്ധായികയുടെ അവതാരമായി പരിഗണിച്ചു അവളുടെ വിഗ്രഹം (മസ്തിക്കൽ, മഹാസതിക്കൽ) കൊടുങ്ങല്ലൂരിൽ അശോകമൗൎയ്യൻ പണിയിച്ച സ്തൂപത്തിനടുത്ത്, തൻെറ ജയിനമതക്കാരി ഭാൎയ്യ ഇളങ്കോവേണ്മാളുടെ പ്രേരണ നിമിത്തം, ചെങ്കുട്ടുവൻ രണ്ടാമൻ ഉദ്ദേശം 757-എ. ഡി. യിൽ സ്ഥാപിക്കുകയുണ്ടായി. മാവുമരം വൃക്ഷമായിട്ടുള്ള മഹാവീരൻെറ യക്ഷിയുടെ അവതാര

മായതു നിമിത്തമാണ് കണ്ണകിയെ ഐതിഹ്യം മാവിനോടു ഘടിപ്പിച്ചിട്ടുള്ളതു്. "നററിണൈ" എന്ന തമിഴ സംഘകാവ്യസമാഹാരത്തിൽ മരുതൻ ഇളനാഗനെന്ന കവി കണ്ണകിയെ "ഒരുമൂലൈയറുത്ത തിരുമാവുണ്ണി" എന്നു വർണ്ണിച്ചിരിക്കുന്നതും, സിലോൺഐതിഹ്യം കണ്ണകിക്ക് "ഒരു മൂല പത്തിനി" എന്നു പേരിട്ടു ഇവളെ മാവിനോടു ഘടിപ്പിച്ചിരിക്കുന്നതും നോക്കുക.

## മിസ്റ്റിക്ക് കല്പങ്ങൾ

കണ്ണകിയെ മഹാവീരൻെറ യക്ഷിയുടെ അവതാരമാക്കുന്നതിനു ജ്യോതിശ്ശാസ്ത്രപരമായ കാരണമുണ്ടു്. കണ്ണകിയുടെ മരണവർഷമായി സ്വാമിക്കണ്ണുപ്പിള്ള സ്ഥാപിച്ചിട്ടുള്ള 756 ഏ. ഡി. മഹാവീരൻെറയും തന്നിമിത്തം സിദ്ധായികയുടേയും ചരമവർഷമായ 456 ബി. സി.യിൽനിന്നു 1212 ആണ്ടുകളുള്ള ഒരു മിസ്റ്റിക്ക്കല്പം തികയുന്ന വർഷമാകുന്നു. ഈ രണ്ടു സംഖ്യകളുടെ ഇരട്ടിപ്പാണ് ഇതിനെ മിസ്റ്റിക്ക്കല്പം ആക്കിയിരിക്കുന്നതു്. കല്പാന്തങ്ങളിൽ അവതാരങ്ങൾ ഉണ്ടാകുമെന്നും ദുരിതങ്ങൾ സംഭവിക്കുമെന്നും പണ്ടുള്ളവർ വിശ്വസിക്കുകയും ചെയ്തിരുന്നു.

രണ്ടു സംഖ്യകളുടെ ആവർത്തനം കൊണ്ടുണ്ടാകുന്ന 1212-നെപ്പോലെയുള്ള മിസ്റ്റിക്ക് വർഷവട്ടങ്ങൾ കല്പഗണിതത്തിൽ പ്രയോഗിച്ചിരുന്നതിനു മററു ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ബൗദ്ധമഹാകാവ്യമായ "മണിമേകല" ചോഴരാജധാനികളിൽ ഒന്നായ കാവേരിപ്പൂമ്പട്ടണത്തെ കടൽ കൊണ്ടുപോയ വർഷത്തിലെ ജ്യോതിശ്ശാസ്ത്രവിവരങ്ങൾ നല്കിയിരിക്കുന്ന ഭാഗങ്ങൾ ചുവടെ ഉദ്ധരിക്കുന്നു:

1. "ഇരുതിളവേനിലെരികതിരിടപ
ത്തൊരുപത്തിൻമേലുമൊരു മൂൻറുചെൻറപിൻ
മീനത്തിടൈനിലൈമീനത്തകവൈയിർ
പോതിത്തലൈവനോടു പൊരുന്തിന്തോൻറു
മാപുത്തിരൻകൈയമൃത ചുരപിയെന്നു
മാപെരുമ്പാത്തിരമടക്കൊടി കേളാ-
യന്നാളിന്നാളപ്പൊഴുതിപ്പൊഴുതു"

(മണി. xi 40-46)

2. "ഇരുംപരന്തുകിടന്തമലർ തലൈയുലകത്തു
വിരികതിർച്ചെൽവൻറോൻറിനനെന്നാ
വീരെണ്ണുററാടീരെട്ടാണ്ടിർ
പേരറിവാളൻറോൻറും."

(മണി xii 75-78)

3. ആങ്കവ്വാവയിററമർകണമൂവപ്പ
ത്തിങ്കളിനാവലോങ്കുമിത്തീവിനു
ക്കൊരുതാനാകിയുലകുതൊഴത്തോൻറിനൻ
പെരിയോൻപിറന്തപെററിയെക്കേണീ
യിരുതിള വേനലെരികതിരിടപ
ത്തൊരുപത്തിൽ മേലുമോരു മൂൻറുചെൻറപിൻ
മീനത്തിടൈനിലൈ മീനത്തക വൈയിർ
പോതിത്തലൈവനോടു പെരുന്തിയ പോഴ്ത്തു."

(മണി xv-19-26)

ഇതിനെ ആസ്പദിച്ചാണ് സ്വാമിക്കണ്ണുപിള്ള "മണിമേകല"യുടെ രചന നടന്നതു് 771 ഏ. ഡി. ക്കുശേഷമാണെ

ന്നു പറഞ്ഞിട്ടുള്ളതു്. ഗൗതമബുദ്ധൻെറ ജനനവഷ്മായ 542 ബി. സി. യിൽനിന്നു് 1313 വഷ്മടങ്ങിയ ഒരു മിസ്റ്റിക് കല്പം തികയുന്ന ആണ്ടാണു് 771 ഏ. ഡി. "മണിമേകല" യിൽനിന്നു് ഉദ്ധരിച്ചിട്ടുള്ള രണ്ടാംഭാഗത്തിൽ ഈരെണ്ണൂറേറാടീരെട്ടാണ്ടിൽ, അതായതു് 1616 വഷം എന്നു പ്രസ്താവിച്ചിട്ടുണ്ടു്. പണ്ടു് 10, 11, 12, 13, എന്നീ മാസങ്ങളുള്ള വഷങ്ങൾ നടപ്പിലിരുന്നിരുന്നു. ഇരുപത്തേഴദിവസം വീതമുള്ള പതിനൊന്നു മാസങ്ങളടങ്ങിയ, അതായതു് 297 ദിവസം വീതമുള്ള 1616 വഷത്തെയാണു് ഇവിടെ പറഞ്ഞിട്ടുള്ളതു്. 1313 സാധാരണ വഷത്തിൽ 479373 ദിവസങ്ങൾ ഉണ്ടു്. പ്രസ്തുത 1616 വഷത്തിലെ ദിവസസംഖ്യ 479952 എന്നാതാകുന്നു. ഇവയ്ക്കു തമ്മിലുള്ള 579 ദിവസത്തെ വ്യത്യാസം നിസ്സാരമാണുതാനും.

പിന്നെയും മഹാവിഷ്ണുവിൻെറ വാഴ്ചാരംഭമായ 6030 ബി. സി. യിൽ നടന്ന അറബിപ്രളയത്തിനും, 3101 ബി. സി. യിൽ നടന്ന ബാബിലോണിയാ പ്രളയത്തിനും തമ്മിൽ 2929 വഷങ്ങളുടെ അന്തരമുണ്ടു്. ഇതു ഒരു മിസ്റ്റിക്ക്കല്പമാണു്. ഇനിയും, മഹാഭാരതയുദ്ധംനടന്ന 1429 ബി. സി. ക്കും, ഭാരതത്തിലെ ശിപായിലഹള നടന്ന 1857 ഏ. ഡി. ക്കും തമ്മിൽ 3333 സാവന വഷമടങ്ങിയ (3286 സാധാരണവഷമടങ്ങിയ) ഒരു മിസ്റ്റിക്ക് കല്പത്തിൻെറ അന്തരം കാണാം. 360 ദിവസമുള്ളതാണു് ഒരു സാവനവഷം. ഭാരതീയരുടെ ആദിനൃപൻ പൃഥുവൈവെത്യൻെറ വാഴ്ചാരംഭക്കാലമായ 4601 ബി. സി. യിൽനിന്നു 4545 വഷം കഴിയുന്ന 56 ബി. സി. യിലാണു വിക്രമാബ്ദം തുടങ്ങുന്നതു്. ഭാരതീയ പൂവ്വീ

കരുടെ ഇടയ്ക്ക് ഇദംപ്രഥമമായി പരിഷ്കാരവിത്തുകൾ പാവിയ ദീപങ്കര പൂർവ്വബുദ്ധൻെറ വാഴ്ച്ചാരംഭവർഷമായ 4621 ബി. സി. ക്കും ഇൻഡ്യൻ യൂണിയൻ സ്ഥാപിച്ച 1949 ഏ. ഡി. ക്കും തമ്മിൽ 6666 സാവനവർഷത്തിൻെറ അന്തരം കാണാം.

## മസ്തിക്കൽ സ്ഥാപനം

വീരക്കല്ലുകളും മസ്തിക്കല്ലുകളും സ്ഥാപിക്കുന്ന പണ്ടത്തെ ആചാരത്തിൽ ആറു ഭാഗങ്ങൾ അടങ്ങിയിരുന്നു. ഇവയുടെ മുറയ്ക്കുള്ള തമിഴ്നാമങ്ങൾ പിള്ളയാട്ട്, കാട്ചി, കാൽകൊൾ, നീർപടൈ, നട്ടുകൽ, വാഴ്ത്ത് എന്നിവയാകുന്നു. സ്മർത്ത്യപുരുഷൻ മരിച്ചയുടനെ നടത്തുന്ന നൃത്തം പിള്ളയാട്ടും, പ്രതിമയ്ക്കുവേണ്ട കല്ല് തേടിക്കണ്ടുപിടിക്കുന്നത് കാട്ചിയും, കല്ലെടുക്കുന്നതു കാൽക്കൊള്ളും, അതിനെ പുണ്യതീർത്ഥങ്ങളിലോ പുണ്യജലത്തിലോ നീരാടിപ്പിക്കുന്നത് നീർപടൈയും, പ്രതിമാസ്ഥാപനം നട്ടുകല്ലുമാകുന്നു. ഇതോടുകൂടി ഇതിൻെറ ആരാധന ഗാനനൃത്താദിസഹിതം തുടങ്ങുന്നതത്രേ വാഴ്ത്ത്.

കണ്ണകിയുടെ മസ്തിക്കൽ ചെങ്കുട്ടവൻ II (കേരളോല്പത്തിയിലെ കുന്ദൻ പെരുമാൾ) സ്ഥാപിച്ചതിനെപ്പററി രചിച്ചിട്ടുള്ളതാണ് ചിലപ്പതികാരത്തിലെ വഞ്ചിക്കാണ്ഡം. കണ്ണകിയുടെ പൂർവ്വചരിത്രം ആദിയിലെ പുകാർ കാണ്ഡത്തിലും മദുരൈകാണ്ഡത്തിലും വിവരിച്ചിരിക്കുന്നു. പിള്ളയാട്ടിനാണ് ചിലപ്പതികാരത്തിൽ കുൻറക്കുരവൈ എന്നു പേരിട്ടിരിക്കുന്നതു്. ഏഴോ, ഒമ്പതോ പേർ കൈകോർത്തുപിടിച്ച

കൊണ്ടു നടത്തുന്ന ഒരുതരം നൃത്തമാണ് കുരവൈ. കണ്ണകി കുൻറത്തൂരിൽ(സേലം ജില്ലയിലെ ശങ്കരി ദുർഗ്ഗിൽ) വേങ്ങമരത്തിൻ കീഴിൽ മരിച്ചുവീഴുന്നതു കണ്ടപ്പോൾ, അവിടത്തെ കുറവർ.

"ചിറുകുടിയീരേ, ചിറുകുടിയീരേ,
തെയ്‌വം കൊള്ളുവിൻ ചിറുകുടിയീരേ.
നിറങ്കിളരുവിപ്പുറമ്പിൽ റാഴ്‌വരൈ
നറുഞ്ചിനൈ വേങ്കൈത്തന്നിഴർ കീഴിർ"......

എന്നു തുടങ്ങുന്ന പാട്ടു പാടി കുരവൈയാടുകയുണ്ടായി.

ധനവും പ്രാബല്യവുമുള്ളവർ സ്ഥാപിക്കുന്ന വീരക്കല്ലുകളുടേയും മസ്തിക്കല്ലുകളുടേയും വളപ്പുകളിൽ സാലഗ്രാമക്കല്ലുകൾ പാകാറുണ്ടായിരുന്നു. അമ്പലങ്ങളിൽ ദേവവിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുമ്പോഴും അവയിൽ ഇങ്ങിനെ ചെയ്യാറുണ്ടല്ലോ. ഉത്തരഭാരതത്തിലെ ഗംഗാനദിയോട് മോംഗിർ നഗരത്തിന്നു സമീപംവെച്ചു ചേരുന്ന ബൂരിഗണ്ഡകനദിയുടെ ഉത്ഭവസ്ഥാനത്തുള്ള ഉരുണ്ട കല്ലുകളാണ് സാലഗ്രാമങ്ങൾ. അനമ്മൊണൈററ്, അഥവാ ബ്ലെനോണൈററ് എന്നു പാശ്ചാത്യശാസ്ത്രജ്ഞന്മാർ ഇവയ്ക്കു പേരിട്ടിട്ടുണ്ട്. ഇവയിൽ ബ്രഹ്മാവു ഒരു പുഴുവിൻെറ രൂപത്തിൽ പ്രവേശിച്ചു ചില ദ്വാരങ്ങളുണ്ടാക്കി വിഷ്ണുവിൻെറ ചക്രം വരച്ചിട്ടുണ്ടെന്നു പണ്ടത്തെ ഹിന്ദുക്കൾ വിശ്വസിച്ചുവന്നിരുന്നു. ഇതു കാരണം ഇവയെ പുണ്യശിലകളായി പരിഗണിച്ചു ഹിന്ദുക്കൾ വാങ്ങി ലൌകികജീവിതത്തിൽ ഐശ്വര്യം നേടാൻ നിത്യം പൂജിച്ചുവരുകയും ചെയ്തിരുന്നു.

സമ്പൂൎണ്ണലക്ഷണങ്ങളുള്ള ഒരു സാലഗ്രാമത്തിന്നു ചിലപ്പോൾ ഒരു ലക്ഷം രൂപയോളം വിലവരും. ബൂരിഗണ്ഡകനദി ഉത്ഭവിക്കുന്ന നേപാളരാജ്യത്തെ രാജാവിന്ന് ഇവ വിററു് ഒരു നല്ല വരുമാനം ലഭിച്ചിരുന്നു. 18_ൽ പരം തരത്തിലുള്ള സാലഗ്രാമങ്ങളിൽ, വിഷ്ണുസാലഗ്രാമം, ലക്ഷ്മീനരസിംഹസാലഗ്രാമം, മച്ച്യമൂൎത്തി (മത്സ്യമൂൎത്തി) സാലഗ്രാമം എന്നീ മൂന്നു തരങ്ങളാണ് ഏററവും പരിപാവനശിലകളായി പരിഗണിച്ചുവന്നിരുന്നതു്. മച്ച്യമൂൎത്തിസാലഗ്രാമത്തിലെ ദ്വാരങ്ങൾ മത്സ്യരൂപത്തിലും ചെരുപ്പിൻെറ രൂപത്തിലും ഉള്ളവയായിരിക്കും.

## മരുപുരം

കോയമ്പത്തൂർ ജില്ലയിൽനിന്നുത്ഭവിച്ചു മൈസൂർ സ്റ്റേററിലെ യെളന്ദൂർ നഗരത്തിന്നു സമീപത്തുകൂടി ഒഴുകി കോയമ്പത്തൂരിലെ കൊല്ലേഗൽ നഗരത്തിന്നു ഒരു രണ്ടു മൈൽ ദൂരത്തുവെച്ചു കാവേരിയോടു ചേരുന്ന ഹൊന്നുഹൊളെ(പൊന്പുഴ), അഥവാ സുവൎണ്ണാവതി എന്ന പുഴയുടെ തീരങ്ങളിലും മച്ച്യമൂൎത്തിസാലഗ്രാമങ്ങളുണ്ടായിരുന്നു. യെളന്ദൂരിനേയും സമീപമുള്ള ബിലിഗിരിരംഗൻ കുന്നിനേയും സംബന്ധിച്ചു 1917–ലെ മൈസൂർ അൎക്കിയോളാജിക്കൽ റിപ്പോൎട്ടിൽ വിവരിച്ചിരുന്ന സംഗതികളിൽനിന്നു ഇതു മനസ്സിലാക്കാം. തമിഴ് ശാസനങ്ങളിൽ ഇളമരുതൂർ എന്നു പേരിട്ടിട്ടുള്ള യെളന്ദൂരിൻെറ സ്ഥലപുരാണത്തിൽ യെളന്ദൂരെന്നതു എള-ഇന്ദു-ഊർ (ബാല-ചന്ദ്ര-ഗ്രാമം). എന്ന പേരിൻെറ രൂപഭേദം ആണെന്നു വിവരിച്ചിരിക്കുന്നു. ഇതിന്നു സമീപമുള്ള ബിലി

ഗിരിരംഗൻകുന്നിൽ, കനകദാസൻ ഗുഹ എന്നൊരു ഗുഹയും, ഇതിൻമുകളിൽ രംഗൻ, ശ്രീനിവാസൻ എന്നീ നാമങ്ങളുള്ള ഒരു ദേവൻെറ ക്ഷേത്രവും, ഇതിന്ന സമീപത്തു അലർമേൽ മങ്കയെന്ന ഒരു ദേവിയുടെ അമ്പലവും നില്ക്കുന്നുണ്ടു്.

വൈശാഖമാസം തോറും നടത്തിവരുന്ന രംഗൻെറ രഥോത്സവവേളയിൽ, പഞ്ചമരെ ക്ഷേത്രത്തിലെ ധ്വജസ്തംഭം വരെ പ്രവേശിക്കുവാൻ അനുവദിച്ചിരുന്നു. ഇതിനടുത്തുള്ള ബൂതിതിട്ടുഗ്രാമത്തിലെ മാദിഗ (മാതാംഗ, ചെരുപ്പുകുത്തി) ജാതിക്കാർ രണ്ടു വർഷത്തിലൊരിക്കൽ മതകർമ്മാനുഷ്ഠാനങ്ങളം സഹിതം വലിയ തോൽചെരുപ്പുകൾ കുത്തി ഈ ദേവന്ന സമർപ്പിച്ചുവരുന്നുമുണ്ടു്. ഇതിൽനിന്ന ഈ കുന്നിന്ന ചെരുപ്പുമലയെന്ന അപരനാമവുമുണ്ടായിരുന്നു എന്നു അനുമാനിക്കാം. വിഗ്രഹനിർമ്മാണശാസ്ത്രപ്രകാരം ബൂട്ട്സ് ധരിക്കുന്ന ദേവൻ സൂൎയ്യനാണെന്നും, സൂൎയ്യനെ ബൂട്ട്സോടുകൂടി വടക്കൻവേഷത്തിൽ ചിത്രീകരിക്കണമെന്ന "ബൃഹത്സംഹിത"യും, മത്സ്യപുരാണവും നിൎദ്ദേശിച്ചിട്ടുണ്ടെന്നും, "ഉമാപതേരവേൎപ്യാപി നഭേദോ ദൃശ്യതേ കചിത്" എന്ന പ്രമാണമുണ്ടെന്നും ഇടയ്ക്കു ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. പ്രസ്തുത മദിഗവർഗ്ഗക്കാരുടെ ജാതിപ്പേരിൽ മഹാവീരൻെറ യക്ഷൻ മാതാംഗൻെറ നാമം കാണാവുന്നതുമാണ

"പതിററിപ്പത്തി"ലെ മൂന്നാം പത്തിൽ, പൽയാനൈച്ചെൽ കെഴകുട്ടുവൻ (വലിയ ഗജസൈന്യനിരകളുള്ള ചേരൻ) കൊംഗുനാടു കൈവശപ്പെടുത്തുകയും മിതിയരുടെ (തോൽമിതിയടി തയ്ക്കുന്ന മാദിഗരുടെ) ചെരുപ്പുമലയിൽ വെച്ചു യുദ്ധം ചെയ്യുകയും ചെയ്തു എന്നു വിവരിച്ചിരിക്കുന്നു. 540–562 എ. ഡി. എന്ന കാലത്തു നാടുവാണിരുന്നവനും,

കേയപ്പെരുമാൾ, ചോലകൻ 1, ജീവോത്ഭവൻ, ദേവപാണ്ഡ്യൻ എന്നീ നാമങ്ങൾ വഹിച്ചിരുന്നവനുമായ 37-ാം




ലേഖനത്തിൽ വിവരിക്കപ്പെട്ട സ്ഥലങ്ങളുടെ കിടപ്പ്.

ചേരമാൻ പെരുമാളാണദ്ദേഹം. ഈ ചെറുപ്പമലയാണ് ബിലിഗിരിരംഗൻകുന്ന്. എലിക്ക വിലകാരി (ബിലകാരി)

എന്നും, അജിര എന്നും പൎയ്യായങ്ങളുണ്ട്. ഇതു നിമിത്തമാണ് ബിലിഗിരിരംഗൻ കുന്നിനു പ്രസ്തുത മൂന്നാംപത്തിൻെറ പതികത്തിൽ അയിരൈ (അജിര) എന്നു പേരിട്ടിരിക്കുന്നതു്. ഈ പതികത്തിൽ (അനുബന്ധത്തിൽ) തന്നെ ഈ ചേരൻ കൈവശപ്പെടുത്തിയതായി പറഞ്ഞിട്ടുള്ള ഉമ്പർകാട്ട് (ആനക്കാട്ട്, ഗജവനം) കോയമ്പത്തൂരിലെ സത്യമംഗലം നഗരത്തിനടുത്തുള്ള ഗജ്ജൽഹത്തി (ആനനഗര) മല നില്ക്കുന്ന ദേശവുമാകുന്നു.

യെളന്തൂർ നഗരം ഹദിനാട്ടിൽ (തമിഴിൽ, പതിനാട്ടിൽ, പത്തുനാട്ടിൽ) നിന്നിരുന്നു എന്നു മൈസൂർ ശാസനങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. പത്തുനാടു ദശനാടാണല്ലോ. ഹേമചന്ദ്രൻെറ "അഭിധാന ചിന്താമണി"യിൽ, മരു എന്ന ദേശത്തിനു ദശേരകം (പത്തു-ഏരകം) എന്ന അപരനാമം ഉണ്ടെന്നു പ്രസ്താവിച്ചിരിയ്ക്കുന്നു. ഇതുമൂലമത്രേ തമിഴ്ശാസനങ്ങൾ ഹദിനാട്ടിലെ യെളന്തൂരിനു മരുത്തൂർ (മരുത് ദേശത്തുള്ള ഊർ) എന്നു പേരു നല്കിയിരിക്കുന്നതും. ദശാശ്വനെന്നതു് ഇന്ദുവിൻെറ ഒരു പൎയ്യായവുമാണ്.

യെളന്തൂരിനു സ്വല്പം വടക്കുകിഴക്കുള്ള കൊള്ളേഗല്ലിനു സമീപം പ്രാചീനഗുഹകളുള്ള സിദ്ധേശ്വരൻ മല സ്ഥിതിചെയ്യുന്നു. സിദ്ധേശ്വരൻ മലയുടെ പേരിനും, മഹാവീരൻെറ യക്ഷിയായ സിദ്ധായികയുടെ നാമത്തിനും തമ്മിലുള്ള സാദൃശ്യം, ഈ മലയിൽ പണ്ടു മഹാവീരൻെറ ഒരു ഗുഹാക്ഷേത്രം സ്ഥിതിചെയ്തിരുന്നു എന്നു സൂചിപ്പിക്കുന്നുണ്ട്. കാവേരിതീരത്തു നില്ക്കുന്ന കൊള്ളേഗല്ലിനു ഒരു എട്ടുപത്തു മൈൽ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന കാവേരിവെള്ള

ച്ചാട്ടത്തിൽ, സോമേശ്വരക്ഷേത്രമുള്ള ശിവസമുദ്രം ദ്വീപ് നില്ക്കുന്നതു കാണാം. വിജയനഗര സാമ്രാജ്യകാലത്തു് ചാമരാജനഗർ താലൂക്ക ഭരിച്ചിരുന്ന ഉമ്മത്തൂർ സാമന്തവംശത്തിൻെറ കുലദേവതയാണു് പ്രസ്തുത സോമേശ്വരക്ഷേത്രത്തിലെ ദേവൻ.

വിജയനഗരസാമ്രാജ്യകാലത്തിനുമുമ്പു് ഉമ്മത്തൂർ സാമന്തർ നന്ദിയാല സാമന്തരെന്ന നാമധേയത്തിൽ മൈസൂർ സ്റ്റേററിലെ മൈസൂർ ജില്ലയുടെ പശ്ചിമതാലൂക്കുകളായ ചാമരാജനഗർ, കൃഷ്ണരാജപേട്ട, ഹെഗ്ഗഡദേവനം കോട്ട, ഹുംസൂർ എന്നിവയും, നീലഗിരിജില്ലയുടെ ഏതാനും ഭാഗങ്ങളുമടങ്ങിയ ഒരു വിസ്തൃത പ്രദേശത്തു ഭരണം നടത്തിവന്നിരുന്നു എന്നു മൈസൂർ ശാസനങ്ങളിൽനിന്നു മനസ്സിലാക്കാം. കാഡൂർ ജില്ലയിലെ ഏ. ഡി. ഏഴാം ശതകത്തിലെ നിവ്വിനീതൻെറ ശിർഗ്ഗുരുശിലാലേഖനത്തിൽ ഒരു നന്ദിയാലസാമന്തനെ പ്രസ്താവിച്ചിരിക്കുന്നതിൽനിന്നു ഇവരുടെ പ്രാചീനത മനസ്സിലാക്കാം.

ഉമ്മത്തൂർ സാമന്തരുടെ ശാസനങ്ങളിൽനിന്നു ഇവർ സൂര്യവംശക്ഷത്രിയരും സ്വർണ്ണപ്പണിക്കാരായ തട്ടാന്മാരുടെ (നാഡീന്ധമരുടെ) ജാതിപ്പേരുകൾ ബിരുദങ്ങളായുള്ളവരുമാണെന്നു മനസ്സിലാക്കാം. ഉമ്മച്ചെട്ടിക്കു കനകാഹ്വയം എന്നൊരു പര്യായമുണ്ടു്. തട്ടാന്മാരുടെ ബിരുദം, ഈ രാജവംശത്തിനു കിട്ടാൻ കാരണമിതാണു്. ബിലിഗിരി രംഗൻ മലയിലും ഒരു കനകദാസൻ ഗുഹ ഉണ്ടല്ലോ. ഈ സാമന്തരുടെ മററു രണ്ടു ബിരുദങ്ങൾ ജാവദികോലാഹലർ, സൗരാഷ്ട്രപുരവരാധീശ്വരർ എന്നിവയാകുന്നു. കണ്ണാടകഭാഷ

യിലെ ജാവദികോലാഹലർ എന്നതിനെ മെരുകിൻെറ (ഗന്ധമൂഷകൻെറ) പുഴവിൽ (കസ്തൂരിയിൽ) ആഹ്ലാദിക്കുന്നവർ എന്നു പരിഭാഷപ്പെടുത്താം. മരുദേശത്തിൻെറ പേരിനെ മെരുകെന്നാക്കിയതിൽനിന്നുത്ഭവിച്ച ബിരുദമാണിതു്. സുരാഷ്ട്രമെന്നതു സപ്തകൊങ്കണങ്ങളിൽ ഒന്നായ വരലാടത്തിൻെറ അപരനാമമാകുന്നു. ഈ സുരാഷ്ട്രം ബോമ്പെയിലെ ദാമൻനഗരത്തിൽനിന്നു ഠാനനഗരംവരെ നീണ്ടുകിടന്നിരുന്ന ദേശമായിരുന്നു. ഇതിലാണു "രഘുവംശ"ത്തിൽ കാളിദാസൻ കേരളിയരെ സ്ഥാപിച്ചിട്ടുള്ളതും. ഉമ്മത്തൂർ സാമന്തർ ഇന്നത്തെ മൈസൂർ രാജവംശത്തിൻെറ പൂർവ്വികരുടെ പരമ ശത്രുക്കളായിരുന്ന സംഗതിയും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

മൈസൂരിലെ ശിമോഗജില്ലയിലെ ഹംച, അഥവാ പൊൻപുർച്ച നഗരത്തിലും, കാഡൂർ ജില്ലയിലെ കലശനഗരത്തിലും, ദക്ഷിണകാനറയിലെ കാരക്കല്ലിലും പണ്ടു നാടുവാണിരുന്ന മരുമക്കത്തായികളായ ശാന്തരസ്വരൂപക്കാർ സൂര്യവംശക്കാരായ കനകകുലക്കാർ ആയിരുന്നു എന്നു ശാസനങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇവരിൽ ചിലർ ജാവദികോലാഹലരെന്ന ബിരുദം വഹിച്ചിരുന്നതായും ശാസനങ്ങളിൽ കാണാം. ഇതുനിമിത്തം ഉമ്മത്തൂർ, അഥവാ നന്ദിയാല, സാമന്തർ ശാന്തരസ്വരൂപത്തിൻെറ ഒരു ശാഖയാണെന്നു സിദ്ധിക്കുന്നു. കേരളത്തിലെ തനി സൂര്യവംശക്കാരനായ ആദിരാജപ്പെരുമാളിൻെറ, അഥവാ ഗോദരവിവർമ്മൻെറ മാതാവിനെ 55-ാം പെരുമാളായ കുലശേഖരൻ II കുലശയിലെ ശാന്തരശാഖയിൽനിന്നാണ് ദത്തെടുത്തതു്. കൊച്ചിയിലെ

പെരുമ്പടപ്പു സ്വരൂപത്തിൻെറ സ്ഥാപകനും കൂടിയാണ് 56–ാം പെരുമാളായ ഗോദരവിവർമ്മൻ (911–959 എ. ഡി.) ഈ ഗോദരവിവർമ്മൻെറ അനുജൻ കവിസിംഹരേറുവിനെ കുലശേഖരൻ II തുളുനാട്ടിലെ രാജാവായിവാഴിച്ചു എന്നു കേരളോൽപത്തിയിൽ പ്രസ്താവിച്ചിരിക്കുന്നു. സിംഹരേറു എന്ന പേരിൽ പ്രസ്തുത ദശേരകത്തിലെ ഏൂരകം എന്ന ഭാഗം കാണുകയും ചെയ്യാം.

മഹാവീരതീർത്ഥങ്കരൻെറ യക്ഷിയായ സ്വ ഝായികയോടും, യക്ഷനായ മാതംഗനോടും നാമസംബന്ധമായ ബന്ധമുള്ള ദേശത്തുനിന്ന് ഈ യക്ഷിയുടെ അവതാരമായ കണ്ണകിയുടെ മസ്തിക്കൽ സ്ഥാപിക്കുന്നതിനു വേണ്ട സാലഗ്രാമങ്ങൾ കൊണ്ടുവരുന്നതിനും, ഈ മസ്തിക്കല്ലിനെ അവിടത്തെ പുണ്യതീർത്ഥമായ ശിവസമുദ്രം വെള്ളച്ചാട്ടത്തിൽ നീരാടിക്കുന്നതിനുമായി ചെങ്കുട്ടവൻ II കാവേരീതീരത്തിലേയ്ക്കു് ഒരു ചെറിയ സൈന്യസമേതം പോവുകയുണ്ടായി. ഇതിനെയാണ് ചെങ്കുട്ടവൻെറ ഗംഗാതീരയാത്രയായി ചിലപ്പതികാരത്തിൽ വർണ്ണിച്ചിട്ടുള്ളതു്. മൈസൂർ ഗംഗയായ കാവേരിയുടെ തീരമത്രെ ഇതു്. മൈസൂരിൻെറ തെക്കുകിഴക്കൻ ഭാഗവും, കോയമ്പത്തൂർ, സേലം, എന്നീ ജില്ലകളുടെ ഉത്തരഭാഗങ്ങളും അടങ്ങിയ പണ്ടത്തെ ഗംഗവാഡി വിഷയത്തിലൂടെ കാവേരിയുടെ പ്രസ്തുത ഭാഗം ഒഴുകിയിരുന്നതു നിമിത്തം, ഈ നദീഭാഗത്തിനു ഗംഗയെന്ന നാമം സിദ്ധിച്ചു.

വഡഗംഗന്മാരെന്ന അപരനാമമുള്ളവരും, വൈശ്യരാണെന്നഭിമാനിക്കുന്നവരുമായ കേരള പട്ടരയന്മാരെ നാരായണഭട്ടചോഴൻ (രണ്ടാം ചേരമാൻ പെരുമാൾ നന്ദനൻ, അ

ഥവാ വംശോദ്ധാരകചേരൻ, 146–124 ബി. സി) തന്റെ കിരീടധാരണത്തിനുവേണ്ട ചിത്രപടപ്പട്ടു നെയ്യുവാൻ വഞ്ചിയിൽ കൊണ്ടുവന്നതായി ഒരു ഐതിഹ്യമുണ്ടു്. ഇവരുടെ ഉത്ഭവസ്ഥാനമായ വൃദ്ധഗംഗദേശമാണു് ഗംഗവാഡി വിഷയം.

പണ്ടത്തെ ഭാരതീയ നൃപന്മാൎക്കു് ഇവരുടെ പല പരാക്രമങ്ങളേയും ധ്വനിപ്പിക്കുന്ന പല ബിരുദങ്ങളും നൽകുന്നതു് ഒരു പതിവായിരുന്നു. ചെങ്കുട്ടുവൻ രണ്ടാമനു കുന്ദൻ പെരുമാളെന്നു കേരളോല്പത്തിയും, പവഞ്ചാരക്ഷരചേരനെന്നു "മക്കൻസി മാനസ്ക്രിപ്ട്ടും", ഗംഭീരനെന്നു് "മൂഷികവംശകാവ്യ"വും പേരിട്ടിരിക്കുന്നു. ഇദ്ദേഹം ആക്രമിച്ച ബിലിഗിരിരംഗൻ കുന്നിന്റേയും, കൊള്ളേഗല്ലിന്റെയും നാമങ്ങളുടെ അൎത്ഥങ്ങളെ ആസ്പദിച്ചാണു് കുന്ദൻ എന്ന ബിരുദം ഇദ്ദേഹത്തിനു കൊടുത്തിട്ടുള്ളതു്. കുന്ദു എന്ന പദത്തിനും, വിലകാരി (ബിലകാരി, ബിലിഗിരി) എന്നതിനും എലിയെന്നു് അൎത്ഥമുണ്ടു്. ഗിരിക എന്നതും എലിയുടെ ഒരു പൎയ്യായമാകുന്നു. എലിയെന്നൎത്ഥമുള്ള കോളൈ എന്ന തമിഴ്പദത്തിനു കൊള്ളൈ എന്നൊരു രൂപമുണ്ടാകും. ഈ രൂപം കൊള്ളേഗല്ലിന്റെ നാമത്തിൽ കാണുകയും ചെയ്യാം.

പ്രഭഞ്ജനേശ്വരചേരൻ എന്ന ചെങ്കുട്ടുവന്റെ യഥാൎത്ഥബിരുദത്തെ "മക്കൻസിമാനസ്ക്രിപ്ടി"ന്റെ സമാഹാരകനും, പ്രസാധകനുമായ കൎണ്ണൽ മക്കൻസി പവഞ്ചാരക്ഷരചേരൻ എന്നാക്കി. പ്രഭഞ്ജനൻ എന്നതു വായുദേവനായ മരുത്ദേവന്റെ ഒരു പൎയ്യായമാകുന്നു. ഇളമരുതൂർ (ഇള–പ്രഞ്ജനപുരം,) അഥവാ യെളന്ദൂർ ആക്രമിച്ചു കീഴടക്കിയതു

ഹേതുവായി ചെങ്കുട്ടവനു പ്രഭഞ്ജനേശപരചേരനെന്ന ബിരുദം ലഭിക്കുകയും ചെയ്തു.

ദശപുരത്തേക്കു് (ഇന്നത്തെ മന്ദസാരിലേക്ക്) പോകുന്ന വഴിക്കുള്ള ഒരു ഗംഭീരനദിയെ കാളിദാസൻ "മേഘദൂതി"ൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മൈസൂരിലെ ദശേരകത്തുകൂടി ഒഴുകുന്ന ഹൊന്നഹോളയ്ക്കും ഗംഭീരാ എന്ന പേരുണ്ടായിരുന്നതു നിമിത്തമായിരിക്കും, "മൂഷികവംശകാവ്യം" ഈ ദേശം ആക്രമിച്ച ചെങ്കുട്ടവന് ഈ നദിയുടെ നാമം നൽകിയിരിക്കുന്നത്.

"നയപത്മ വശാദിതസ്തതോ
ചരതോ ലേഖമ മൂഷ്യഭ്രമിപ
അഹരദ് ബലദപ്പ മോഹിതോ
മരുപൂൎവ്വസ്യപതിഃ പുരസ്യതം"

എന്നുള്ള ശ്ലോകം തുടങ്ങി ആറു ശ്ലോകങ്ങളിൽ "മൂഷികവംശകാവ്യം" ഗംഭീരമൂഷികൻെറ മരുദേശവുമായുള്ള യുദ്ധം വൎണ്ണിച്ചിരിക്കുന്നു. തൻെറ ഒരു കത്തുകൊണ്ടുപോയ ദൂതരുടെ ഗതി തടസ്സപ്പെടുത്തിയ പൂൎവ്വമരുദേശത്തെ സാമന്തൻെറ തലസ്ഥാനമായ മരുപുരം ഗംഭീരൻ ആക്രമിച്ചു്, പാണ്ഡവൻ അൎജ്ജുനൻ ഖാണ്ഡവം ദഹിപ്പിച്ചതുപോലെ, അതിനെ ചുട്ടെരിച്ചു എന്നാത്രേ ഈ ശ്ലോകങ്ങളിൽ വിവരിച്ചിട്ടുള്ളതു്. കൺണകിയുടെ മസ്തിക്കല്ല് സ്ഥാപനത്തിന്നു് വേണ്ട സാലഗ്രാമക്കല്ലുകൾ കൊണ്ടുവരാൻ താൻ കത്തുംകൊടുത്തു മരുദേശത്തേക്കു നിയോഗിച്ച ദൂതരെ തടസ്സപ്പെടുത്തിയപ്പോൾ, താൻ തന്നെ മരുപുരം സാമന്തനെ ഒരു പാഠം പഠിപ്പിച്ചിട്ടു് അവ കൊണ്ടുവരാൻ ചെങ്കുട്ടവൻ നിശ്ചയിക്കുക

യും ഇതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു എന്ന് ഈ വിവരത്തിൽനിന്ന് അനുമാനിക്കാം. തൻെറ മാതാവിൻെറ അസ്ഥികൾ കാവേരിയിൽ എറിയാനായി ഇതിനുമുമ്പൊരിക്കൽ ചെങ്കുട്ടവൻ മരുദേശത്തേക്കു പോയിരുന്നു എന്നും ചിലപ്പതികാരത്തിൽനിന്നു മനസ്സിലാക്കുകയും ചെയ്യാം. കൊടുങ്ങല്ലൂരിനും ശിവസമുദ്രത്തിനും തമ്മിൽ 150 മൈൽ ദൂരമേയുള്ളു എന്ന സംഗതിയും പ്രസ്താവിച്ചുകൊള്ളട്ടെ.

## കനകവിജയന്മാർ

ബാലകുമാര പുത്രരായ കനകനും, വിജയനുമാണ് ചെങ്കുട്ടവൻെറ ദൂതരെ തടസ്സപ്പെടുത്തിയതെന്ന് "ചിലപ്പതികാര"ത്തിൽ വിവരിച്ചിരിക്കുന്നു. ബാല–ഇന്ദു–ഊരായ യെളന്ദൂരിലെ ദേശവാഴി ആണ് ബാലകുമാരൻ. കനകൻെറ പേര് ഈ ദേശവാഴികളുടെ കുലനാമവുമാകുന്നു. ബിലിഗിരിരംഗൻ കുന്നിലെ കനകദാസൻ ഗുഹയുടെ പേരിലും ഈ നാമംകാണാം. ചെങ്കുട്ടവൻെറ (729–767 ഏ. ഡി.) സമകാലീനനായിരുന്ന മൈസൂരിലെ പശ്ചിമഗംഗസാമ്രാജ്യത്തിലെ മഹാരാജാവ് ശ്രീപുരുഷ പൃഥിവികൊംഗണിയുടെ (726–788 ഏ. ഡി.) രണ്ടു രാജ്ഞിമാരിൽ ഒരുത്തി യെളന്ദൂർദേശത്തെ മഴവല്ലൂരിലെ നാടുവാഴിയുടെ വംശത്തിലെ ഒരു അംഗമായിരുന്നു എന്നു മൈസൂർ ശാസനങ്ങൾ സ്ഥാപിക്കുന്നുണ്ട്. ഈ ബന്ധംകൊണ്ടു മതിമറന്നിട്ടായിരിക്കാം കനകവിജയന്മാർ ചേരദൂതരെ തടസ്സപ്പെടുത്തിയതു്. മുകളിൽ പ്രസ്താവിച്ച ഉമ്മത്തൂർ, അഥവാ നന്ദിയാല, സാമന്തരാജവംശത്തിൻെറ പൂർവ്വീകരിൽ ഒരാളാണ് ബാലകുമാർ.

# ശതകർണ്ണി

ചെങ്കുട്ടവൻെറ രണ്ടാം ഗംഗാതീരയാത്രയിൽ, അദ്ദേഹത്തെ സഹായിച്ച സാമന്തരാജാവ് വങ്കാപ്പരപ്പിലെ നൂററുവർ കന്നർ ആണെന്ന "ചിലപ്പതികാര"ത്തിൽ പറഞ്ഞിരിക്കുന്നു. കൊംഗിലെ 21 നാടുകളിലൊന്നായ ഉഡ്ുവങ്കാനാടിൽ നില്ക്കുന്ന ഇന്നത്തെ സത്യമംഗലം നഗരം പണ്ടു ഭരിച്ചിരുന്ന ശതകർണ്ണിവംശ (രട്ടവംശ) സാമന്തൻ ആയിരുന്നു ഇദ്ദേഹം. ശതം നൂറാകയാൽ, ശതകർണ്ണി എന്നതു തമിഴിൽ നൂററുവർ കന്നർ എന്നാകും. ഏ. ഡി. നാലാംശതകത്തിൽ കദംബസ്വരൂപക്കാർ ഉത്തരകാനറയിലെ ബനവാസി നഗരം കൈവശപ്പെടുത്തിയതിനുമുമ്പ് ഇവിടെ നാടുവാണിരുന്നതായി ശാസനങ്ങൾ സ്ഥാപിക്കുന്ന വിൺഹുകഡ്ഢുചുടുകുലാനന്ദസാതകർണ്ണിസ്വരൂപത്തിൻെറ ഒരു ശാഖയാണു സത്യമംഗലം ശാതകർണ്ണികൾ.

സ്കന്ദപുരം (സത്യമംഗലം) രാജധാനിയാക്കി കൊംഗുമണ്ഡലം ഭരിച്ചിരുന്ന രട്ടസ്വരൂപക്കാരിൽനിന്നു മൈസൂരിലെ പശ്ചിമഗംഗസ്വരൂപം ശകകാലം III-ൽ കൊംഗു കൈവശപ്പെടുത്തി എന്നു പ്രാചീനകൊംഗുമണ്ഡലചരിത്രമായ "കൊംഗുദേശരാജാക്കളി"ൽ വിവരിച്ചിട്ടുണ്ട്. ഈ ശക III വാസ്തവത്തിൽ (351-/-III) ഏ. ഡി. 462 ആണെന്നു ഞാൻ നിർണ്ണയിച്ചിട്ടുമുണ്ട്. സത്യമംഗലത്തെ ധവളഗിരിക്കുന്നിലാണ് ഇതിന്ന് സ്കന്ദപുരമെന്ന പേരുകൊടുത്ത പുരാതന സ്കന്ദക്ഷേത്രം നിന്നിരുന്നതു്. ധവളഗിരിക്കുന്നിനു ദുർവാസക്ഷേത്രം എന്നും പേരുണ്ടായിരുന്നു. പ്രളയകാരയനായ

ദേവസേനാനിസ്കന്ദന്റെ ഒരു അപരനാമമത്രേ ദർവാസാവെന്നതു്.

വിഷ്ണുവിന്റെ വാഹനമായ ഗരുഡൻ കൊടിയടയാളമായുള്ളവരും, മരുമക്കത്തായ കുലക്കാരുമായ നന്ദവംശത്തിലെ ശതകണ്ണി എന്നാണു് വിൻഹ്വകഡുച്ചുടുകുലാനന്ദസാതകണ്ണി എന്ന പ്രാകൃതഭാഷാനാമത്തിന്റെ അത്ഥം. വിഷ്ണുവിനെ കണ്ഠത്തിൽ വഹിക്കുന്നവൻ ഗരുഡനാണല്ലൊ. ചുട്ടിയാനാഗ്പൂരിനു മദ്ധ്യഇന്ത്യയിലെ ഗോണ്ഡിഭാഷയിൽ നാഗരുടെ മാതാവിന്റെ പുരമെന്നു അത്ഥമുള്ളതായി "Ruling races of pre-historical times" എന്ന കൃതിയിൽ ഹ്യൂവിററ് ചൂണ്ടിക്കാട്ടിയിരുന്നു. തൻനിമിത്തം ചുട്ടുകുലം മാതൃവഴി ദായക്രമം സ്വീകരിച്ചിട്ടുള്ള കുലമായിരിക്കുന്നതാണു്. ഗരുഡക്കൊടിയുള്ളവർ ദക്ഷിണഭാരതത്തിലെ രട്ടവംശക്കാരാകുന്നു. പൗരാണികകാലത്തെ സാത്യകിയാണു് ഇവരുടെ മൂലകുലസ്ഥാപകൻ. സാത്യകിയുടെ നാമത്തോടു് സത്യമംഗലത്തിന്റെ പേരിനു ബന്ധവുമുണ്ടു്. സത്യമംഗലത്തിനു ജയന്തക എന്നും പേരുണ്ടായിരുന്നു. അളിയസന്താനദായക്രമം സ്ഥാപിച്ച ഭൂതലപാണ്ഡ്യനെപ്പററിയുള്ള തുളുനാട്ടൈതിഹ്യങ്ങളിൽ ഇദ്ദേഹത്തിന്റെ പിതാവു ജയന്തകയിലെ രാജാവാണെന്നു പറഞ്ഞിരിക്കുന്നു. ഇതു സത്യമംഗലമാകുന്നു. ഈ ഭൂതലപാണ്ഡ്യൻ കേയപ്പെരുമാളിന്റെ മരുമകനും പിൻഗാമിയുമായ ചോളപ്പെരുമാ൦ സിന്ധുവാരുണൻ II, വലിധരൻ, കളങ്കായ് കണ്ണിനാർമുടി ചേരൻ ആകുന്നതാനും.

സത്യമംഗലം നില്ക്കുന്ന വങ്കപ്പുരപ്പിലേക്കു് ചെങ്കുട്ടുവൻ പോയതു പാടിദേശത്തു നിന്നാണെന്നു "ചിലപ്പതികാര"

ത്തിൽ വിവരിച്ചിരിക്കുന്നു. വെള്ളലൂർ തെന്തൂർപാടി എന്ന ശാസനങ്ങൾ പേരിട്ടിട്ടുള്ള ഇന്നത്തെ പേരൂർഗ്രാമം നില്ക്കുന്ന ദേശമത്രെ ഈ പാടി. വീരകേരള നല്ലൂരെന്നു പേരുണ്ടായിരുന്ന കോയമ്പത്തൂർ നഗരത്തിൽനിന്നു മൂന്നു മൈൽ ദൂരത്തു നില്ക്കുന്ന ഗ്രാമമാണ് പേരൂർ.

## ലങ്കയിലെ ഗജബാഹുവും, മാളുവരാജാവും

കൊടുങ്ങല്ലൂരിൽ, ചെങ്കുട്ടവൻ കണ്ണകിയുടെ മസ്തിക്കൽ സ്ഥാപിച്ച ആഘോഷത്തിൽ,

"കുടകക്കൊങ്കരുമാളുവവേന്തരു
കടൽ ചൂഴിലങ്കൈക്കയവാകു വേന്തനും"

പങ്കുകൊണ്ടിരുന്നു എന്നു "ചിലപ്പതികാരത്തിൽ" വർണ്ണിച്ചിട്ടുണ്ട്. ഈ കുടകക്കൊങ്കർ ഇന്നത്തെ "ശാസ്ത്രീയ" ചരിത്രഗവേഷകർ മൂകരാക്കിയിട്ടുള്ള തുളുനാട്ടിലേയും കൊഡഗിലേയും ക്ഷത്രിയരായ മൂകയസാത്രൂപക്കാരിൽ അഥവാ, മത്സ്യരാജവംശക്കാരിൽപെട്ട ഒരു ദേശവാഴിയാകുന്നു. രാമഘടമൂകർ, അഥവാ, രാമഘട്ടമൂവർ, എന്ന ബിരുദമുള്ള കോലത്തിരിവംശക്കാരുടെ പ്രാചീനപൂർവ്വികരായിരുന്നു ഈ വംശക്കാർ.

മാളുവവേന്തൻ(മാളുവരാജാവ്)സത്യമംഗലം സാമന്തനാകുന്നു. പൌരാണികകാലത്തു പശ്ചിമോത്തരഭാരതത്തിൽ ദശാർണ്ണം (വിദിശ), ദശേരകം (മരു), ഉത്തരഅവന്തി (ഉജ്ജെജനി), ദക്ഷിണഅവന്തി, (മാഹിഷ്മതി), അകരാവന്തി,

ശേക(ഉത്തരമാലവം), അപരശേക എന്ന സപ്തമാലവ ങ്ങൾ ഉണ്ടായിരുന്നതുപോലെ, ദക്ഷിണഭാരതത്തിലും തമിഴ് നാട്ടിലും പണ്ട് സപ്തമാലവങ്ങൾ ഉണ്ടായിരുന്നു. പില്ക്കാലപശ്ചിമചാലുക്യചക്രവർത്തി ആഹവമല്ലൻ സപ്തമാളവവും, സപ്തകൊങ്കണവും, സപ്തമലദേശങ്ങളും കൈവശപ്പെടുത്തിയെന്ന് ബെൾംഗാമേയിലെ ഒരു കർണ്ണാടക ശാസനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നതു നോക്കുക:

"ക്ഷണദിം മാളവം ഏളും എയ്‌ദെവിളയക്ക് എയിദിയ്യു സന്ദിർദകോം കണവേളും മലെയ് ഏളും അഞ്ജി ബെസെകെയ്‌ദത്ത് ഓവദാന്താഹവം......"

തമിഴനാട്ടിലെ സപ്തമാളവങ്ങളിൽ ഒന്നായിരുന്നു സത്യമംഗലം; ശതകർണ്ണിയുടെ രാജ്യം.

ചിലപ്പതികാരത്തിലെ ലങ്കാനൃപൻ ഗജബാഹു ചെങ്കുട്ടവൻെറ സമകാലിനനായി സിലോണിൽ നാടുവാണിരുന്ന മാനവമ്മൻ (729–765 ഏ. ഡി) ആകുന്നു. 703 ഏ. ഡി. യിൽ പിതാവ് കാശ്യപൻ [I] മരിച്ചതോടുകൂടി സിലോണിലെ കിരീടത്തിനു മത്സരിക്കുന്നവരിൽനിന്നു രക്ഷപ്പെടാൻ ബാലനായ മാനവമ്മൻ തമിഴനാട്ടിലേക്കു പോയി എന്നും, ദീർഘകാലത്തിനു ശേഷം നരസിംഹനെന്ന തമിഴ് നൃപൻെറ സൈനികസഹായസഹിതം ലങ്കാസിംഹാസനം കൈവശപ്പെടുത്തിയെന്നും സിംഹളചരിത്രങ്ങളിൽ വിവരിച്ചിട്ടുണ്ട്."മണിമേകല" ഈ മാനവമ്മനു നാഗനാട്ടിലെ വളൈവാണൻ എന്നു പേരിടുകയും, ഇദ്ദേഹത്തിൻെറ മകൾ പിലിവളൈ ചോളരാജധാനികളിലൊന്നായ കാവേരിപൂമ്പട്ടണത്തിൽ (പുകാരിൽ) ഉള്ള ഒരു ചോലയിൽ നെടുമുടക്കിള്ളി എന്ന ചോ

ഴരാജാവിനോടുകൂടി ഒരു മാസം പാർത്തു ഗർഭവതിയായതിനു ശേഷം നാട്ടിലേയ്ക്കു തിരിച്ചുപോയി എന്നു വിവരിക്കുകയും ചെയ്തിരിക്കുന്നു. ഇവരുടെ വേഴ്ചയിൽനിന്നു ലഭിച്ച കുമാരൻെറ അകാലമരണം നിമിത്തമുണ്ടായ ഖേദത്താൽ കാവേരി പൂമ്പട്ടണത്തിൽ ആണ്ടുതോറും നടത്തിവരുന്ന ഇന്ദ്രോത്സവം നെടുമുടിക്കിള്ളി മുടക്കിയെന്നും, ഇതുകാരണമാണ് ആ നഗരത്തെ കടൽ കൊണ്ടുപോയതെന്നും ഒരു ഐതിഹ്യവുമുണ്ട്.

വളൈ എന്ന പദം ഇൻഡോനേഷ്യൻ ദ്വീപുകാർ അഗസ്ത്യനു നല്കിയിരുന്ന ഒരു അപരനാമമാണെന്ന് ഇന്നത്തെ ചരിത്ര ഗവേഷകർ കണ്ടുപിടിച്ചിട്ടുണ്ട്. അഗസ്ത്യനു മാനൻ എന്ന പര്യായമുണ്ട്. വാണനെന്ന തമിഴ്പദത്തിനു ഐശ്വര്യമുള്ളവൻ എന്നാണ് അർത്ഥം. സിലോണിലെ ചരിത്ര ഐതിഹ്യപ്രകാരം അതിൻെറ പശ്ചിമതീരത്തു നാഗനാടു സ്ഥിതിചെയ്തിരുന്നു. ഈ സംഗതികളിൽനിന്നു മാനവമ്മനാണു വളൈ വാണൻ എന്ന് അനുമാനിക്കാം. ഗജബാഹു എന്നതു് ഇദ്ദേഹത്തിൻെറ ഒരു ബിരുദമായിരിക്കും. ഗജബാഹു എന്ന ബിരുദം വഹിച്ചിരുന്ന മററു രണ്ടു രാജാക്കന്മാരേയും സിംഹളചരിത്രത്തിൽ കാണാം. ഇവരിലൊരാൾ **173–196** ഏ. ഡി. എന്ന കാലത്തിലും മറെറാരാൾ **1142–1153** ഏ. ഡി. എന്നതിലും സിലോണിൽ നാടു വാണിരുന്നു.

തമിഴ്നാട്ടിലെ പ്രാചീന തമിഴ ചരിത്രഗവേഷകരുടെ മുന്നണിയിൽ നില്ക്കുന്ന വൈയ്യാപുരിപ്പിള്ള "ചിലപ്പതികാര"ത്തിൻെറ കാലം ഏ. ഡി. എട്ടാംശതമാണെന്നു ശരിയായി അഭിപ്രായപ്പെട്ടിരുന്നു. പക്ഷേ "ചിലപ്പതികാരം" ഒരു

ചരിത്രമഹാകാവ്യമല്ല: പിന്നെയോ, വെറും ഭാവനാപരമായ ഒരു കാവ്യമാണെന്നും, ഇതു രചിച്ച ദേഹം ചേരനല്ലെന്നും അഭിപ്രായപ്പെട്ടിരിക്കുന്നതു ശരിയല്ല. ഭാരതത്തിലെ മതൈതിഹ്യങ്ങളും സ്ഥലപുരാണഐതിഹ്യങ്ങളും മററും പഠിക്കാത്തതുകൊണ്ടും, ചരിത്രപരമായ ഭൂമിശാസ്ത്രത്തെ വിഗണിച്ചതു നിമിത്തവും, ഇദ്ദേഹത്തിനു ഈ തെററു പററിപ്പോയി. മതൈതിഹ്യങ്ങൾ മുതലായവയിലെ ചപ്പും ചവറുകളുടേയും അടിയിൽ ഒളിച്ചുകിടക്കുന്ന ചരിത്രസത്യങ്ങളെ കണ്ടുപിടിക്കുവാൻ അവയുടെ ഇടകളിൽ ഇറങ്ങി അറപ്പു കൂടാതെ തോട്ടിവേല ചെയ്യുന്നതിന്ന് ഇന്നത്തെ "ശാസ്ത്രീയ" ചരിത്രഗവേഷകർ തങ്ങളുടെ പ്രബുദ്ധ മനസ്ഥിതി പരിത്യജിക്കാതെയിരിക്കുന്നോടത്തോളം കാലം പ്രാചീന ചരിത്രഗവേഷണത്തിൽ സാരമായ പുരോഗമനം ഉണ്ടാകുന്നതല്ല.

# പതിററിപ്പത്തും ചിലപ്പതികാരവും

ഓരോ പത്തിലും പത്തു പ്രശസ്തികളുള്ള പത്തു പത്തുകഠം അടങ്ങിയ പത്തു ചേരരാജ പ്രശസ്തി സമാഹാരമത്രേ പ്രാചീനകേരളചരിത്രരചനയ്ക്കു് അത്യന്തം ഉപകരിക്കുന്ന "പതിററിപ്പത്തു്". ഈ തമിഴ്സംഘകൃതിയുടെ ആദിപ്പത്തും, അന്ത്യപ്പത്തും ഇന്നു നഷ്ടമായിപ്പോയിരിയ്ക്കുന്നു. 496_696 എ. ഡി. എന്ന കാലത്തു നാടുവാണിരുന്ന ഈ പത്തു ചേരരിൽ ആദിചേരനേയും അന്ത്യചേരനേയും വിട്ടുകളഞ്ഞിട്ടു ശേഷിച്ച എട്ടുപേരുടെ ഓരോ പരാക്രമം വീതം ഇളങ്കോവടികളുടെ "ചിലപ്പതികാര"മഹാകാവ്യത്തിൻെറ 28_ാം ഗാഥയിൽ വിവരിച്ചിട്ടുണ്ടെന്നും "പതിററിപ്പത്തി"നെ സമാഹരിച്ചു പ്രസിദ്ധീകരിച്ച ദേഹം "ചിലപ്പതികാര"കത്താവ് ഇളങ്കോവടികളാണെന്നും ഞാൻ മുകളിൽ ചൂണ്ടിക്കാട്ടിയിരുന്നു.

തമിഴ്നാട്ടിൽ പെട്ട പണ്ടത്തെ കേരളത്തിൽ ജനിച്ചതു് അഭിമാനപൂർവ്വം സ്മരിച്ചിരുന്ന സാഹിത്യവാസനയുള്ള ഇളങ്കോവടികഠം പ്രാചീനചേരരെ തരം കിട്ടുമ്പോഴെല്ലാം പ്രശംസിക്കുമെന്നു ന്യായമായി അനുമാനിക്കാം. ഈ എട്ടു പത്തുകളുടെ പതികങ്ങളുടെ (അനുബന്ധങ്ങളുടെ) ചില വാക്കുകളും പദങ്ങഠംപോലും പ്രസ്തുത "ചിലപ്പതികാര"ഭാഗത്തിൽ ആവത്തിച്ചിരിക്കുന്നു. കൂടാതെ "ചിലപ്പതികാര"ത്തി

ലെ ചേരൻ ചെങ്കുട്ടവൻ II-ൻേറയും, "പതിററിപ്പത്തി"ലെ 5-ാംപത്തിലെ ചേരൻ കടൽപിറകോട്ടിയ ചെങ്കുട്ടവൻ I-ൻേറയും പരാക്രമങ്ങാംക്ക തമ്മിൽ പല സാദൃശ്യങ്ങളും കാണുകയും ചെയ്യാം. ഇവയത്രേ എൻെറ പ്രസ്തുത അഭിപ്രായത്തിന്നു കാരണങ്ങാം.

"ചിലപ്പതികാര"ത്തിൻെറ 28_ാം ഗാഥയായ നടുകൽഗാഥയിലേ പ്രസ്തുത ഭാഗം ചുവടെ ചേർക്കുന്നു:—

"കടൽകടമ്പെറിന്ത കാവലനായിനും,
വിടർചിലൈപൊറിത്ത വിറലോനായിനും,
നാൻമറൈയാളൻ ചെയ്യ്ട്കൊണ്ടു
മേനിലൈയുലകം വിട്ടത്തോനായിനും,
പോററിമന്നുയിർ മുറൈയിൽ കൊാംകന
കൂററുവരൈനിറുത്ത കൊററവനായിനും,
വൻചൊൽയവനർവളനാടാണ്ടു
പൊൻപടുനെടുവരൈ പുകുന്തോനായിനും,
മികപ്പെരുന്താനൈയോടിരും ചെരുപോട്ടി
യകപ്പാവെറിന്തവരുന്തിറ ലോനായിനും,
ഉരുകെഴുമരപിനയിരൈമണ്ണി
യിരുകടനീരു മാടിനോനായിനും,
ചതുക്കപ്പൂതരൈ വഞ്ചിയുട്ടന്തു
മതുക്കൊാംവേവി വേട്ടോനായിനും"

## ചന്ദ്രവർമ്മൻ I, ഇമയവരമ്പൻ

നീതിമാൻ (The just)എന്ന ബിരുദമുള്ളവനും ഭരണപാടവം, യുദ്ധസാമത്ഥ്യം, കലാപ്രോത്സാഹനം എന്നിവ

നിമിത്തം ലോകത്തിലെ ചക്രവത്തിമാരുടെ മുന്നണിയിൽ ഒരു സ്ഥാനം നേടിയവനുമായ പേർസ്യയിലേ ശസാൻ സപത്രപക്കാരൻ കുസ്രു നുശീർവാന്ന് (537_579 എ. ഡി.) ആദിയിയിൽ കിരീടവകാശികളായ സഹോദരന്മാരോടു ആഭ്യന്തരയുദ്ധം നടത്തേണ്ടിവന്നു. ഇവരെ തോല്പിച്ചു വധിച്ചതിന്നുശേഷം, കിഴക്കൻറോമാസാമ്രാജ്യ ചക്രവത്തി ജസ്റ്റിനിയൻ I-ൽ (527_565 എ. ഡി) നിന്നു കുസ്രു, ആൻടിയോക്ക് നഗരം കൈവശപ്പെടുത്തി വിശ്രുതനായി ഭവിച്ചു. സിലോണിൽ പാർത്തിരുന്ന പേർസ്യൻ വണിക്കുകളുടെ സഹായാത്ഥം 537_540 എന്ന കാലത്തിനകത്തു് ഇദ്ദേഹം ഒന്നോ രണ്ടോ കപ്പലുകളെ സിലോണിലേക്കു നിയോഗിക്കുകയുണ്ടായി. ഈ കച്ചവടക്കാർ നാടുവാഴുന്ന സിംഗാളിനൃപനും, പിതൃഹന്താവുമായ കാശ്യപൻ I നെ (526-552 എ. ഡി) സഹായിച്ചിരുന്നു. അതിനാൽ, കാശ്യപൻെറ സോദരനും, ജ്യേഷ്ഠനെ ഭയന്നു തമിഴ്നാട്ടിൽ അഭയംപ്രാപിച്ചിരുന്നവനും ആയ മുഗളൻെറ പക്ഷക്കാരനും, ബൌദ്ധനുമായ 36_ാംപെരുമാൾ ജീവനേശൻ അഥവാ ചന്ദ്രവമ്മൻ II തൻെറ അരയപ്പടയെ നിയോഗിച്ചു ഈ പേർസ്യൻകപ്പലുകളെ കടൽയുദ്ധത്തിൽ തോല്പിച്ചു. ഇതുനിമിത്തം ഈ പെരുമാൾക്കു് ഇമയവരമ്പൻ (ഹിമാലയപൎയ്യന്തം കീത്തി പരത്തിയവൻ) എന്ന ബിരുദം കിട്ടുകയും ചെയ്തു. ഇദ്ദേഹത്തിൻെറ കടൽയുദ്ധത്തെയത്രേ പ്രസ്തുത "ചിലപ്പതികാര" ഭാഗത്തിലെ ഒന്നാംവരിയിൽ പറഞ്ഞിട്ടുള്ളതു്.

ഇമയവരമ്പനെന്ന ബിരുദം ചന്ദ്രവമ്മൻ II നെപ്പോലെ ഇളങ്കോവടികളുടെ ജ്യേഷ്ഠനും, 47_ാംപെരുമാളും പ്രഭ

ഞ്ജനേശ്വരചേരനും (കുന്ദൻപെരുമാളും) ആയ ചെങ്കുട്ടവൻ IIഉം വഹിച്ചിരുന്നു. "ചിലപ്പതികാര"ത്തിൻെറ 30_ാം ഗാഥയിൽ, തേവന്തി തുള്ളിപ്പറയുന്നതു വിവരിക്കുമ്പോൾ,

"എൻതിറമുരൈത്ത വിമയോരിളംകൊടി
തൻറിറമുരൈത്ത തകൈ ചാനൻമൊഴി"

എന്ന വരികളിൽ താൻ ഇമയവരമ്പൻെറ ഇളങ്കൊടി (അനുജൻ) ആണെന്ന് ഇളംകോവടികൾ സ്വയം വർണ്ണിച്ചിട്ടുള്ളതു നോക്കുക. പ്രഭഞ്ജനേശ്വരൻെറ ഹിമാലയം മൈസൂരിലെ ഗംഗാനദിയായ കാവേരിയുടെ വടക്കുള്ള കൊള്ളേഗൽ താലൂക്കിലേ സിദ്ധേശ്വരൻമലയാകുന്നതാനും.

## പാലകൻ I, കേയപ്പെരുമാൾ.

ഗുഹകളുള്ള മലയിൽ (വിടർചിലൈയിൽ) തൻെറ സ്വത്രുപലാഞ്ഛനമായ വില്ല് ഉല്ലേഖനം ചെയ്ത ധരൻ എന്നത്രേ രണ്ടാംവരിയുടെ അർത്ഥം. 37-ാംപെരുമാളും, ചന്ദ്രവർമ്മൻെറ അനുജനുമായ കേയപ്പെരുമാൾ, അഥവാ പൽയാനൈച്ചൽ കെഴുകുട്ടവൻ (പലഗജസൈന്യസമൂഹങ്ങളുമുള്ള ചേരൻ) കിഴക്കൻ മൈസൂരിലുള്ള ഗംഗവാടിയിലെ യെളന്ദൂരിനു സമീപം നില്ക്കുന്ന ബിലിഗിരിരംഗൻകുന്ന് ആക്രമിച്ചു കീഴടക്കിയതാണ് രണ്ടാംവരിയിൽ പ്രസ്താവിച്ചിട്ടുള്ളത്. 35-ാംപെരുമാൾ പെരുന്തോൾ ഉതിയൻ ചേരലാതനു (ഈശാനവർമ്മൻ IIനു) ഒരു ചോളരാജകുമാരിയിൽ ചന്ദ്രവർമ്മൻ IIഉം, ഒരു ചേദിരാജകുമാരിയിൽ പാലകൻ I ഉം (540_562 എ. ഡി.) ജനിക്കുകയുണ്ടായി. മൈസൂരി

ലെ ചിക്ക് മുഗളൂർ താലൂക്കിലുള്ള വസ്തരദേശത്തെ തളിനാട്ടിലെ ദേവണിഗേയ (കേയ) ദേശത്തു് ഈ ചേദിരാജ്യം സ്ഥിതിചെയ്തിരുന്നു. തളിസല്ലവം എന്നും പേരുള്ള ഇതിലെ ചേറത്തിയാർ (ചേരമാൻ പെരുമാളിൻെറ ഭാര്യ) സുന്ദരിയെ ഇവിടത്തെ എ. ഡി. എട്ടാംശതകത്തിലെ ഒരു ദാനശിലാലേഖനത്തിൽ പ്രസ്താവിച്ചിട്ടുമുണ്ട്. കേരളീയരുടെ പാശ്ചാത്യദേശങ്ങളുമായുള്ള വിദേശവാണിജ്യം പോഷിപ്പിക്കുന്നതിന്നു് ഈ പെരുമാൾ വളരെയധികം പ്രയത്നിച്ചിരുന്നു.

## സിന്ധുവാരുണൻ II, ചോളപ്പെരുമാൾ.

ജയിനമതം സ്വീകരിച്ച 38_ാംപെരുമാൾ സിന്ധുവാരുണൻ IIനെ (കളങ്കായ്ക്കണ്ണിനാർ മുടിച്ചേരനെ) ആണ് മൂന്നും നാലും വരികളിൽ വർണ്ണിച്ചിട്ടുള്ളതു്. മറയെന്നതിനു വേദമെന്നത്രേ അർത്ഥം. വടക്കൻ മലബാറിലെ ചില ക്ഷേത്രങ്ങളെ മറപ്പുര (വേദപ്പുര) എന്നു പറയാറുണ്ടു്. നാൻമറൈയാളൻ എന്നതിനു നാലാംവേദത്തിൽപെട്ട ജയിനമതക്കാരൻ ഗുരു എന്നാണർത്ഥം. ചെയ്യുട് (ചെയ്യുൾ) എന്നതു വാക്ക്, ഉപദേശം ആകുന്നു. "സന്യാസ", "തുരിയാതീത", "അവധൂത" എന്നീ നാമങ്ങളുള്ള ഉപനിഷത്തുകളിൽനിന്നും, ഹീനയാന ബുദ്ധമതവ്യാഖ്യാതാവു ബുദ്ധഘോഷൻെറ ഭാഷ്യങ്ങളിൽനിന്നും, ഹിന്ദുസന്യാസിമാർ ബ്രഹ്മലോകവും, ബുദ്ധമതസന്യാസികൾ ഇതിനുമുകളിലുള്ള ശുഭകൃത്സ്നലോകവും, ജയിനസന്യാസികളും ആജീവകമതസന്യാസികളും ശുഭകൃത്സ്നലോകത്തിന്നു മുകളിലുള്ള അനന്തമാനസലോകവും ലാക്കാക്കിയിരുന്നു എന്നു മനസ്സിലാക്കാം. ഈ

ലോകങ്ങളെ പ്രതിപാദിച്ചു ബി. എം. ബരുവ, "ഇന്ത്യൻ ഹിസ്റ്റോറിക്ക് ക്വാർട്ടേർലി"യുടെ മൂന്നാംവാല്യത്തിൽ (P. 65) എഴുതിയിരുന്ന ലേഖനം ഇതിനു നോക്കുക.

ഗുണ്ടർട്ടിൻെറ "കേരളോല്പത്തി"പ്പതിപ്പിൽ, കക്കാട്ടു ഭട്ടേരി ഭൂതരായ് പാണ്ഡ്യനെ ചതിച്ചു വധിച്ചതു വിവരിച്ചതിനുശേഷം, ഈ ബിരുദത്തിൻെറ ഉത്ഭവം "കേരളമാഹാത്മ്യ"ത്തെ ആസ്പദിച്ച് ഇങ്ങനെ വിവരിച്ചിരുന്നു:—ഈ പാണ്ഡ്യൻ ഭൂതസൈന്യസഹിതം മലയാളത്തെ ആക്രമിക്കുകയും, ഭൂതനാഥനെന്ന അമ്പലവും അങ്ങാടിയും പണിയിക്കുകയും ചെയ്തു. അപ്പോൾ പരശുരാമൻ താൻ പണ്ടു തെക്കൻ രാജാവ് ആദിത്യവർമ്മനു കൊടുത്തിരുന്ന ഭൂമി ആക്രമിച്ചിട്ടു ഫലമില്ലെന്നു പറഞ്ഞു പാണ്ഡ്യനെ യുദ്ധത്തിൽ തോല്പിക്കുകയും, ഭൂതപ്പാണ്ടി എന്ന സ്ഥലത്തെ നാടിൻെറ അതിർത്തിയായി നിർണ്ണയിക്കുകയും ചെയ്തു.

ഭൂതരായ പാണ്ഡ്യൻ ക്ഷേത്രം പണിയിച്ച സ്ഥലത്തിനു ജന്തുപുരിയെന്നാണ് "കേരളമാഹാത്മ്യ"ത്തിൽ അപരനാമം നൽകിയിരിക്കുന്നത്. ഇതു തിരുനെൽവേലിയിലെ സുപ്രസിദ്ധമായ സുബ്രഹ്മണ്യക്ഷേത്രമുള്ള തൃച്ചന്തൂരാണെന്നു ഒരു ടിപ്പണിയിൽ പ്രസ്താവിച്ചിട്ടുമുണ്ടു്. ഭൂതമെന്ന പദത്തിനു ജന്തുവെന്ന് അർത്ഥമുള്ളതുകൊണ്ടു് ഭൂതപ്പാണ്ടിക്ക് ജന്തുപുരിയെന്ന അപരനാമം കിട്ടും. "കേരളോല്പത്തി" കർത്താവ് ബുദ്ധമതക്കാരനും, 36-ാം പെരുമാളുമായ ഭൂതരായനേയും (ഉദ്ദേശം 515–540 എ. ഡി.), മധുരയിലെ പാണ്ഡ്യമഹാരാജാവായ മാറവർമ്മൻ അരികേസരിയേയും (690–718 എ. ഡി.) തമ്മിൽ വേർതിരിക്കാതെ, ഈ മധുരരാജാവിൻെറ

ഭൂതപാണ്ഡ്യനെന്ന ബിരുദത്തെ ആസ്വദിച്ച് ഇവർ ഇരുവരേയും ഒരേ ഒരു നൃപൻ ആക്കിയിരിക്കുന്നു. ദക്ഷിണതിരുവിതാംകൂറിലേ പണ്ടത്തെ ആയ് സാമന്തൻ പണ്ട് തിരുനെൽവേലിയുംകൂടി ഭരിച്ചിരുന്നു എന്ന് ഈ കഥ സൂചിപ്പിക്കുന്നുണ്ട്.

"ഇറൈയനാർ അകപ്പൊരുൾ" എന്ന തമിഴ് സംഘലക്ഷണകൃതിയുടെ ഭാഷ്യത്തിൽ ഉദ്ധരിച്ചിട്ടുള്ള "പാണ്ടിക്കോവൈ" എന്ന പഴയ പാട്ടിൽ, പ്രസ്തുത മാറവർമ്മൻ അരികേസരി പാണ്ഡ്യനു നെൽവേലി യുദ്ധം ജയിച്ച നെടുമാറപാണ്ഡ്യനെന്നു പേരിടുകയും, ഇദ്ദേഹം പൊതിയിൽ മലയുടെ (അഗസ്ത്യകൂടത്തിൻെറ) താഴ്‌വരയിൽ ഭൂതനാഥക്ഷേത്രം പണിയിച്ചു എന്നു വിവരിക്കുകയും ഇപ്രകാരം ചെയ്തിരിക്കുന്നു:—

"ഓതം കടൈന്തമൃതാക്കിയ മരർക്കുണക്കൊടുത്തു
പ്പൂതം പണികൊണ്ട പൂഴി
യൻമാറൻപൊതിയിലിൻവായ്
ഏതം പഴിയിനെടൈയ്തു നലാ നിരവുമ്പകല്യ
മാതങ്കടൈന്തമെനോക്കി തിര
രൈത്തയ വാരൻ മിനേ"

പാലാഴി മഥനവും, ദേവന്മാർക്ക് വേണ്ടി അമൃത് എടുത്തതും പ്രസ്താവിച്ചിട്ടുള്ള ഇതു് സുബ്രഹ്മണ്യനെന്നും, ചന്ദ്രനെന്നും പര്യായങ്ങളുള്ള മഹാവിഷ്ണുവിൻെറ തൃച്ചന്തൂർ ക്ഷേത്രത്തെയാണ് സൂചിപ്പിക്കുന്നത്. തൃച്ചന്തൂരിന് ഏ. ഡി. രണ്ടാംശതകത്തിലെ ഗ്രീക്ക് ഭൂമിശാസ്ത്രജ്ഞൻ ടോളമി മുത്തുച്ചിപ്പി മുങ്ങിയെടുക്കുന്ന കരയരുടെ നാട്ടിലെ ശൊശിക്കുര

(ശശിപുരം, ചന്ദ്രപുരം) എന്ന നാമംകൊടുത്തിട്ടുള്ളതും ഇവിടെ ശ്രദ്ധേയമത്രെ. പഴനിയിലെ സുബ്രഹ്മണ്യനും ഈ ദേവൻ തന്നെയാകുന്നു.

ആദിയിൽ ഒരു ജയിനമതക്കാരൻ (ബൌദ്ധമതക്കാരൻ, പൂതൻ, നാലാം വേദക്കാരൻ) ആയിരുന്ന മാറവർമ്മൻ അരികേസരി പാണ്ഡ്യനെ തിരുജ്ഞാന സംബന്ധമൂർത്തിനായനാർ എന്ന ശൈവയോഗി ഒരു ശൈവനാക്കിച്ചമച്ചു. ആദിയിൽ ജയിനൻ (ബൌദ്ധൻ) ആയിരുന്നതു നിമിത്തം ഭ്രതപാണ്ഡ്യൻ എന്ന ബിരുദവും ഇദ്ദേഹത്തിന്നു ലഭിച്ചു.

വേൾവിക്കുടി ചെപ്പേടെന്നു പേരുള്ള ഏ. ഡി. 8-ാം ശതകത്തിൻെറ ഉത്തരാൎദ്ധത്തിലെ പാണ്ഡ്യശാസനത്തിൽ ഈ മാറവൎമ്മ അരികേസരി പാണ്ഡ്യൻ, "പാ്രകിലം തനിച്ചെങ്കോർ കേരളനൈ" (തമിഴ് നാടെല്ലാം കീഴടക്കി ഒററച്ചെങ്കോലിൻ കീഴിൽ വരുത്തിയ ചേരമാൻ പെരുമാക്കന്മാരെ) പല തവണ യുദ്ധത്തിൽ പരാജയപ്പെടുത്തി എന്നു് വിവരിച്ചിട്ടുണ്ട്. ചേരത്തിലെ ഒരു നാവികസൈന്യസങ്കേതമായിരുന്ന വിഴിഞ്ഞം തുറമുഖത്തുവെച്ചു ചേരനെ ഈ പാണ്ഡ്യൻ തോല്പിച്ചതായും "പാണ്ടിക്കോവൈ"യിൽ പറഞ്ഞിരിക്കുന്നു. മാറവർമ്മൻെറ ചേരസമകാലീനൻ 45-ാം പെരുമാളായ ഭീമീശപരൻ ചേരനും, അഥവാ പാലകൻ II-ം (696-717 ഏ. ഡി.) ആകുന്നു. ദുർബ്ബലനായ ഈ പെരുമാളിൻെറ കാലത്തു മാറവൎമ്മൻ അരികേസരിപാണ്ഡ്യൻ ചേരരുടെ തമിഴ്നാട്ടിലെ പ്രതാപം നശിപ്പിച്ചു പാണ്ഡ്യരുടെ പ്രാബല്യം സ്ഥാപിക്കുകയുണ്ടായി.

മലബാറിലെ പോലനാട്ടു സ്വരൂപസ്ഥാപകൻെറ പിതാവാണ് ഭീമീശ്വരൻ ചേരൻ. ഏ. ഡി. 11-ാം ശതകത്തിൽ സാമൂതിരി പോലനാട്ടു കൈവശപ്പെടുത്തിയപ്പോഠം, പോലനാട്ടു സ്വരൂപക്കാർ കടത്തനാട്ടുപോയി അവിടെ കടത്തനാട്ടു സ്വരൂപം സ്ഥാപിച്ചു. ഐതിഹ്യം കടത്തനാട്ടു സ്വരൂപത്തെ പാണ്ഡവൻഭീമൻെറ പുത്രൻ ഘടോത്ക്കചനോടു ഘടിപ്പിച്ചിട്ടുള്ളതിനു കാരണം, ഇതു ഭീമീശ്വരൻ ചേരൻെറ പുത്രൻ സ്ഥാപിച്ചതാകുന്നു.

ഗുണ്ടർട്ടിൻെറ "കേരളോല്പത്തി"പ്പതിപ്പിലെ ഒരു ടിപ്പണിയിൽ, ഒരു ഭൂതാളപാണ്ഡ്യനെക്കുറിച്ചുള്ള തുളുനാട്ടൈതിഹ്യംകൂടി വിവരിച്ചിരിക്കുന്നു. ഭൂതാളപാണ്ഡ്യൻ കടൽവഴി തുളുനാട്ട് ആക്രമിച്ചു ബാർക്കൂറിലേ രാജാവാകുകയും, പന്ത്രണ്ടു ജയിനകന്യകമാരെ കല്യാണംകഴിച്ചു, ഇവരുടെ സന്തതികഠംക്കു തുളുനാട്ടു വീതിച്ചുകൊടുക്കയും, അളിയസന്താനദായക്രമം (മരുമക്കത്തായം) അവിടെ ഏർപ്പെടുത്തുകയും ചെയ്തു എന്നാതത്രേ ഈ ഐതിഹ്യം. തർസ്റ്റൻെറ "ദക്ഷിണ ഇൻഡ്യയിലെ ജാതികളും വർഗ്ഗങ്ങളും" എന്ന കൃതിയിൽ ഈ ചേരനു ഭൂതലപാണ്ഡ്യനെന്ന പേരു നൽകുകയും, ഇദ്ദേഹത്തിൻെറ കാലം 77 ഏ. ഡി. ആണെന്നു വിവരിക്കുകയും ചെയ്തിരിക്കുന്നു.

തർസ്റ്റൻ വിവരിച്ചിട്ടുള്ള തുളു ഐതിഹ്യകഥ ചുരുക്കി ചുവടെ ചേക്കുന്നു: വിദേശ വാണിജ്യപോഷണത്തിൽ തല്പരനായിരുന്ന ദേവപാണ്ഡ്യൻ താൻ പുതുതായി പണിയിച്ച കച്ചവടക്കപ്പലുകളെ കടലിലിറക്കാൻ തയ്യാറായപ്പോഠം, കുണ്ഡോദരയക്ഷൻ തനിക്ക് ഒരു നരബലിതന്നാൽ മാത്രമേ

കപ്പൽയാത്ര വിജയത്തിൽ കലാശിക്കുകയുള്ളു എന്നു രാജാവിനെ ധരിപ്പിച്ചു. ദേവപാണ്ഡ്യന്റെ ഭാര്യ സ്വപുത്രനെ നരബലിക്കു വിട്ടുകൊടുക്കുവാൻ സമ്മതിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ സോദരിയായ സത്യവതിയാകട്ടെ, ജയപാണ്ഡ്യൻ എന്ന തന്റെ പുത്രനെ ഇതിനായി നൽകി. നരബലിക്കു വട്ടംകൂട്ടിയപ്പോൾ, അതു വേണ്ടെന്നുപറഞ്ഞു കുണ്ഡോദരൻ ജയപാണ്ഡ്യനെ എടുത്തുകൊണ്ട് ആ ബാലന്റെ പിതാവായ സാമന്തന്റെ രാജധാനിജയന്തികയിൽ എത്തിക്കുകയും, ഈ കുമാരനു ഭൂതലപാണ്ഡ്യനെന്ന ബിരുദം നൽകുകയും ചെയ്തു. ഈ സംഭവം ഹേതുവായി ദേവപാണ്ഡ്യൻ മരുമകനെ തന്റെ കിരീടത്തിന് അവകാശിയാക്കി. ഭൂതലപാണ്ഡ്യൻ തുളുനാട്ട് ആക്രമിച്ച് അവിടെ അളിയസന്താനദായക്രമം സ്ഥാപിക്കുകയും ചെയ്തു.

ഈ കഥയിലെ ദേവപാണ്ഡ്യൻ 37_ാം ചേരൻ കേയപ്പെരുമാളും, ഇതിലെ ജയന്തിക കോയമ്പത്തൂരിലെ സത്യമംഗലവും, കപ്പലിറക്കിയ തുറമുഖം കുബേരൻ (കുണ്ഡോദരൻ) അഥവാ ഏലേലചിങ്ങൻ, നഗരദേവതയായുള്ള പന്തലായിനിക്കൊല്ലവുമാകുന്നു. പണ്ടത്തെ ഓരോ ഭാരതീയ നഗരത്തിനും നഗരദേവതകളായി ഓരോ യക്ഷനേയും, യക്ഷിണിയേയും സങ്കല്പിച്ചിരുന്നു. ഈ യക്ഷന്റെ നാമം ഈ നഗരത്തിലെ ഭരണാധികാരി തന്റെ ഒരു ബിരുദമായി സ്വീകരിക്കുകയും ചെയ്തുവന്നിരുന്നു. ഉദാഹരണമായി, കാശ്മീരത്തെ പൂഞ്ചിൽ നിന്നിരുന്ന പൌരാണിക കാലത്തെ പ്രമഗധയുടെ, അഥവാ കീകടത്തിന്റെ രാജധാനി ഗിരിവ്രജത്തിന്റെ (പൂഞ്ചിന്റെ) നഗരദേവതകൾ മഹാപത്മനന്ദനും,

ശാകംബരിയുമായിരുന്നു. പ്രമഗധനൃപന്മാർ മഹാപത്മന ന്ദനെന്ന നാമം തങ്ങളുടെ കുലബിരുദം ആക്കുകയും ചെയ്തിരുന്നു.

ഭൂതലപാണ്ഡ്യന്റെ തുളുഐതിഹ്യം കൊടുത്തിട്ടുള്ള വാഴ്ച്ചാരംഭകാലമായ 77 ഏ. ഡി. വാസ്തവത്തിൽ 562 ഏ. ഡി. ആകുന്നു. സപ്തർഷ്യാബ്ദം തുടങ്ങുന്ന 3076 ബി. സി. യിൽ നിന്നു 260 ദിവസം വീതമുള്ള പണ്ടത്തെ സപ്തർഷിവർഷം അയ്യായിരം, അഥവാ 3560 സാധാരണ സൌരവർഷം, 484 ഏ. ഡിയിൽ അവസാനിക്കുന്നു. തൻനിമിത്തം ഒരു കലിവർഷമായി ഭവിച്ച 484-ഏ. ഡി യോടുവേണം തുളുഐതിഹ്യത്തിലേ 77 കൂട്ടേണ്ടതു്. അപ്പോൾ 561, അഥവാ 562 ഏ. ഡി. എന്ന കാലം കിട്ടുകയും ചെയ്യും.

കൃഷിത്തൊഴിൽ ഇദംപ്രഥമമായി തുടങ്ങിയ ചരിത്രാതീതകാലത്തെ ഈജിപ്തിൽ ആദിയിൽ നാടുവാണിരുന്ന രണ്ടു ദിവ്യവംശങ്ങൾ, കൃഷിചെയ്യുവാൻ മനുഷ്യരെ ആദ്യമായി പഠിപ്പിച്ച സ്ത്രീക്കു പ്രാമുഖ്യം നൽകുന്ന മരുമക്കത്തായം രാജവാഴ്ചയിൽ സ്വീകരിച്ചിരുന്നു. ഇന്നും ഭാരതത്തിൽ ഞാറു നടുന്നതും മററും, സ്ത്രീകൾ നടത്തിവരുന്നതു പഴയ പതിവിന്റെ അവശിഷ്ടം ആകുന്നു. ചരിത്രാതീതകാല ഈജിപ്തിൽ റാണിമാൎക്കു മാത്രമേ നാടുവാഴാൻ അവകാശമുണ്ടായിരുന്നുള്ളു. ഇവരുടെ ദിവ്യവംശാവലികളിൽ, ഓരോ ഫാരോവാനോടു് (രാജാവിനോടു്) ഒരുമിച്ചു് ഓരോ റാണിയേയും പ്രസ്താവിച്ചിട്ടുള്ളതു് ഇതിന്നു സാക്ഷ്യംവഹിക്കുന്നു. പ്രാചീനകാലത്തെ ഈജിപ്തിലും രാജവാഴ്ചയിൽ മരുമക്കത്തായം അ

ത്രേ യഥാൎത്ഥമായി സ്വീകരിച്ചിരുന്നതു്. ഓരോ ഫാരോവാൻെറ റാണിയും അദ്ദേഹത്തിൻെറ സ്ഹോദരിയായിരുന്നു.

പ്രാചീനഭാരതത്തിൽ, ഉത്തരഭാരതത്തിലെ ശുംഗസ്വരൂപവും, ദക്ഷിണാപഥത്തിലെ ശാതവാഹനസ്വരൂപവും, ചേരത്തിലെ കേരളപുത്രസ്വരൂപവും, രാജവാഴ്ചയിൽ മരുമക്കത്തായം സ്വീകരിച്ചിരുന്നു. ശുംഗരുടേയും, ശാതവാഹനരുടേയും ഇടയ്ക്കുള്ള മരുമക്കത്തായത്തിനു 1927ലെ ബംഗാൾ ഏഷ്യാററിക്ക് സൊസൈററിയുടെ ജേർണലിലും പ്രൊസീഡിങ്ങ്സിലും "Social Organaisation of the Satakarni's and Sungas" എന്ന തലക്കെട്ടിൽ കെ. പി. ചതോപാദ്ധ്യായൻ എഴുതിയിരുന്ന സ്മരണീയമായ ലേഖനം നോക്കുക.

വാസ്തവത്തിൽ, ഈ മരുമക്കത്തായികളുടെ ഇടയ്ക്കുള്ള റാണിവാഴ്ച നാമമാത്രമായ ഒന്നു മാത്രമേ ആയിരുന്നുള്ളു. ഇവർ തങ്ങളുടെ ഭൎത്താക്കന്മാരേയും സോദരരേയും പുത്രന്മാരേയും യഥാൎത്ഥമായി നാടുവാഴാൻ അനുവദിച്ചിരുന്നു. അസാധാരണമായ പരിതസ്ഥിതിയിൽ മാത്രമേ ഈ മരുമക്കത്തായസ്വരൂപങ്ങൾ മക്കത്തായം തൽക്കാലത്തേക്കു സ്വീകരിച്ചിരുന്നുള്ളു. ഈ സന്ദർഭങ്ങളിൽ ഭൎത്താക്കന്മാരുടെ അന്യസ്വരൂപഭാൎയ്യമാരെ തങ്ങളുടെ സ്വരൂപങ്ങളിലേക്കു ദത്തെടുക്കുകയും ചെയ്തിരുന്നു. ഈ വിവരങ്ങളിൽനിന്നു ദേവപാണ്ഡ്യനും ഭൂതലപാണ്ഡ്യനും വാസ്തവത്തിൽ മരുമക്കത്തായികളായിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

38–ാം പെരുമാളായ സിന്ധുവാരുണൻ II–നു "പതിററിപ്പത്തു"കളങ്കായ് കണ്ണിനാർമുടിച്ചേരൻ എന്നു പേരിട്ടു' ഇദ്ദേഹം പൂഴിനാട്ടിലെ വാകൈത്തുറമുഖം ആക്രമിച്ചുകീഴടക്കു

കയും, തുളുങ്കു കുടിതിരുത്തുകയും ചെയ്തു എന്നു വിവരിച്ചിരിക്കുന്നു. ഇതിലെ പൂഴിനാട്ട് ഉത്തരതുളുനാടും, വാകൈത്തുറമുഖം വരാഹകന്യാപുരമെന്നും അപരനാമമുണ്ടായിരുന്ന ഇന്നത്തെ ബാർക്കൂറുമാകുന്നു. പൂഴിയെന്നതിനു കൊംഗെന്നു തമിഴിൽ പര്യായമുണ്ട്. കൊംഗിനു പൂമ്പൊടിയെന്നും, മധുവെന്നും, അർത്ഥങ്ങളും കാണാം. മധു എന്ന പദത്തിൽ നിന്നുത്ഭവിച്ച മധുര എന്നതു പാണ്ഡ്യ രാജധാനിയുമാണല്ലോ. ഈ തുളുനാട്ടുകൊംഗിലെ നാട്ടുവാഴികൾക്കു പാണ്ഡ്യരെന്നും പേരുണ്ടായിരുന്നു. മധുരപാണ്ഡ്യർക്കും പൂഴിയബിരുദമുണ്ടെങ്കിലും, പൂഴിയനെന്നതു ചേരരുടെ ഒരു കുലബിരുദമാണെന്നു "തിവാകരനികണ്ടു"വിൽ പറഞ്ഞിട്ടുമുണ്ട്. ഉത്തരതുളുനാട്ടിൽ അളിയസന്താനദായക്രമം സ്ഥാപിച്ചതിനേയത്രേ തുളുങ്കുകുടിതിരുത്തി എന്നു വർണ്ണിച്ചിട്ടുള്ളതും.

"മൂഷികവംശകാവ്യ"ത്തിൽ ഈ പെരുമാൾക്കു വലിധരൻ (ബലിധരൻ) എന്നു പേരിട്ട്, സഹ്യപർവ്വതം വഴി കടന്ന ഒരു ഗംഗസൈന്യത്തെ തോല്പിച്ചു എന്നു വിവരിച്ചിരിക്കുന്നു. ഇതിലെ ഗംഗസ്വരൂപം പശ്ചിമോത്തര മൈസൂരിലുള്ള ബെൾഗാമിയിലെ (പണ്ടത്തെ മാഹിഷ്മതിയിലെ) ഹൈഹയസ്വരൂപത്തിൻെറ ഒരു ശാഖയാകുന്നു. ബലി എന്നതിനു മഹിഷം (പോത്തു)എന്നും അർത്ഥമുണ്ട്. ബലിഗ്രാമമായ (മാഹിഷ്മതിയായ) ബെൾഗാമിയിലെ ഗംഗനൃപൻെറ മേൽ യുദ്ധം ചെയ്തു മേൽക്കോയ്മ നേടിയതിനാൽ, ഭൂതലപാണ്ഡ്യനു ബലിധരൻ (ബലിരാജ്യനൃപൻ) എന്ന ബിരുദവും കിട്ടി.

തങ്ങഠം വഞ്ചി അഥവാ കൊല്ലി(കോല്ലം) കൂടൽ, കോഴി എന്നീ മൂന്നു രാജധാനികളിലെ മുടികഠം (കിരീടങ്ങഠം) ധരിച്ചിരുന്നവരാണെന്നു ചേരന്മാർ അഭിമാനിച്ചിരുന്നു. ഇതിനു ഒരു ഉദാഹരണം 42-ാം പെരുമാഠം കുലശേഖരആഠംവാരുടെ (പെരുഞ്ചേരലിരുമ്പൊറൈയുടെ) ചെന്തമിഴ് സ്തവമാല "പെരുമാഠം തിരുമൊഴി"യിലെ "തേട്ടരും തിറൽതേനിനെ" എന്നു തുടങ്ങുന്ന സുപ്രസിദ്ധമായ സ്തവത്തിൽനിന്ന് ഉദ്ധരിക്കുന്നു:—

"അല്ലിമാമലർ മങ്കൈനാതന
രങ്കൻ മെയ്യടിയാർകഠം തം
എല്ലൈയിലടിമൈ തിറത്തിനിൽ
എൻറും മേവുമനത്തനാം
കൊല്ലികാവലൻ കൂടൽനായകൻ
കോഴിക്കോൻകുലചേകരൻ
ചൊല്ലിനിൻ തമിഴ്മാലൈ
വല്ലവർ തൊണ്ടർ തൊണ്ടകളാവരേ."

കൂടലെന്നതു ഭവാനികൂടലെന്ന പേരുമുണ്ടായിരുന്ന ഭവാനിനഗരത്തിൻേറയും, പാണ്ഡ്യരാജധാനി മധുരയുടേയും അപരനാമമാകുന്നു. ഇതുപോലെ, കോഴി എന്നതു ചേരരുടെ വകയായിരുന്ന പഴനിനഗരത്തിൻേറയും, ചോഴരാജധാനി ഉറൈയ്യൂരിൻേറയും (ത്രിച്ചിനാപ്പള്ളിയുടെയും) അപരനാമം ആണ്. ഈ മൂന്നു മുടികഠംക്കും പുറമെ, നാലാമതൊരു മുടിയും, അതായതു്, ഹൈഹയരാജാവിൻെറ മുടിയുംകൂടി കൈവശപ്പെട്ടുത്തിയതു ഹേതുവായി ഭൂതലപാണ്ഡ്യനു നാർമുടി (നാലുമുടി)ച്ചേരനെന്ന ബിരുദവും ലഭിച്ചു.

കളങ്കായ്കണ്ണി എന്ന ബിരുദത്തിൻെറ അൎത്ഥം ഗജ നഗരമെന്നും പേരുള്ളതും, ഗജ്ജൽഹത്തിമലയുടെ അടുത്തുള്ളതുമായ സത്യമംഗലം നഗരത്തിൻെറ (ജയന്തികയുടെ) നാഥൻ എന്നാകുന്നു. ഗജത്തിന് (ആനയ്ക്കു) സിന്ധു, സിന്ധുരം എന്നീ സംസ്കൃതപൎയ്യായങ്ങൾ ഉണ്ട്. തൻനിമിത്തം ഭൂതലപാണ്ഡ്യനു സിന്ധുവാരുണൻ എന്ന ബിരുദവും കിട്ടി.

പെരുമാക്കന്മാർ മാറിമാറി പാണ്ടിപെരുമാൾ എന്നും ചോഴപെരുമാളെന്നും ബിരുദങ്ങൾ സ്വീകരിച്ചുവന്നിരുന്നു. കേയപ്പെരുമാൾ പാണ്ടിപ്പെരുമാൾ എന്ന ബിരുദമത്രേ വഹിച്ചിരുന്നതു്. തൻനിമിത്തം ഭൂതലപാണ്ഡ്യൻ ചോഴപ്പെരുമാൾ എന്ന ബിരുദം വഹിക്കുന്നതാണുതാനും.

## ജീവസംരക്ഷകൻ, പാണ്ടിപ്പെരുമാൾ.

"ചിലപ്പതികാര"ത്തിലെ 28-ാം ഗാഥയിൽനിന്നു മുകളിൽ ഉദ്ധരിച്ചിരുന്ന ഭാഗത്തിൻെറ അഞ്ചും ആറും വരികളിൽ പറഞ്ഞിട്ടുള്ള പെരുമാൾ 39-ാം പെരുമാളായ ജീവസംരക്ഷകചേരൻ, അഥവാ കടൽപിറകോട്ടിയ ചെങ്കുട്ടവൻ (ഉദ്ദേശം 576-601 എ. ഡി.) ആകുന്നു. വിക്രമരാമനെന്നു "മൂഷികവംശകാവ്യം" ഇദ്ദേഹത്തിന്നു പേരിട്ടിട്ടുണ്ട്. കൊടുങ്ങല്ലൂർ താലൂക്കിലെ അഴീക്കോടിനും (മുശിരിക്കും) കോട്ടപ്പുറത്തിനും ഇടയ്ക്കു നിന്നിരുന്ന മൂലവാസം എന്ന ബൌദ്ധക്ഷേത്രത്തെ കടലിൻെറ രാജാവായ വരുണൻെറ ആക്രമണത്തിൽനിന്നു ശ്രീരാമനെപ്പോലെ ഒരു ചിറ കെട്ടിച്ചു രക്ഷിച്ചതാണ് ഈ രണ്ടു വരികളിൽ വിവരിച്ചിട്ടുള്ളതു്.

വരുണന്നു യമനെപ്പോലെ പാശം ഒരായുധമായ് ഉണ്ടായിരുന്നതു കാരണം അദ്ദേഹത്തിന്ന് പാശി എന്ന ബിരുദം കിട്ടി. ആദിയിൽ വരുണൻ, യമൻ എന്നിവ ഒരേ ഒരു ദേവനായ ദണ്ഡധര (കാല) പൂർവ്വബുദ്ധൻ മഹാവിഷ്ണുവിൻെറ രണ്ടു പേരുകൾ മാത്രമായിരുന്നു. യമന്നു കൂററുവൻ എന്നു തമിഴിൽ നാമമുണ്ട്. വേണ്ട സമയത്തു മാത്രമെ (മുറൈയിൽ) മനുഷ്യരെ യമലോകത്തേയ്ക്കു് കൊണ്ടുപോകാവൂ എന്നു പറഞ്ഞു കൂററുവനെ തട്ടത്ത (കടലേററം തടഞ്ഞ) കൊററവൻ (രാജാവു്) കടൽ പിറകോട്ടിയ ചെങ്കുട്ടവനാകുന്നു. ഉയിർ എന്നതിന്നു ജീവൻ എന്നു് അർത്ഥമുണ്ട്. ജീവൻ എന്നതു മൂലവാസക്ഷേത്രത്തിലെ അവലോകിതേശ്വര ബോധിസത്വൻെറ ഒരു പര്യായവുമാകുന്നു. ജീവൻെറ ക്ഷേത്രം സംരക്ഷിച്ചതിനാൽ ഈ പെരുമാൾക്കു ജീവസംരക്ഷക ചേരൻ എന്ന ബിരുദം ലഭിച്ചു.

മൂലവാസക്ഷേത്രം രക്ഷിച്ചതിന്നു പുറമെ, കടലേററം ഈ ദേശത്തെ ജനങ്ങൾക്കു വരുത്തിവയ്ക്കുന്ന നാശങ്ങളും കൂടി ഈ ചേരൻ തടയുകയുണ്ടായി. കേരളതീരനിവാസികൾ കടലേററം തടുക്കുന്ന കാര്യങ്ങളിൽ പൂർവ്വാധികം ശ്രദ്ധ പതിപ്പിച്ചിരിയ്ക്കുന്ന ഇന്ന്, ഈ പെരുമാളെ ഇവർ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്.

## ദീർഘയാത്ര ചേരൻ, കേരളപ്പെരുമാൾ.

അനന്തരമുള്ള ഏഴും എട്ടും വരികളിൽ പറഞ്ഞിട്ടുള്ള ചേരൻ 40–ാം പെരുമാൾ ദീർഘയാത്ര ചേരൻ, അഥവാ

ആട്കോട്പാട് ചേരൽ ആതൻ (ജനമാനി) ആകുന്നു. തമിഴ്സംഘകാലത്തു (499–817 ഏ. ഡി.) കേരളവുമായി കച്ചവടം നടത്തിവന്നവർ യവനരായ (പാശ്ചാത്യരായ) പാരസികരും അറബികളുമായിരുന്നു. സംഘകാലത്തിന് ഒരു അഞ്ചു ശതകങ്ങൾക്ക മുമ്പ് കേരളവുമായി കച്ചവടം നടത്തിവന്നിരുന്ന യവനർ ഗ്രീക്കുകാരും റോമാക്കാരുമായിരുന്നു. ഈ റോമാപ്രജകളുടെ രക്ഷക്കായി റോമാ ചക്രവർത്തി ഒരു ചെറിയ സംഘം റോമാ ഭടന്മാരെ തുറമുഖമായ അഴീക്കോടിന് വടക്കായി പാർപ്പിച്ചിരുന്നു. ഈ യവനരിൽ നിന്നു ചേററുവാ മണപ്പുറം ദേശത്തിന് യവനനാടെന്ന നാമം ലഭിച്ചു. യവനവളനാടെന്നതിൻെറ അർത്ഥം വളമുള്ള (ഫലപുഷ്ടിയുള്ള)യവനനാട്ട് എന്നാകുന്നു.

കപിലതീർത്ഥമുള്ള തൃക്കാക്കരക്ഷേത്രം സ്ഥാപിച്ചതിനെപ്പററി ഈ ചേരനെ വാഴ്ത്തുന്ന പത്തിൻെറ പതികത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. തൃക്കാക്കര ക്ഷേത്രം സ്ഥാപിച്ചതു് 604 ഏ. ഡി. യിലാണെന്ന് ഇതിലുള്ള ഒരു ശിലാലേഖനത്തിൽ നിന്നു മനസ്സിലാക്കാം. ഇതു സ്ഥാപിച്ചവൻ ഈ കേരളപ്പെരുമാൾ ആകുന്നു. ചേന്ദമംഗലം—കോട്ടപ്പുറം എന്നിവിടെ നിന്നിരുന്ന ആദിചേരരാജധാനി വഞ്ചിയിൽനിന്ന് കേരളപ്പെരുമാൾ യവനനാട്ടിലുള്ള തൃക്കണാമതിലകത്തേയ്ക്ക് മാററി സ്ഥാപിക്കുകയുണ്ടായി. കേരളത്തിൽനിന്നു നീലഗിരിയിലേയ്ക്കു അവിടത്തുകാർ അപഹരിച്ചുകൊണ്ടുപോയ കുറെ ആട്ടുമാട്ടുകളെ തിരിച്ചുകൊണ്ടുവരാൻ ഇദ്ദേഹം ഗ്രഡല്ലൂർതാലൂക്കിലെ പൊന്നുഖനികളുള്ള നീട്ടുമലരുദേശം (പൊൻപട്ടനെട്ടവരെ) ആക്രമിച്ചതും ഈ വരികളിൽ വിവരിച്ചിരിക്കുന്നു.

ഈ ആട്ടമാട്ടുകളെ വീണ്ടെടുത്തു കൊണ്ടുവന്നതു നിമിത്തം ഇദ്ദേഹത്തിന് ആട്കോട്പാട് എന്ന ബിരുദം ലഭിക്കുകയും ചെയ്തു.

## തീത്തചട്ട ചേരൻ, ചെംഗൽ പെരുമാൾ.

തീത്തചട്ടചേരൻ, ശംഖവർമ്മൻ, ചെൽവകൊട്ടക്കോ- വാഴി ആതൻ, ചെംഗൽ പെരുമാൾ എന്നീ ബിരുദങ്ങളുള്ള 41-ാം പെരുമാളെയാണ് അടുത്ത ഒമ്പതും, പത്തും വരികളിൽ വർണ്ണിച്ചിരിക്കുന്നതു്. മൂഴിക്കുളം (പാറക്കടവു്) വിഷ്ണുക്ഷേത്ര വളപ്പിൽ മന്ത്രിസഭയെ വിളിച്ചുകൂട്ടി മൂഴിക്കുളക്കച്ചം എന്നു ശാസനങ്ങൾ പേരിട്ടിട്ടുള്ള കച്ചം, അഥവാ ചട്ടം (നിയമം) പുറപ്പെടുവിച്ചതു നിമിത്തം ഈ ചേരന് തീത്തചട്ട ചേരനെന്ന ബിരുദം സിദ്ധിച്ചു. ചേരരുടെ വകയായിരുന്ന അകപ്പാ (അകമതിലകം,) അഥവാ ഭവാനി നഗരത്തെ കൈവശപ്പെടുത്തിയ ശത്രുക്കളെ ഒരു വലിയ സൈന്യം മുഖേന ഇദ്ദേഹം പരാജയപ്പെടുത്തി. അതു വീണ്ടെടുത്തതു ഒമ്പതും പത്തും വരികളിൽ പ്രസ്താവിച്ചിരിക്കുന്നു. ഒരു കൊംഗുദേശസാമന്തൻ അന്തുവൻ ചേരൻ ഇരുമ്പൊറൈയുടെ സോദരിയും, ചേരവംശത്തിലേയ്ക്കു ദത്തെടുക്കപ്പെട്ടവളും ആയിരുന്നു ചെംഗൽ പെരുമാളിൻെറ മാതാവു്.

പ്രസ്തുത കൊംഗുദേശസാമന്തൻ അന്തുവൻചേരൻ ഇരുമ്പൊറൈയുടെ ഒരു പൂർവ്വീകൻ കണൈക്കാൽ ഇരുമ്പൊറൈയെയാണ് ഏ. ഡി. ആറാംശതകത്തിലെ സുപ്രസിദ്ധനായ ചോഴചക്രവർത്തി കൊച്ചെങ്കണ്ണൻ, അഥവാ കരികാലൻ II, വെണ്ണിമലയുദ്ധത്തിൽ തോല്പിച്ചു തടവിൽ പാർപ്പി

ച്ചതു്. ഈ യുദ്ധത്തെ വണ്ണിക്കുന്ന സുപ്രസിദ്ധ ചെന്തമിഴ് യുദ്ധകാവ്യമായ "കളവദി നാല്പതു്" പാടിപ്പൊയ്ഗെ ആഠം വാർ എന്ന ആദി ആഠംവാർ കണൈക്കാൽ ഇരുമ്പൊറൈയെ തടവിൽനിന്നു മോചിപ്പിക്കുകയുണ്ടായി. "കളവഴി നാല്പതി"ലെ,

"പുനനാടൻ കൊങ്കരൈ അട്ടകളത്തു"

എന്നും,

"പുനനാടൻ വഞ്ചിക്കോ അട്ടകളത്തു"

എന്നുമുള്ള രണ്ടു വരികഠം, കണൈക്കാൽ ഇരുമ്പൊറൈവഞ്ചിയെന്നും പേരുണ്ടായിരുന്ന കൊംഗിലെ കരൂർ നഗരത്തിലെ സാമന്തനാണെന്നു കാണിക്കുന്നു. ചിലർ വിചാരിക്കുന്നതുപോലെ ഒരു ചേരമാൻപെരുമാളല്ല ഇദ്ദേഹം. കരൂരിനു് സമീപത്തു് വെണ്ണിമല സ്ഥിതിചെയ്യുന്നു.

കലിവഷങ്ങളായ 498 എ. ഡി. യിലും, 564 എ. ഡി. യിലും കിരീടം ധരിച്ചതു നിമിത്തം രണ്ടു് ആദിചോഴന്മാക്ക് കലികാലൻ (കലിദോഷം നശിപ്പിച്ചവൻ) എന്ന ബിരുദങ്ങഠം ലഭിച്ചു. ഇതു കരികാലനെന്നായി ഭവിച്ചു. ലകാരവും, രകാരവും പരസ്പരം മാറുമല്ലൊ. കരികാലനെന്നതിനു കലിനാരൈ (കലിദോഷം നശിപ്പിച്ച ഗരുഡൻ) എന്നും ഒരു പര്യായം കാണാം. ദക്ഷിണആക്കാട്ടിലെ ചില അതിപ്രാചീനശിലാസ്തംഭങ്ങളിൽ കലിനാരൈ എന്ന നൃപനെ പ്രസ്താവിച്ചിരിക്കുകയും ചെയ്യുന്നു. ഇദ്ദേഹം കൊച്ചെങ്കണ്ണനാകുന്നു. കൊച്ചെങ്കണ്ണൻ മൃതിയടഞ്ഞതും, ഇദ്ദേഹം പണിയിച്ചതുമായ തിരുനറൈയൂർ ക്ഷേത്രത്തെ വാഴ്ത്തുമ്പോഠം, തി

രുമലൈകൊ ആഠംവാർ കൊച്ചെങ്കണ്ണന്റെ വെണ്ണിയുദ്ധം ഇ ങ്ങിനെ വർണ്ണിച്ചിരിക്കുന്നതും നോക്കുക:

"കവ്വൈമാ കളിറുന്തി വെണ്ണിയേററ
കഴൽമന്നർ മണിമുടിമേൽ കാകമേറ
തെയ്യ്നാഠം വലംകൊണ്ട ചോഴൻ ചേർന്ത
തിരുനറൈയ്യർ മണിമാടം ചേമ്മിൻകളേ."

ഭവാനിനഗരം അകമലദേശത്തും, സേലത്തെ ധർമ്മപുരിനഗരം (തകടൂർ) പുറമലദേശത്തും നിന്നിരുന്നു. മലബാറിലെ കോട്ടയത്തെ പുറവഴി സ്വരൂപത്തിന്റെ ഉത്ഭവസ്ഥാനം ഈ പുറമലദേശവുമാകുന്നു. ചെംഗൽപെരുമാഠം ചിറയ്ക്കലെ പർശ്ശിനിക്കടവിൽ വെച്ചു മൃതിയടഞ്ഞു. ഇദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിച്ചതു പെരിഞ്ചെല്ലൂർ ക്ഷേത്രത്തിന്നു സമീപത്തായിരുന്നു. മുഹമ്മദ്നബിയുടെ ദൂതരെ ഈ പെരുമാഠം സല്ക്കരിക്കുകയുണ്ടായി. ഈ ദൂതസല്ക്കാരത്തെയാണ് മാപ്പിളഐതിഹ്യം ഇസ്ലാംമതപരിവർത്തനമാക്കിയിരിക്കുന്നതും.

## അച്യുതപ്രതാപചേരൻ, പെരുഞ്ചേരലിരുമ്പൊറൈ

എന്റെ "ചിലപ്പതികാരം" ലേഖനത്തിൽ പറഞ്ഞിരുന്ന ഹൊന്നു ഹൊളെ, അഥവാ സുവർണ്ണാവതിനദി അയിരൈ (അജിര) എന്ന അപരനാമവും വഹിച്ചിരുന്നു. അയിരൈ നദിയുടെ സംഗമസ്ഥലത്തു ചെന്നു ശിവസമുദ്രമെന്ന പുണ്യദ്വീപു നില്ക്കുന്ന കാവേരി വെള്ളച്ചാട്ടത്തിൽ നീരാടിയ

42-ാംപെരുമാൾ അച്യുതപ്രതാപചേരനെ, അഥവാ, ഇളം ചേരലിരുമ്പൊറൈയെ ആണ് പതിനൊന്നും, പന്ത്രണ്ടും വരികളിൽ വർണ്ണിച്ചിരിക്കുന്നതു്. ഇരുകടലെന്നതിൻെറ അൎത്ഥം വലിയകടൽ, അഥവാ സമുദ്രം എന്നാകുന്നു. ശിവസമുദ്രം ദ്വീപുള്ള ആറിലെ വെള്ളമത്രേ ഇരുകടൽനീര്.

കൊല്ലിമലദേശത്തെ വേടസാമന്തൻ കഴുവുളിനേയും, ധൎമ്മപുരിയിലെ (തകടൂരിലെ) അതികമാനേയും തോല്പിച്ചതിനുശേഷം, ഈ പെരുമാൾ ശിവസമുദ്രത്തിലേക്കു പോയി. 639–657 ഏ. ഡി. എന്ന കാലത്തു നാടുവാണിരുന്ന ഈ പെരുമാൾ കുലശേഖരആൾവാർ എന്ന വൈഷ്ണവയോഗിയാകുന്നു. ഈ ആൾവാർ കലി 28-ൽ ജനിച്ചു എന്നു തമിഴ് വൈഷ്ണവരുടെ വേദമായ "നാലായിരപ്രബന്ധ"ത്തിൽ പറഞ്ഞിരിക്കുന്നു. കേരളത്തിലെ ഒരു കലിവൎഷമായ 564 ഏ. ഡി. യോടു 28 ചാന്ദ്രവൎഷം, അഥവാ 27 സാധാരണ സൌരവൎഷം കൂട്ടിയാൽ, ഇദ്ദേഹത്തിൻെറ യഥാൎത്ഥജനനവൎഷമായ 597 ഏ. ഡി. കിട്ടും. ഇദ്ദേഹം 68 വയസ്സിൽ മരിച്ചു എന്നു വൈഷ്ണവഐതിഹ്യമുണ്ടു്. 68 ചാന്ദ്രവൎഷം 66 സാധാരണ സൌരവൎഷത്തോടു തുല്യമാകുന്നു. തന്നിമിത്തം ഇദ്ദേഹം ചരമമടഞ്ഞതു 657 ഏ. ഡി. യാണെന്നു സിദ്ധിക്കുന്നു.

ഗുണ്ടെർട്ടിൻെറ "കേരളോല്പത്തി"യിൽ ഈ കുലശേഖരൻെറ ചരമവൎഷം 333 കലിയാണെന്നു പറഞ്ഞിരിക്കുന്നു. കേരളത്തിലെ ഒരു കലിവൎഷമായ 324 ഏ. ഡി.യോടു 333 വൎഷം കൂട്ടിയാൽ, കുലശേഖരൻെറ ചരമവൎഷമായ 657 ഏ. ഡി. കിട്ടുകയും ചെയ്യും.

## അഖണ്ഡിതകീർത്തി പ്രതാപചേരൻ, പള്ളിബാണൻ.

അഖണ്ഡിതകീർത്തി പ്രതാപചേരൻ, വളഭൻ I, പള്ളിബാണൻ, എന്നീ ബിരുദങ്ങളുള്ള 43–ാം പെരുമാളെയാണ് ഒടുവിലത്തെ രണ്ടു വരികളിൽ വർണ്ണിച്ചിട്ടുള്ളത്. ഇദ്ദേഹം 657–671 ഏ. ഡി. എന്ന കാലത്തു നാടുവാണിരുന്നു. 669 ഏ. ഡി. യിൽ ഏഷ്യാമൈനോറിലെ കാനേസ്നഗരത്തിൽനിന്നു ഒരു ലൂക്കോസുറിയാനിക്രൈസ്തവ കോളനിയെ കേരളരാജധാനി വഞ്ചിയിൽ കൊണ്ടുവന്നു കുടിപാർപ്പിച്ച തോമസ്കാന, പള്ളിബാണനെ ക്രിസ്ത്യാനിയാക്കി. ക്രിസ്ത്യാനികളുടെ നസ്രാണി എന്ന പേര് വിഷ്ണുവാഹനമായ ഗരുഡൻെറ "നസർ" എന്ന അറബിപ്പര്യായത്തിൽനിന്നു ജനിച്ചതാകുന്നു.

വഞ്ചിയുടെ തുറമുഖത്തുള്ള നാലുകൂട്ടംവഴിയിൽ (ചതുക്കത്തിൽ) വന്നിറങ്ങിയ ബൌദ്ധരെ (പൂതരെ, അഥർവ്വാംഗിരസ് എന്ന നാലാം വേദം അനുസരിക്കുന്ന ക്രിസ്ത്യാനികളെ) സല്ക്കരിച്ച് ഈ പെരുമാൾ അവരെ വഞ്ചിനഗരത്തിനകത്തു കൂട്ടിക്കൊണ്ടുപോയി, അവരുടെ മദ്യനിവേദനമുള്ള മതകർമ്മത്തിൽ (മതുക്കൊൾ വേൾവിയിൽ) പങ്കുകൊണ്ടു എന്നാതത്രേ ഈ വരികളുടെ അർത്ഥം. മദ്യനിവേദനമുള്ള ഈ മതകർമ്മം ക്രിസ്ത്യാനികളുടെ "മാസ്സ്" ആകുന്നു. ക്രിസ്തുമതത്തിലും, പഴയ താന്ത്രിക, അഥവാ ശാക്തേയമതത്തിലും മാത്രമേ മതകർമ്മാനുഷ്ഠാനവേളകളിൽ ദേവതയ്ക്കു മദ്യം നിവേദിച്ചിരുന്നുള്ളു. അന്നു ധാരാളം ശാക്തേയർ കേരളത്തിൽ ഉ

ണ്ടായിരുന്നതിനാൽ ശാക്തേയരല്ല, കപ്പലിൽ വന്നിറങ്ങിയവർ.

അന്നു കോൺസ്റ്റാൻറിനോപ്പിളിലെ കിഴക്കൻ റോമാചക്രവർത്തിയായ കോൺസ്റ്റൻൻറയിൻ പൊഗോണാററസ്സിൻെറ (668–685 എ. ഡി.) കീഴിൽ, കാനേസ് നഗരം സ്ഥിതിചെയ്തിരുന്നു. ക്രിസ്ത്യാനികളുടെ വരവിനോട് ക്രൈസ്തവഐതിഹ്യം ഘടിപ്പിച്ചിട്ടുള്ള കോൺസ്റ്റൻൻറയിൻ ചക്രവർത്തി വാസ്തവത്തിൽ ഇദ്ദേഹമാകുന്നതാനും.

ഇളൻചേരലിരുമ്പൊറൈയേ വാഴ്ത്തുന്ന "പതിററിപ്പത്തി"ൻെറ ഒൻപതാം പത്തിലെ അനുബന്ധത്തിൽ ഇദ്ദേഹത്തെ പ്രായേണ "ചിലപ്പതികാരത്തി"ൻെറ മട്ടിൽ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു:—

"അരുന്തിറൽ മരപിർ പെരുഞ്ചെതുക്കത്തമർന്ത വെന്തിറർ പൂതരൈത്തന്തിവണിരീഇയായന്ത മരപിർ ചാന്തിവേട്ടു"

പഴയ പതിവനുസരിച്ചു വഞ്ചിയുടെ തുറമുഖത്തിൻെറ നാലുകൂട്ടം വഴിയിൽ (ചതുക്ക്) വന്നിറങ്ങിയ അപൂർവ്വധൈര്യമുള്ള ബൌദ്ധരെ (പൂതരെ, ക്രിസ്ത്യാനികളെ) ഈ ചേരൻ സല്ക്കരിക്കുകയും ഇവരുടെ നാലാം വേദപ്രകാരം (ആയന്തമരപ്പിൽ, ആമ്നായന്തരീതിയിൽ, അന്ത്യാവേദരീതിയിൽ) ശാന്തിനേടുകയും ചെയ്തു എന്നാത്രേ ഇതിൽ വിവരിച്ചിരിക്കുന്നത്.

## രണ്ടു ചെങ്കുട്ടവന്മാർ

"പതിററിപ്പത്തി"ലെ അഞ്ചാം പത്തിൻെറ അനുബന്ധത്തിൽ കടൽ പിറകോട്ടിയ ചെങ്കുട്ടവൻെറ പരാക്രമ

ങ്ങൾ വിവരിച്ചിട്ടുള്ള ഭാഗത്തിന്നും "ചിലപ്പതികാരത്തി"ലെ ചെങ്കുട്ടവൻചേരൻ രണ്ടാമന്റെ പരാക്രമങ്ങൾ വണ്ണിച്ചിട്ടുള്ള ഭാഗത്തിനും തമ്മിൽ പല സാദൃശ്യങ്ങളും കാണാം; ഈ രണ്ടു നൃപന്മാരും യുദ്ധംചെയ്ത രാജാക്കന്മാരിൽ ചിലരുടെയും, ഇവർ ആക്രമിച്ച സ്ഥലങ്ങളിൽ ചിലതിന്റെയും നാമങ്ങൾക്കു തമ്മിലുള്ള സാദൃശ്യങ്ങളത്രേ ഇവ.

ബീജപ്പൂർ ജില്ലയിലെ ബാദാമിയിൽ (വാതാപിയിൽ) നാടുവാണിരുന്ന പശ്ചിമ ചാലൂക്യനൃപൻ കീർത്തിവമ്മൻ ഒന്നാമനോട് (567_591 ഏ. ഡി.) കടൽ പിറകോട്ടിയ ചെങ്കുട്ടവൻ പടവെട്ടുകയുണ്ടായി. ഈ കീത്തിവമ്മൻ നടത്തിയ ദിഗ്‌വിജയത്തിൽ തോല്പിച്ച ദക്ഷിണ ഇൻഡ്യയിലെ രാജ്യങ്ങളുടെ പേരുകൾ ഇദ്ദേഹത്തിന്റെ പിൻഗാമി മംഗളേശൻ പുറപ്പെടുവിച്ച മഹാകൂടസ്തംഭശാസനത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

"വംഗാംഗകലിംഗ വട്ടുരമഗധ മദ്രക കേരളഗംഗ മൂഷകപാണ്ഡ്യദ്രമിഴചോഴി ആളുക വൈജയന്ത്യപ്രഭൃതിരനേകപര നൃപതി സമൂഹാവ മദ്ദലബ്ധ വിജയേ......" ഇതിലെ മൂഷക(മൂഷിക)നൃപനത്രേ കടൽ പിറകോട്ടിയ ചെങ്കുട്ടവൻ. "പതിററിപ്പത്തി"ന്റെ അഞ്ചാംപത്തിലെ പതികത്തിൽ "ആരിയവണ്ണലൈവീട്ടി" എന്നു വിവരിച്ചിരിക്കുന്നതു കീത്തിവമ്മൻ ഒന്നാമനുമായുണ്ടായ യുദ്ധത്തെ സംബന്ധിച്ചാകുന്നു. കാവേരി തീരത്തുവെച്ചാണ് ഇതു നടന്നത്. മഹാകൂടശാസനത്തിലെ കേരളനൃപൻ ത്രിച്ചിനിപ്പള്ളിയിലെ മേലാപ്പുഴവൂരിലെ പഴവെട്ടരൈയൻ എന്ന കേരളദേശസാമന്തനും, ദ്രമിഴനൃപൻ കാഞ്ചിവരത്തെ പല്ലവരാജാവുമാകുന്നു.

തെക്കൻകൊംഗിൽ ദക്ഷിണകോയമ്പത്തൂർ ജില്ലകളും, പഴനിത്താലൂക്കും അടങ്ങിയ ഒരു കേരളദേശവും, വടക്കൻകൊംഗിൽ മേലാപ്പുഴവൂരും, വിളന്തൈയും ഉൾപ്പെട്ട മറെറാരു കേരളദേശവുമുണ്ടായിരുന്നു. സുന്ദരചോഴൻെറ ആൻബിൽചെപ്പേടിയിൽ ചോഴചക്രവത്തി പരാന്തകൻ വീരചോഴൻ കേരളശ്വരനായ പഴവട്ടരൈയൻെറ മകളെ കല്യാണം കഴിച്ചു എന്നു ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"പഴവെട്ടരൈയൻ വരാഹ്വയസ്യ
ക്ഷിതിഭത്തുഃകിലകേരളശ്വരസ്യ
തനയാമുദ്വഹ രാജലക്ഷ്മീ
മിവമൂത്താമപനീപതിസ്സ ഏഷഃ"

ഉഡൈയാർപാളയം താലൂക്കിലെ വിളന്തൈയേ കേരളദേശമെന്നു പേരിട്ടു, വളഭൻ II (787_802 ഏ. ഡി.) ചോഴൻെറ ആക്രമണത്തിൽനിന്ന് ഇതിലേ സാമന്തനെ സഹായിക്കാൻ പോയി എന്നു മൂഷികവംശകാവ്യത്തിൽ പറഞ്ഞിരിക്കുന്നു.

പില്ക്കാലത്തെ പശ്ചിമചാലൂക്യനൃപൻ വിക്രമാദിത്യൻ രണ്ടാമനും (733_747 ഏ. ഡി.) ദക്ഷിണഭാരതത്തെ 747 ഏ. ഡി. യിൽ ആക്രമിക്കുകയുണ്ടായി. ഈ ആക്രമണത്തിൽ ചാലൂക്യസേനാനായകൻ യുവരാജാവായ കീത്തിവമ്മൻ II (747_757) ആയിരുന്നു. ഈ ആക്രമണവേളയിലും പാണ്ഡ്യചോഴചേരപല്ലവപ്രഭൃതി തമിഴ്നാട്ടുരാജാക്കന്മാരോട് ചാലൂക്യസേന പൊരുതി, ചെങ്കുട്ടവചേരൻ II 729_767(ഏ. ഡി.) ഈ കീത്തിവമ്മനോട്ട കാവേരിക്കര

യിൽവെച്ചു യുദ്ധം ചെയ്യുകയുണ്ടായി. സ്വമാതാവിൻെറ അസ്ഥി ശിവസമുദ്രദ്വീപിലുള്ള കാഃവരിവെള്ളച്ചാട്ടത്തിൽ എറിയാൻ പോയപ്പോഴത്രേ ഇതു നടന്നതു്.

ചെങ്കുട്ടവൻ II-ൻെറ ഈ കാവേരി തീൎത്ഥയാത്രയെ "ചിലപ്പതികാര"ത്തിൻെറ 25-ാം ഗാഥയിൽ ഇങ്ങിനെ വിവരിക്കുന്നു:—

"കൊങ്കണർ കലിംഗർ കൊട്ടങ്കുരുനാടർ
പങ്കാളർകംങ്കർ പൽവേർകട്ടിയർ
വടവാരിയരൊട്ട വണ്ടമിഴ്മയക്കത്തുൻ
കടമലൈവേട്ടമെൻട്പുലംതിരിയാതു
കങ്കൈപ്പേർയററു ക്കടന്നുന നീത്ത
മെങ്കോ മകളൈ യാടിയ വന്നാ-
ളാരിയ മന്നരീരൈഞ്ഞററു വർ
ക്കൊരു നീയാകിയ ചെരുവെങ്കോല
കൺ വിഴിന്തു കണ്ടതു........"

രാജ്ഞിയുടെ അസ്ഥിയെ ഗംഗാമഹാനദിയിൽ നീരാടിക്കാൻ പോയപ്പോൾ, കൊങ്കണർ മുതലായവരും വടക്കൻ ദേശത്തെ ആൎയ്യന്മപരും കൂടിച്ചേൎന്ന ആയിരം രാജാക്കന്മാരോട്ട നിൻെറ സൈന്യം തനിച്ചു വിജയപൂൎവ്വം യുദ്ധംചെയ്തതു ഞങ്ങൾ കണ്ണുമിഴിച്ചു കാണുകയുണ്ടായി എന്നാത്രേ ഇതിൽ പറഞ്ഞിരിക്കുന്നതു്. കാവേരിയാണു് ഇതിലേ ഗംഗാമഹാനദി. ഇതിലെ കൊങ്കണർ പണ്ടു കൊങ്കണമെന്ന പേരുണ്ടായിരുന്ന ഗോവാദേശത്തെ സാമന്തരും, കലിംഗർ പൂൎവ്വോത്തര മൈസൂരിലേ നളംബപല്ലവരും, കരുനാടാർ

റെയ്ച്ചൂർജില്ലക്കാരും, പൽവേർകട്ടിയർ കൊംഗുപല്ലവരായ കട്ടി (കാടവ) സ്വത്രുപക്കാരും, പങ്കാളർ ബംഗളൂർ സാമന്തരും ആകുന്നു. ആയ്യമന്നർ പശ്ചിമ ചാലൂക്യരുമാണ്.

കണ്ണകിയുടെ മസ്തിക്കല്ലു നീരാടിക്കുവാനും, ഇതു പ്രതിഷ്ഠിക്കുന്നതിനുവേണ്ട സാളഗ്രാമക്കല്ലുകൾ കൊണ്ടുവരാനുമായി, 756 ഏ. ഡി. ക്കുശേഷം ചെങ്കുട്ടവൻ II. പിന്നേയും സൈന്യസമേതം കാവേരിതീരത്തേക്കു പോയി. ഇതിനെയത്രേ "ചിലപ്പതികാര"ത്തിൽ ഗംഗാതീരയാത്രയായി വിസ്തരിച്ചു വിവരിച്ചിട്ടുള്ളതു്.

മൈസൂരിലെ ഗുണ്ഡൽപേട്താലൂക്കിലെ തേരകനാംബിഗ്രാമം നില്ക്കുന്ന കുഡകുനാട്ടിനേയും, ഇന്നു യെളന്ദുരെന്നു പേരുള്ള പണ്ടത്തെ ഇളമരുതൂർനഗരത്തേയും ചെങ്കുട്ടവൻ II രണ്ടാംഗംഗാതീരയാത്രയിൽ ആക്രമിച്ചു കീഴടക്കി. ഇതുപോലെ, കടൽ പിറകോട്ടിയ ചെങ്കുട്ടവനും സേലത്തെ രായക്കോട്ടത്താലൂക്കിൽ നില്ക്കുന്ന കൊഡുഗ്രൂരും, കോയമ്പത്തൂർതാലൂക്കിലെ ഇന്നത്തെ മത്തഹള്ളിയും (മരുതപ്പള്ളിയും മരുതൂരും) ആക്രമിച്ചു കൈവശപ്പെടുത്തി.

രണ്ടു ചെങ്കുട്ടവന്മാൎക്കും കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രത്തോട് പ്രത്യേകബന്ധങ്ങളുണ്ടായിരുന്നു. ചെങ്കുട്ടവൻ II കണ്ണകിയുടെ മസ്തിക്കല്ലു ഇവിടെ പ്രതിഷ്ഠിച്ചു. കടൽ പറകോട്ടിയ ചെങ്കുട്ടവൻ മൂലവാസബൌദ്ധദേവാലയത്തെ കടലാക്രമണത്തിൽനിന്നു രക്ഷിക്കുകമാത്രമല്ല ചെയ്തതു്. അശോകമൌര്യന്റെ പുത്രൻ മഹേന്ദ്രഭിക്ഷു കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രത്തിന്നുസമീപം പണിയിച്ച അവലോകിതേശ്വ

രബോധിസത്വൻെറ സ്തൂപത്തിൽ ഇദ്ദേഹം രണ്ടാം ചെ ങ്കുട്ടവനെപ്പോലെ കാവേരീതീരത്തുചെന്നു സാളഗ്രാമകല്ലു കൾ കൊണ്ടുവന്നു സപ്തമാതൃകാദേവിയുടെ പ്രതിരൂപമായ ഏഴുബലിക്കല്ലുകൾ സ്ഥാപിക്കുകകൂടിചെയ്തു.

ഈ ഭഗവതിയെ അവലോകിതേശ്വരബോധിസത്വ ൻെറ ഭാൎയ്യയായ നീലതാര എന്ന ശക്തിദേവിയായി ബുദ്ധമ തക്കാർ പരിഗണിച്ചിരുന്നു. സപ്തമാതൃകയെന്ന നാമവും ഈ ദേവി വഹിച്ചിരുന്നു. സപ്തമാതൃകാ ദേവിയുടെ പൎയ്യാ യങ്ങൾ ത്രി എന്നും, ഗോ എന്നുമാണെന്നു ഋഗേ്വദത്തിൽ പറഞ്ഞിട്ടുണ്ടു്. ഗ്രീക്കുകാർ ഈ ദേവിക്കു മാതാ-മാത്രുതാ എന്ന പേരു നല്കിയിട്ടുമുണ്ടു്. പെരുമാക്കന്മാരുടെ അവകാ ശിയായ കൊച്ചിയിലെപെരുമ്പടപ്പുമൂപ്പിന്നു ത്രിക്കോവിൽ അധികാരികൾ എന്ന കുലബിരുദമുള്ളതും ഇവിടെ ശ്രദ്ധേ യമത്രെ. കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിൽ ആദിയിൽ വിഗ്രഹമൊന്നുമുണ്ടായിരുന്നില്ലെന്നും, ഇവിടെ വിഗ്രഹത്തിന്നു പകരം ഏഴു ബലിക്കല്ലുകൾ മാത്രമേ സ്ഥാപിച്ചിരുന്നുള്ളു എന്നുമൊരു ഐതിഹ്യം കാണാം.

രണ്ടു ചെങ്കുട്ടവന്മാരും ഒന്നുപോലെ നാടുവാഴുന്ന ചോഴമഹാരാജാവിനോടു മത്സരിച്ച ഒമ്പതു ചോഴകിരീടാവ കാശികളോടു പൊരുതു് ചോഴനെ സഹായിക്കുകയുണ്ടായി. ചോഴർ മാറിമാറി വളവൻ, കിള്ളി എന്നീ കുലബിരുദങ്ങൾ വഹിച്ചിരുന്നു. ചെങ്കുട്ടവൻ I കൊച്ചെങ്കണ്ണകരികാലവള വൻ II ൻേറയും, തൽപുത്രൻ കിള്ളിയുടേയും സമകാലീനനാ യിരുന്നു. ഈ കിള്ളികളോടു മത്സരിച്ച 9 ചോഴകിരീടാവ

കാശികളോട്ട് ചെങ്കുട്ടവൻ I പൊരുതി. ഇതുപോലെ, ചെങ്കുട്ടവൻ II മത്സരിച്ച 9 കിരീടവകാശികളെ യുദ്ധത്തിൽ പരാജയപ്പെടുത്തി.

ത്രിച്ചിനാപ്പള്ളിയിലെ പെരുമ്പാലൂർ നഗരം നില്ക്കുന്ന പണ്ടത്തെ വേമ്പാർനാട്ടിലെ പഴൈയൻ, അഥവാ പാണ്ഡ്യൻ എന്ന സാമന്തകുലത്തിലെ നൃപരെ രണ്ടു ചെങ്കുട്ടവന്മാരും ഒന്നുപോലെ യുദ്ധത്തിൽ പരാജയപ്പെടുത്തി. വേമ്പ്(വേപ്പ്)മരം മധുരപാണ്ഡ്യമഹാരാജാക്കന്മാരുടേയും കുലവൃക്ഷമാകയാൽ, രണ്ടു ചെങ്കുട്ടവന്മാരും മധുരപാണ്ഡ്യരോടു പോരാടിയെന്നു ഇന്നത്തെ ഗവേഷകർ വ്യാഖ്യാനിച്ചിട്ടുള്ളതു തെററാണെന്നതാനും.

ആദിയിൽ മുപ്പത്തിആറും, പിന്നീട് ഇരുപത്തിരണ്ടും പെരുമാക്കന്മാർ കേരളം ഭരിച്ചിരുന്നു എന്നൊരു നാടോടി ഐതിഹ്യമുണ്ട്. ഇവരിൽ ആദ്യത്തെ 36 പേരെപ്പററി "കേരളം" എന്ന ചരിത്രകാവ്യത്തിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും, ശേഷിച്ച 22 പേരെക്കുറിച്ച് "കേരളോല്പത്തി"കത്താവും പ്രസ്താവിച്ചിരിക്കുന്നു. കേരളം ഉൾപ്പെട്ടിരുന്ന പണ്ടത്തെ തമിഴ്നാട്ടിന്റെ ചരിത്രപരമായ ഐതിഹ്യം പില്ക്കാലചെപ്പേടുകളാദിയായവയിൽനിന്നു സംഗ്രഹിച്ച കണ്ണൽമക്കൻസി രചിച്ച "മക്കൻസിമാനസ്ക്രിപ്ടി"ൽ 50 ചേരന്മാരുടേയും, 66 ചോഴന്മാരുടേയും ബിരുദങ്ങൾ നല്കിയിരിക്കുന്നു. സൂവെല്ലിന്റെ "A Sketch of the dynistis of South India" എന്ന കൃതിയിലും മക്കൻസിയുടെ കൃതിയെ ആസ്പദിച്ച് ഇവരുടെ ബിരുദങ്ങൾ ചേത്തിട്ടുള്ളതും കാണാം. ചേരരിൽ 30 പേർ കലിക്കുമുമ്പും, ശേഷിച്ച 20 പേർ കലിക്കുശേഷവും നാടുവാണിരുന്നു എന്നും, ചോഴരിൽ 48 പേർ കലിക്കുമുമ്പും, 18 പേർ കലിക്കുശേഷവും രാജ്യം ഭരിച്ചിരുന്നു എന്നും മക്കൻസി പറയുന്നുണ്ട്. ഇതിലെ കലിവഷം വിക്രമാബ്ദം തുടങ്ങുന്ന 57 ബി. സി. യിൽനിന്നു 500 വഷത്തെ ഒരു കല്പം (വഷവട്ടം) കഴിയുന്ന 443 ഏ. ഡി. യാണെന്നു ഞാൻ നിണ്ണയിച്ചിട്ടുമുണ്ട്.

496-696 ഏ. ഡി. എന്ന കാലത്തു നാടുവാണിരുന്ന പത്തു ചേരന്മാരെ അവരവരുടെ സമകാലീനകവികൾ വാ

ഴ്ത്തിയിട്ടുള്ള പാട്ടുകളെ ഒരു തമിഴ്സംഘകാവ്യസമാഹാരമായ "പതിററിപ്പത്തി"ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ മധുരതമിഴ്സംഘത്തിൻെറ കാലം 499–817 ഏ. ഡി. എന്നതാണെന്നു കല്പഗണിതംമൂഖേന ഞാൻ നിർണ്ണയിച്ചിട്ടുണ്ടു്. ഇവരുടെ വാഴ്ച ആരംഭിക്കുന്ന 496 ഏ. ഡി. ഒന്നാംപെരുമാൾ രാമഘടമൂഷികൻെറ വാഴ്ച്ചാരംഭകാലമായ 170 ബി. സി.യിൽനിന്നു് ഒരു മിസ്റ്റിക്ക്വർഷവട്ടമായ 666 വർഷം കഴിയുന്ന കൊല്ലമാകുന്നു. ഇത്തരം ഒരു 666 വർഷവട്ടത്തെ ബൈബിളിലെ "വെളിപ്പാടു്" പുസ്തകത്തിൻെറ 13-ാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ബൈബിളിലെ ഈ മിസ്റ്റിക്ക്വർഷവട്ടം അവസാനിച്ചതു് തിത്തൂസ് എന്ന റോമാചക്രവർത്തി യെരുശലേംനഗരത്തെ നശിപ്പിച്ച ആണ്ടായ 70ഏ. ഡി. യാണെന്നു മദ്രാസിലെ "ലോകവാണി"യുടെ 1950-ലെ വാർഷികപ്രതിയിൽ ഞാൻ സ്ഥാപിച്ചിട്ടുമുണ്ടു്.

"പതിററിപ്പത്തി"ൻെറ ആദിപ്പത്തും അന്തിപ്പത്തും ഇന്നു നഷ്ടപ്പെട്ടുപോയിരിക്കുന്നു. ശേഷിച്ച എട്ടു ചേരരെ ഒരുമിച്ചു ഇളങ്കോവടികളുടെ "ചിലപ്പതികാര"ത്തിൻെറ 28-ാമത്തെ നട്കർ കാതൈയിലെ,

"കടർകടമ്പെറിന്ത കാവലനായിനും
വിടർചിലൈപൊറിത്ത വിറലോനായിനും"

എന്ന രണ്ടു വരികളിൽ തുടങ്ങി,

"ചതുക്കപ്പൂതരൈ വഞ്ചിയുട്ടന്തു
മതുക്കൊൾവേൾവി വേട്ടോനായിനും"

എന്ന രണ്ടു വരികളിൽ അവസാനിക്കുന്ന ഭാഗത്തിൽ പ്രസ്താവിച്ചിരിക്കുകയും ചെയ്യുന്നു. ഇക്കാലത്തത്രേ പിൽക്കാലപ്പെരുമാക്കന്മാർ തമിഴ്നാട്ടിലെ ഏററവും പ്രബലശക്തിയായിരുന്നിരുന്നതു്.

താഴമൺ ഇല്ലച്ചെപ്പേടു പുറപ്പെടുവിച്ച രാജശേഖര ചേരൻെറ (802_818 എ. ഡി.) സാഹിത്യ സദസ്സിൽ (തോലിൻെറ അദ്ധ്യക്ഷൻ) തോലൻ, അഥവാ അതുലൻ "കല്യാണ സൌഗന്ധികം" എന്ന ഏകാങ്ക നാടകവും, "മൂഷിക വംശകാവ്യ"വും സംസ്കൃതത്തിൽ രചിച്ചിട്ടുണ്ട്. കേരളീയക്കു സുപരിചിതനായ ഹാസ്യകാരൻ തോലൻ അല്ല ഇദ്ദേഹം. നീലകണ്ഠൻ നമ്പൂതിരി എന്നു മൂഷികവംശ കാവ്യക്കാരൻ തോലനുള്ള വ്യക്തിനാമവും, ഇദ്ദേഹത്തെ തമിഴ്സംഘ ഐതിഹ്യം മുശിരി ആശിരിയർ നീലകണ്ഠനാർ എന്നു പേരിട്ടിട്ടുള്ളതും ഞാൻ കണ്ടുപിടിച്ചിട്ടുണ്ടു്. "മൂഷിക വംശകാവ്യ"ത്തിൽ ഒന്നാം പെരുമാൾ രാമഘടമൂഷികൻ മുതൽക്കു 50_ാമത്തെ ചേരൻ രാജവർമ്മൻ (രാജശേഖരൻ) അഥവാ ശ്രീകണ്ഠൻ ഉൾപ്പെടേയുള്ള ചേരരുടെ ചരിത്രം കവികൾക്കു സഹജമായ അതിശയോക്തിപൂർവ്വം വിവരിച്ചിരിക്കുന്നു. പക്ഷേ ഇതിൽ ഒരു കവിയുടെ ഭാവന പ്രയോഗിച്ചു് ഓരോ ചേരൻേറയും പല ബിരുദങ്ങളേയും പ്രത്യേക ചേരന്മാരാക്കി പ്രസ്തുത 50_ചേരരെ 111_ചേരരാക്കിയിരിക്കുന്നു. ഈ ഗൌരവതരമായ ന്യൂനത ഗവേഷണം മുഖേന ഞാൻ കുറേയൊക്കെ ശരിയാക്കിയിട്ടുണ്ടു്. ഈ ചരിത്രകാവ്യത്തെ ആസ്പദിച്ചായിരിക്കാം "മക്കൻസിമാനസ്ക്രിപ്ടിൽ" 50 ചേരന്മാരുടെ ബിരുദങ്ങൾ നൽകിയിരിക്കു

ന്നാത്. ഇന്നത്തെ "ശാസ്ത്രീയ" ചരിത്ര ഗവേഷകർ കോലത്തിരി സ്വരൂപ ചരിത്രകാവ്യമായിട്ടാണ് ഇതിനെ ഇന്നും പരിഗണിച്ചുവരുന്നതു്.

KOTTAYAM PUBLIC LIBRARY * KOTTAYAM.

## കലിക്കുമുമ്പുള്ള ചേരർ

ആദ്യമായി കലിക്കുമുമ്പുള്ള 30 ചേരന്മാർക്ക് "മക്കൻസി മാനസ്ക്രിപ്ട്" നല്കിയിരുന്ന ബിരുദങ്ങളും, ഞാൻ നിർണ്ണയിച്ചിട്ടുള്ള ഇവരിൽ ചിലരുടെ വാഴ്ച്ചാരംഭങ്ങളുടെ ഒരുവിധം സൂക്ഷ്മമായ കാലങ്ങളും മുറയ്ക്കു ചേർക്കുന്നു:—

1) യദുകുലചേരൻ:-170 ബി. സി. 2) വംശോദ്ധാരകൻ: 146 ബി. സി. 3) മനുമുറൈ നടത്തിയ ചേരൻ (മനുസ്മൃതി അനുസരിച്ചു വാണ ചേരൻ). 4) വീരപ്രതാപൻ. 5) വിക്രമകേസരി. 6) രിപുകുലക്ഷയൻ. 7) സമരശാർദ്ദൂലൻ: 57 ബി. സി. 8) പുനൽനാട്ടുകൊണ്ട ചേരൻ (ചോഴം കീഴടക്കിയ ചേരൻ.) 9) പുലിക്കൊടി പറിത്ത ചേരൻ (ചോഴരുടെ പുലിലാഞ്ഛനമുള്ള കൊടി അപഹരിച്ച ചേരൻ.) 10) എല്ലൈകരൈകണ്ട ചേരൻ (അതിർത്തി സ്ഥാപിച്ച ചേരൻ.) 11) രാജഗംഭീരൻ. 12) മുന്നീലമണിയിട്ട ചേരൻ. 13) മുരശറൈന്ത ചേരൻ (യുദ്ധപടഹം ശബ്ദിച്ച ചേരൻ.) 14) രാജമാർത്താണ്ഡൻ: 50 എ. ഡി. 15) രാജരാജേശ്വരൻ: 68 എ. ഡി. 16) രാജപ്രതാപൻ. 17) ആറിലൊരു കടമൈകൊണ്ട ചേരൻ (വിളവിന്റെ ആറിലൊന്നു് ഭൂനികുതിയാക്കിയ ചേരൻ.) 18) അനന്തഗുണൻ. 19) മദന-വിസ്തരൻ. 20) വരഗുണോജ്ജ്വലൻ. 21) ആത്മ

മനിലയിട്ട ചേരൻ (രാജാക്കന്മാർ വാനപ്രസ്ഥരാകണമെന്ന പതിവു സ്ഥാപിച്ച ചേരൻ) 22) അനപൂത്തിചേരൻ. 23) ഹവിർഭാഗചേരൻ (യജ്ഞം നടത്തിയ ചേരൻ.) 24)ത്യാഗസമുദ്രചേരൻ: 292 ഏ. ഡി. 25) തിരുനീട്ടുചേരൻ (രാജ്യം നീടിയ, അഥവാ വീണ്ടെടുത്ത ചേരൻ.) 26) മെയ്പൊരുൾകണ്ട ചേരൻ (സത്യത്തിൻെറ പൊരുൾ അറിഞ്ഞ ചേരൻ.) 27) പാണൎക്കു നിതിതന്ത ചേരൻ (പാട്ടുകാൎക്കും, സാഹിത്യകാരന്മാൎക്കും സമ്മാനങ്ങൾ കൊടുത്ത ചേരൻ.) 28) ഭാസ്കരഭാനു ചേരൻ: 378 ഏ. ഡി. 29) ദൈവകുഞ്ജരചേരൻ. 30) സിന്ധുവാരുണൻ I. (ഇദ്ദേഹം 443 ഏ. ഡി. യിൽ മരിച്ചു.)

രണ്ടാമതായി ഈ 30 പേൎക്കും "മൂഷികവംശകാവ്യം" കൊടുത്തിട്ടുള്ള ഓരോ ബിരുദം മുറയ്ക്കു ചേൎക്കുന്നു: 1) രാമഘടമൂഷികൻ. 2) നന്ദനൻ. 3) ഉഗ്രൻ I. 4) സിംഹസേനൻ. 5) ചന്ദ്രവൎമ്മൻ I. 6) ബൃഹത്സുതൻ 7) ഉഗ്രാശ്വൻ. 8) ബൃഹദ്സേനൻ I. 9) ശതസോമൻ. 10) രുദ്രവൎമ്മൻ. 11) വ്യാഘ്രസേനൻ. 12) ഭീമവൎമ്മൻ. 13) ബൃഹദ്സേനൻ II. 14) ഉല്ലലാക്ഷൻ. 15) ദേവദ്യുമ്നൻ. 16) ഉഗ്രൻ II. 17) വടുകവൎമ്മൻ. 18) അഹിരണൻ. 19) രണഭദ്രൻ. 20) ആഢ്യഗുപ്തൻ. 21) അചലൻ. 22) വിക്രമസേനൻ. 23) വിനയവൎമ്മൻ. 24) രാജവൎമ്മൻ. 25) ജയമാനി. 26) രണമാനി. 27) ഉദയാദിത്യൻ. 28) വിരോചനൻ. 29) ശശിദത്തൻ. 30) വജ്രസേനൻ, അഥവാ നിപാതവൎമ്മൻ.

## കലികൾ ശേഷമുള്ള ചേരർ.

മൂന്നാമതായി കലിക്കുശേഷം വാണിരുന്ന 20 ചേരക്ക് "മക്കൻസിമാനസ്ക്രിപ്ട്" കൊടുത്തിട്ടുള്ള പേരുകളും ഇവരിൽ ചിലരുടെ വാഴ്ച്ചാരംഭകാലങ്ങളും മുറയ്ക്കു ചേക്കുന്നു:

1) അക്ഷയപാത്രചേരൻ: 443 ഏ. ഡി. 2) ഏനാതിചേരൻ 3) വംശപരിപാലകൻ. 4) മംഗലകാരൻ. 5) ശിവധമ്മോദ്ധാരകൻ: 496 ഏ. ഡി. 6) ജീവനേശൻ അഥവാ ശീലനൻ. 7) ജീവോത്ഭവൻ: 540 ഏ. ഡി. 8) സിന്ധുവാരുണൻ II: 562 ഏ. ഡി. 9) ജീവസംരക്ഷകൻ. 10) ദീർഘയാത്രചേരൻ. 11) തീത്തചട്ടചേരൻ (ചട്ടം, അഥവാ നിയമം നിമ്മിച്ച ചേരൻ). 12) അച്യുതപ്രതാപചേരൻ: 639 ഏ. ഡി. 13) അഖണ്ഡിതകീത്തിപ്രതാപചേരൻ: 657 ഏ. ഡി. 14) വീരരാജേന്ദ്ര ചേരൻ: 671 ഏ. ഡി. 15) ഭീമീശ്വരചേരൻ: 696 ഏ. ഡി. 16) നിമ്മലശേഖരൻ: 717 ഏ. ഡി. 17) പ്രപഞ്ചേശ്വര (പ്രഭഞ്ജനേശ്വര) ചേരൻ: 729 ഏ. ഡി. 18) ശിവപാദശേഖരചേരൻ: 767 ഏ. ഡി. 19) തിരുമഞ്ചനചേരൻ: 787 ഏ. ഡി. 20) കൈലാസം അടൈന്തചേരൻ: 802 ഏ. ഡി. (ഇദ്ദേഹം 818 ഏ. ഡി.യിൽ മരിച്ചു.)

നാലാമതായി, "മൂഷികവംശകാവ്യം" ഈ 20 പേക്കും കൊടുത്തിട്ടുള്ള പേരുകൾ മുറയ്ക്കു ചേക്കുന്നു: 1) മഹോദയൻ. 2) ശിവചരിതൻ 3) ഈശാനവമ്മൻ I. 4) കഞ്ചിവർമ്മൻ. 5) രണമാനി ഈശാന വമ്മൻ II. 6) ന്റ

പരാമൻ അഥവാ ചന്ദ്രവർമ്മൻ II. 7) പാലകൻ I. 8) വലിധരൻ. 9) വിക്രമരാമൻ. 10) ജനമാനി. 11) ശംഖവർമ്മൻ. 12) ജയമാനി. 13) വളഭൻ I. 14) കന്ദവർമ്മൻ. 15) പാലകൻ II. 16) രിപുരാമൻ. 17) ഗംഭീരൻ. 18) ജയമാനിരാമഘടൻ. 19) വളഭൻ II. 20) ശ്രീകണ്ഠൻ, അഥവാ രാജവർമ്മൻ. ഈ 20 പേരിൽ അക്ഷയപാത്രചേരനു പെരുംചോററു് ഉതിയൻചേരൻ ആതൻ എന്നും ശിവധർമ്മോദ്ധാരകനു പെരുംതോൾ ഉതിയൻചേരൻ ആതർ എന്നും, ജീവനേശചേരനു് ഇമയവരമ്പൻ നെടുംചേരൻ ആതൻ എന്നും, തമിഴ് സംഘ ഐതിഹ്യം പേരിട്ടിരിക്കുന്നു.

അഞ്ചാമതായി, ജീവോത്ഭവചേരൻ മുതല്ക്കു് അഖണ്ഡിതകീർത്തിപ്രതാപനൾപ്പെടെയുള്ള ഏഴു ചേരക്കു തമിഴ്സംഘഐതിഹ്യം കൊടുത്തിട്ടുള്ള ബിരുദങ്ങൾ ചേർക്കുന്നു:–1) പൽയാനൈച്ചൽ കെഴു കുട്ടുവൻ, ധർമ്മപുത്രൻ. 2) കളങ്കായ്ക്കണ്ണി നാർമുടിച്ചേരൻ. 3) കടൽ പിറക് ഓട്ടിയ ചെങ്കുട്ടുവൻ I. 4) ആട്കോട്പാട് ചേരൻ ആതൻ. 5) ചെൽവക്കൊട്ടും കോവാഴി ആതൻ. 6) പെരും ചേരൻ ഇരുംപൊറൈ. 7) ഇളംചേരൻ ഇരുമ്പൊറൈ. വീരരാജേന്ദ്രചേരൻേറയും, ഭീമീശ്വരചേരൻേറയും തമിഴ് സംഘനാമങ്ങൾ എന്താണെന്നു കണ്ടുപിടിക്കാൻ എനിക്കു സാധിച്ചിട്ടില്ല. നിമലശേഖരനു അയ്യാനാരിതനാർ എന്നും, പ്രഭഞ്ജനേശ്വരചേരനു ചെങ്കുട്ടുവൻ II എന്നും, ശിവപാദശേഖരനു് ഇളങ്കോ അടികൾ, കോട്ടമ്പലത്തു തുഞ്ചിയചേരമാൻ എന്നും, തിരുമഞ്ചനചേരനു യാനൈക്കൺചേയ്മാന്തരൻ

ചേരൻ ഇരുമ്പൊറൈ എന്നും, കൈലാസം അടൈന്ത ചേരൻ മാരിവൺകോ എന്നും ആകുന്നു തമിഴ് സംഘപ്പേരുകൾ.

ആറാമതായി, 37-ാം പെരുമാളായ ജീവോത്ഭവചേരൻ മുതല്ക്കു 58-ാം പെരുമാളായ ഭാസ്കരരവിവർമ്മൻ ഉൾപ്പെടെയുള്ള 22 പെരുമാക്കൾക്കു "കേരളോല്പത്തി" കൊടുത്തിട്ടുള്ള ബിരുദങ്ങൾ മുറയ്ക്കു ചേർക്കുന്നു:—

1) കേയപ്പെരുമാൾ 2) ചോഴപ്പെരുമാൾ 3) പാണ്ടിപ്പെരുമാൾ 4) കേരളപ്പെരുമാൾ 5) ചെംഗൽപെരുമാൾ 6) കുലശേഖരപ്പെരുമാൾ (I), 7) പള്ളിബാണപ്പെരുമാൾ 8) തുളുവൻ പെരുമാൾ 9) ഇന്ദ്രപ്പെരുമാൾ 10) ആര്യപ്പെരുമാൾ 11) കുന്ദൻപെരുമാൾ 12) കോട്ടിപ്പെരുമാൾ 13) മാടപ്പെരുമാൾ 14) ഏഴിക്കൊമ്പൻ പെരുമാൾ 15) വിജയൻ പെരുമാൾ 16) വളഭൻപെരുമാൾ 17) ഹരിശ്ചന്ദ്രപ്പെരുമാൾ 18) മല്ലൻപെരുമാൾ 19) കുലശേഖരപ്പെരുമാൾ (II), 20) ആദിരാജപ്പെരുമാൾ 21) പാണ്ടിപ്പെരുമാൾ 22) ചേരമാൻപെരുമാൾ. ഈ 22 പെരുമാക്കന്മാർ 540-1036 ഏ. ഡി. എന്ന കാലത്തു നാടുവാണിരുന്നു. "ഭ്രമൌഭ്രപോയംപ്രാപ്യ" (324 ഏ. ഡി. + 216 വർഷം=540 ഏ. ഡി) എന്ന കലിവാക്യം നൽകുന്ന വർഷമത്രേ 540 ഏ. ഡി. അറേബ്യയിലെ ഒന്നാം പാലാഴിമഥനം നടന്ന 6030 ബി. സ യിൽ നിന്നു ഒരു മിസ്റ്റിക്ക് കല്പമായ 6666 സാവനവർഷം (6571 സാധാരണവർഷം) തികയുന്ന ആണ്ടുമാണ് ഇതു്.

കേരളത്തിലെ ശ്രീശങ്കരാചാര്യർ "സൂത്രഭാഷ്യത്തി"ൽ പറഞ്ഞിട്ടുള്ള രാജവർമ്മൻ, പൂർണ്ണവർമ്മൻ, ബലവർമ്മൻ എ

ന്നിവർ യഥാക്രമം ഏഴിക്കൊമ്പൻ, വിജയൻ, വളഭൻ എന്നീ പെരുമാക്കന്മാരാകുന്നു. മല്ലൻ പെരുമാളാണു ക്രിസ്ത്യാനികളുടെ കോട്ടയം ചെപ്പേടിലെ താണുരവി. കുലശേഖരൻ II (871-911 ഏ. ഡി.) അന്ത്യകാലത്തു ഇസ്ലാംമതം സ്വീകരിച്ചു മക്കത്തേയ്ക്കു പോവുകയുണ്ടായി. "തപതീസവരണം" "സുഭദ്രാധനഞ്ജയം" എന്ന രണ്ടു സംസ്കൃതനാടകങ്ങളും, ഗുണാഢ്യന്റെ "ബൃഹത്കഥ"യെ ആസ്പദിച്ചു "ആശ്ചര്യമഞ്ജരി" എന്ന സംസ്കൃതഗദ്യകഥാസമാഹാരവും ഈ കുലശേഖരൻ രചിച്ചിട്ടുണ്ട്. ഒരു യോദ്ധാവിനേക്കാളധികം ഒരു സാഹിത്യകാരനായിരുന്ന ഇദ്ദേഹത്തിന്റെ വാഴ്ചക്കാലത്തു വരുന്ന 895 ഏ. ഡി. യിൽ ആദിത്യൻ 1 എന്ന ചോഴൻ, ചേരമാൻ പെരുമാക്കളുടെ കൊംഗുദേശത്തുള്ള സ്ഥലങ്ങളെല്ലാം ആക്രമിച്ചു കൈവശപ്പെടുത്തുകയുണ്ടായി. "യുധിഷ്ഠിരവിജയം" മുതലായ ചൊൽക്കൊണ്ട യമകകാവ്യങ്ങളുടെ കർത്താവായ വാസുഭട്ടേരി 1 ഈ കുലശേഖരന്റെ ആശ്രിതനായിരുന്നു.

ആദിരാജപ്പെരുമാളിനു (911-959 ഏ. ഡി.) ശാസനങ്ങളിൽ ഗോദരവി എന്നു പേരിട്ടിരിക്കുന്നു. സർവ്വജ്ഞാത്മന്റെ വേദാന്തകൃതിയായ "സംക്ഷേപശാരീരക"വും, നാരായണകവിയുടെ യമകകാവ്യമായ "സീതാഹരണ"വും ഗോദരവിക്കു മനുകുലാദിത്യൻ എന്ന നാമമാണു കൊടുത്തിരിക്കുന്നതു്. ഗോദരവി പെരുമ്പടപ്പു സ്വരൂപം സ്ഥാപിക്കുകയും, സുപ്രസിദ്ധമായ "കൊംഗുപ്പട"യെ 917 ഏ. ഡി. യിൽ തോല്പിക്കുകയും ചെയ്തു. 58_ാം പെരുമാൾ ഭാസ്കരരവിവർമ്മന്റെ (978-1036 ഏ. ഡി.) 48-ാം ആണ്ടിലെ തിരുമൂഴി

ക്കളും ശാസനത്തിൽ പ്രസ്തുത മനുകുലാദിത്യൻ ഇവിടത്തെ ക്ഷേത്രത്തിനു മുമ്പു കൊടുത്തിരുന്ന കുറേ ചേരിക്കൽ ഭൂമിയെപ്പററി പ്രസ്താവിച്ചിട്ടുണ്ട്. പശ്ചിമോത്തരമൈസൂരിലെ ശാന്തരസ്വരൂപത്തിൻെറ കലശശാഖയിൽനിന്നാണു കുലശേഖരൻ II ഗോദരവിയുടെ മാതാവിനെ സോദരിയായി ദത്തെടുത്തതു്. കലശശാഖയുടെ രാജധാനിയായ കലശയിലെ കുന്നിനു ത്രിപര്വ്വതം, ത്രികൂടം എന്നീ നാമങ്ങൾ ഉണ്ടായിരുന്നു. ഈ ശാഖ മൈസൂരിലെ ഗംഗവാഡിവിഷയത്തിൻെറ ചില ഭാഗങ്ങളും ഭരിച്ചിരുന്നു. ഇതുകാരണമാണ് കൊച്ചിയിലെ പെരുമ്പടപ്പു മൂപ്പിനു ഗംഗാധരത്രിക്കോവിലധികാരികൾ എന്ന ബിരുദം ലഭിച്ചത്. ഗംഗാധരയാണ് ഗംഗവാഡി.

തനി സൂര്യവംശക്കാരനായ (ഇക്ഷ്വാകുവംശജനായ) ആദിരാജപ്പെരുമാളിൻെറ പിൻഗാമി പാണ്ടിപ്പെരുമാളിനു (959–978 എ. ഡി.) ശാസനങ്ങൾ ഇന്ദുഗോദവർമ്മനെന്നും ഇന്ദീശ്വരൻഗോദ എന്നും പേരുകൾ കൊടുത്തിരിക്കുന്നു. നൃഗൻ എന്ന രാജാവിൻെറ പ്രോത്സാഹനം കൊണ്ടാണ് താൻ "ഭാമതി" രചിച്ചതെന്നു സുപ്രസിദ്ധനായ വേദാന്തഗ്രന്ഥകാരൻ വാചസ്പതിമിശ്രൻ ഇതിൽ പറഞ്ഞിട്ടുണ്ട്. ഈ നൃഗനത്രേ ഇന്ദുഗോദവർമ്മൻ. പുരാണങ്ങളിലെ ഇക്ഷ്വാകുവിനു (2186 ബി. സി.) നൃഗൻ (വായുദേവൻ) എന്നൊരു അനുജൻ ഉണ്ടായിരുന്നതും ഇവിടെ ശ്രദ്ധേയമാകുന്നു. താൻ "ന്യായസൂചീനിബന്ധം" രചിച്ചതു 976 എ. ഡി. യിലാണെന്നു വാചസ്പതിമിശ്രൻ ഇതിൽ പ്രസ്താവിച്ചിരിക്കുന്നു. ഇക്കൊല്ലത്തിൽ ഇന്ദുഗോദവർമ്മൻ നാടു വാണിരുന്നു.

58പെരുമാക്കന്മാരും പാണ്ടിപ്പെരുമാൾ, ചോഴപ്പെരുമാൾ എന്നീ ബിരുദങ്ങൾ ഒന്നിടവിട്ടു മാറി മാറി വഹിച്ചിരുന്നു. രവിവർമ്മൻ എന്ന വ്യക്തിനാമമുള്ള ഒന്നാംപെരുമാൾ രാമഘടമൂഷികൻ പാണ്ടിപ്പെരുമാളെന്ന ബിരുദമത്രേ വഹിച്ചിരുന്നത്. രണ്ടാംചോഴപ്പെരുമാൾ (നന്ദനൻ, നാരായണഭട്ടചോഴൻ) തന്നിമിത്തം ചോഴപ്പെരുമാൾ എന്ന ബിരുദം വഹിച്ചിരുന്നിരിക്കും.

## ചില പെരുമാക്കന്മാരെപ്പററിയുള്ള വിവരങ്ങൾ

പ്രസ്തുത 58 പെരുമാക്കന്മാരിൽ ചിലരെപ്പററിയുള്ള ചില വിവരങ്ങൾ ചുവടെ ചേക്കുന്നു—"ദഋർധരം" എന്ന കലിവാക്യം സൂചിപ്പിക്കുന്ന 170 ബി. സി. യിൽ ആകുന്നു കോൽഹാപ്പൂരിലെ ദക്ഷിണമൗര്യനൃപനെ ജയിച്ചു കപ്പംവാങ്ങി പെരുമാൾ (ചക്രവത്തി) പദവി ഇദംപ്രഥമമായി നേടിയ മഹാവീരൻ ഒന്നാംപെരുമാൾ രാമഘടമൂഷികൻ സിംഹാസനത്തിൽ കയറിയതു്. പ്രസ്തുത കലിവാക്യം 3071 ബി. സി. യിലെ കലിയെ ആസ്പദിച്ചു 113 ബി. സി. എന്നാകും. പക്ഷെ, വാസ്തവത്തിൽ ഇതിലെ കലി വിക്രമാബ്ദം തുടങ്ങുന്ന 57 ബി. സി. യിൽനിന്നു 113 വഷം മുമ്പുള്ള 170 ബി. സി. യാകുന്നു.

രണ്ടാംപെരുമാൾ നന്ദനനു നാരായണഭട്ടചോഴനെന്ന ബിരുദവുമുണ്ടായിരുന്നു. ഇദ്ദേഹമാണു് 146 ബി. സി. യിൽ തുടങ്ങുന്ന കേരളത്തിലെ പരശുരാമാബ്ദം സ്ഥാപിച്ചതു്.

ഈ ചേരനാണു് ആദികഴകങ്ങളായ പെരിഞ്ചെല്ലൂർ, പയ്യന്നൂർ അഥവാ പന്നിയൂർ (പന്തലായിനി കൊല്ലം) പറപ്പൂർ (പരപ്പനങ്ങാടി) ചെങ്ങന്നൂർ (കൊച്ചിയിലെ ചിറവൂർ-തത്തമംഗലം) എന്നിവ സ്ഥാപിച്ചതു്. ഈ നാലു ആദികഴകങ്ങളെ ആസ്പദിച്ചു ആദിയിൽ നാലു കൂറുകൾ ഉത്ഭവിക്കുകയുണ്ടായി. കദംബരാജാവു് മയൂരവർമ്മന്റെ തുളുനാട്ടു് ആക്രമണാനന്തരം ഇവ മൂന്നു കൂറുകളായി. സാമൂതിരി പരപ്പനങ്ങാടി കൈവശപ്പെടുത്തിയതിനുശേഷം, ഇവ പന്നിയൂർ കൂറെന്നും ചോവരക്കൂറെന്നും രണ്ടു കൂറുകളായി. പന്നിയൂർ കൂർ സാമൂതിരിയുടെ കീഴിലും ചോവര (ശുകപര) കൂറു പെരുമ്പടപ്പിന്റെ കീഴിലും ആയിരുന്നു. ഇവ രണ്ടും തമ്മിൽ മദ്ധ്യകാലങ്ങളിൽ സദാ കലഹിച്ചുകൊണ്ടിരുന്നു. ഇവ തമ്മിലുള്ള നിസ്സാരങ്ങളായ ആചാരവ്യത്യാസങ്ങൾ അറിയണമെങ്കിൽ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ "കേരളം" കാവ്യം നോക്കുക.

ഏഴാം പെരുമാളായ സമരശാർദ്ദൂലൻ (ഉഗ്രാശ്വൻ) കോയമ്പത്തൂർ ജില്ലയുടെ തെക്കൻഭാഗത്തു സ്ഥിതിചെയ്തിരുന്ന കേരളദേശസാമന്തനെ തോല്പിക്കുകയും 57 ബി. സി.യിൽ തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമിക്ഷേത്രം പിന്നീടു് സ്ഥാപിച്ച സ്ഥലത്തു കോട്ടിയൂർ, അഥവാ ഗോശാല എന്ന കൃഷ്ണക്ഷേത്രം സ്ഥാപിക്കുകയും ചെയ്തു. ദക്ഷിണതിരുവിതാംകൂറിലെ പണ്ടത്തെ ആയ് (യാദവാ) സ്വരൂപത്തിന്റെ സ്ഥാപകന്റെ പിതാവാണു് ഉഗ്രാശ്വൻ. 9-ാംചേരൻ പുലിക്കൊടിപറിത്ത ചേരൻ (ശതസോമൻ) പെരിഞ്ചെല്ലൂർ ക്ഷേത്രം ഉദ്ദേശം 16 ബി. സി. യിൽ സ്ഥാപിച്ചു. പതിനൊ

ന്നാംചേരൻ രാജഗംഭീരൻെറ (വ്യാഘ്രസേനൻെറ) കാലത്തു (ഉദ്ദേശം 10_26 എ. ഡി.) യെഹൂദർ ആദ്യമായി കേരളത്തിൽ വന്നു. പലസ്തീനിയായിലെ ഒരു രാജാവായ ഹെരോദസ് അന്തിപാസിൻെറ ദുർഭരണം ഭയന്നാണ് ഇവർ ഇങ്ങോട്ടു പോന്നതു്. യേശുക്രിസ്തുവിനെ ജ്ഞാനസ്നാനം ചെയ്യിച്ച യോഹന്നാൻ സ്നാപകനെ വധിപ്പിച്ച രാജാവത്രേ ഹെരോദസ് അന്തിപ്പാസ്. 14_ാംചേരൻ രാജമാർത്താണ്ഡൻെറ (ഉല്പലാക്ഷൻെറ) കാലത്തു (50_68 എ. ഡി.) അപ്പോസ്തലൻതോമസ് കേരളത്തിൽ വന്നു. അപ്പോസ്തലനെപ്പററിയുള്ള കഥയിലെ ഗൊന്ദോഫറസ് (കുന്ദവർമ്മൻ) ആണു രാജാമാർത്താണ്ഡൻ. ഇദ്ദേഹത്തെ അപ്പോസ്തലൻ ഒരു ക്രിസ്ത്യാനിയാക്കി.

17-ാംപെരുമാൾ ആറിലൊരു കടമൈകൊണ്ട ചേരൻ (വട്ടകവർമ്മൻ) ആദിത്രിശ്ശൂരും കോലപട്ടണവുമായ ചേന്ദമംഗലത്തെ വട്ടകേശ്വര (വട്ടകനാഥ, വടക്കുംനാഥ) ക്ഷേത്രം 112 എ. ഡി. ക്കു സമീപിച്ചു സ്ഥാപിക്കുകയുണ്ടായി. പില്ക്കാലകഴകങ്ങളിൽ ഒന്നായ ഐരാണിക്കുളത്ത് 18-ാം പെരുമാൾ അനന്തഗുണൻ (അഹിരണൻ) അഹിരണ(ഐരാണി) ക്ഷേത്രം പണിയിച്ചു. കുഴൂരിനടുത്താണ് ഐരാണിക്കുളം. 24_ാം പെരുമാൾ ത്യാഗസമുദ്രചേരൻ (രാജവർമ്മൻ) ഒരു ബുദ്ധമതക്കാരനായിരുന്നു. ഇദ്ദേഹത്തെപ്പററി ഞാൻ കൊല്ലത്തെ "പ്രഭാത"ത്തിൻെറ ഒരു വാർഷികപ്പതിപ്പിൽ എഴുതിയിരുന്ന "ബുദ്ധമതവും കേരളീയരും" എന്ന ലേഖനം നോക്കുക.

25-ാംപെരുമാൾ തിരുനീട്ടചേരൻ (ജയമാനി) (ഉദ്ദേശം 308_340 എ്യ. ഡി.) തന്റെ വാഴ്ച്ചാരംഭത്തിൽ ഉത്തരകാനറയിലെ ബൈനവാസിയിലെ കദംബരാജാവ് മയൂരവമ്മൻ പിടിച്ചടക്കിയ തുളുഖണ്ഡത്തിന്റെ ദക്ഷിണഭാഗം മാത്രം കൊംഗ്ഗുപാണ്ഡ്യരുടെ സഹായസഹിതം വീണ്ടെടുക്കുകയുണ്ടായി. 378 എ്യ. ഡി. യിൽ കിരീടം ധരിച്ച 28_ാംപെരുമാൾ ഭാസ്കൂരഭാനുചേരൻ (വിരോചനൻ) കൊംഗ്ഗുദേശത്തെ പല്ലവരോടു യുദ്ധം ചെയ്തു പല്ലവനൃപനെ തോല്പിക്കുകയും അദ്ദേഹത്തിന്റെ പുത്രിയെ കല്യാണം കഴിക്കുകയും ചെയ്തു. ഈ വിജയത്തിന്റെ സ്മാരകമായി കേരളീയ പഞ്ചാംഗങ്ങളിൽ പെരുമാൾ അബ്ദം എന്നു പേരിട്ടിട്ടുള്ള അബ്ദം 386 എ്യ. ഡി. യിൽ ഇദ്ദേഹം സ്ഥാപിക്കുകയുണ്ടായി. കൂടാതെ, തന്റെ വാഴ്ച്ചാരംഭകാലം ആയ 378 എ്യ. ഡി. യിൽ ഇദ്ദേഹം കേരളത്തിലെ യെഹൂദക്ക് ഒരു ചെമ്പുപട്ടയം കൊടുത്തു എന്നും യെഹൂദ ഐതിഹ്യം പറയുന്നു. ഈ ഐതിഹ്യത്തിൽ ഭാസ്കരരവിവമ്മൻ എന്നു പേരിട്ടിട്ടുള്ള പെരുമാൾ ഭാസ്കരഭാനുവാകുന്നു. ഭാനു രവിയാണല്ലോ. ഇന്നത്തെ "ശാസ്ത്രീയ"ചരിത്രഗവേഷകർ ഈ ഭാസ്കരരവി ഒടുവിലത്തെ പെരുമാൾ ഭാസ്കരരവിവമ്മനാണെന്നു വിചാരിച്ചുവരുന്നു. ഈ ഒടുവിലത്തെ ഭാസ്കരരവിയും യെഹൂദക്കു ഒരു ചെപ്പേടു നല്കിയിട്ടുണ്ട്. ഈ രണ്ടു ചെപ്പേടുകളേയും തമ്മിൽ ഈ ചരിത്രഗവേഷകർ വേർതിരിക്കുന്നില്ല. ഭാസ്കരഭാനുവിന്റെ വാഴ്ച്ചക്കാലത്തു ദ്വീപിൽ (ഇന്നത്തെ സൊക്കോട്ര ദ്വീപിൽ) നിന്നു തിയോഫിലസ് എന്ന ക്രിസ്തുമതപ്രചാരകൻ കേരളവും, സിലോണും സന്ദശിക്കുകയുണ്ടായി. ഇദ്ദേ

ഹത്തിൻെറ വരവിനും പ്രസ്തുത യെഹൂദചെപ്പേടിനും ത മ്മിൽ ബന്ധമുണ്ടെന്നു തോന്നുന്നു.

31-ാം പെരുമാൾ അക്ഷയപാത്രചേരൻ (മഹോദ യൻ) പണ്ടത്തെ കുരുനാട്ടുദേശത്തെ തൃപ്പൂണിത്തറയ്ക്കു സമീ പമുള്ള ചോററാനിക്കര ഭഗവതിക്ഷേത്രം സ്ഥാപിക്കുകയു ണ്ടായി. കുരുക്ഷേത്രയുദ്ധത്തിൽ ഇരുകക്ഷികൾക്കും ഇദ്ദേ ഹം പക്ഷപാതമെന്യേ സദ്യ (തമിഴിൽ, പെരുഞ്ചോറു്) കൊടുത്തു എന്നൊരു കഥ ജനിച്ചതിനു കാരണം ഈ ക്ഷേ ത്രസ്ഥാപനമാകുന്നു. പെരുഞ്ചോററു് ഉതിയൻചേരൻ ആ തൻ എന്നു തമിഴസംഘ ഐതിഹ്യം ഇദ്ദേഹത്തിനു പേരി ട്ടിരിക്കുന്നതും ഇതുമൂലമത്രേ. ആതൻ എന്നതിനു ഗുരു (വാനപ്രസ്ഥാശ്രമം വരിച്ച നൃപൻ) എന്നു് അർത്ഥമുണ്ടു്. 34-ാംപെരുമാൾ മംഗലകാരചേരൻ (കുഞ്ചിവർമ്മൻ) വഞ്ചി മഹാനഗരമെന്ന യുഗനഗരത്തിൻെറ ഒരു ഭാഗമായ കോല പട്ടണത്തിൽ, അഥവാ ചേന്ദമംഗലത്തു ഖരവനക്ഷേത്രം പണിയിക്കുകയുണ്ടായി. ചൊവ്വാഗ്രഹത്തിനു മംഗലൻ എ ന്നും, ഖരനെന്നും പര്യായങ്ങളുണ്ടു്. വയ്ക്കം, കടുത്തുരുത്തി, ഏററുമാനൂർ എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളെ ഒരേ സമ യത്തു ഖരമഹർഷി സ്ഥാപിച്ചു എന്ന കഥയുണ്ടെന്നും, ആദി യിൽ ഇവ മൂന്നും വഞ്ചിമഹാനഗരത്തിലാണു് സ്ഥിതി ചെ യ്തിരുന്നതെന്നും 1955 ജൂലായി 13-ാംനു-യിലെ "മാതൃഭൂമി" വാരികയിലെ "ചേരരാജധാനികൾ" എന്ന ലേഖനത്തിൽ ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. ഈ ഖരമഹർഷി മംഗലകാര ചേരനോ, ഇദ്ദേഹത്തിൻെറ ആശ്രിതനായ ഒരു യോഗിയോ ആയിരിക്കും. ഖരത്തിനു കഴുതയെന്ന അർത്ഥവുമുണ്ടു്. വ

ഞ്ചിയിൽ ഒരു കഴുതനാട്ടു ഗ്രാമവും ഉണ്ടായിരുന്നു. "മൂഷികവംശ"കാവ്യത്തിലും ഖരവനക്ഷേത്രത്തെ പ്രസ്താവിച്ചിട്ടുണ്ട്.

## ഈശാനവമ്മൻ II

35-ാം പെരുമാൾ ശിവധമ്മോദ്ധാരകചേരൻ (രണമാനി ഈശാനവമ്മൻ II) ചേന്ദമംഗലത്തെ കോട്ടക്കോവിൽകുന്നിൽ ഒരു തോലും (സാഹിത്യസഭയും,) ഇതിലെ പണ്ഡിതന്മാക്കുവേണ്ടി ഇവിടെത്തന്നെ ഒരു ഭോജനശാലയും സ്ഥാപിച്ചതും, വഞ്ചിയുടെ ഒരു പര്യായമായ കാന്തളൂർ (മയിൽപുരം) എന്നതിൽനിന്ന് ഇതിനു സുപ്രസിദ്ധമായ കാന്തളൂർ ചാല എന്നും ഇതിനെ തൊട്ട് ഒഴുകുന്ന ആറിനു ചാലക്കുടിപ്പുഴയെന്നും പേരുകൾ ലഭിച്ചതും, തിരുവനന്തപുരത്തെ "കേരളകൌമുദി"യുടെ 1956-ലെ വാഷികപ്പതിപ്പിൽ "കാന്തളൂർ ചാല" എന്ന ലേഖനത്തിൽ ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. തൻെറ അളിയനും, കോയമ്പത്തൂർ ജില്ലയിലെ കേരളദേശത്തെ സാമന്തനുമായ രഘുപതിജയരാഗനോടു പോരാടി ജയിക്കുകയും, കാവേരിക്കര കെട്ടിച്ചു ശാശ്വതകീത്തി നേടിയ കരികാല ചോഴൻ I-നോടു യുദ്ധംചെയ്തു തോല്പ്പിക്കുകയും, ഈ ചോഴൻെറ മകളെ വേൾക്കുകയും ഈശാനവമ്മൻ II ചെയ്തിട്ടുണ്ട്. കൂടാതെ, ഇദ്ദേഹം ശത്രുക്കൾ സ്ഥാനഭ്രഷ്ടനാക്കിയ പശ്ചിമമൈസൂരിലെ വസ്താരദേശത്തെ ദേവണഗേയ (കേയ) നാട്ടിലെ ചേദിരാജാവിൻെറ പുത്രിയെക്കൂടി വേൾക്കുകയും, ഈ ചേദിനൃപനെ അദ്ദേഹത്തിൻെറ രാജ്യത്തിൽചെന്നു പടവെട്ടി അവിടെ വീണ്ടും സ്ഥാപിക്കുകയും ചെയ്യുകയുണ്ടായി.

മൂഷികവംശകാവ്യത്തിൽ കേരളദേശ സാമന്തനോടുള്ള ഈശാനവർമ്മന്റെ യുദ്ധം വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ട്. ഈ യുദ്ധക്കളം വാഹിനീഭരണദേശം എന്നു പേരുള്ള ദേശത്തുകൂടി ഒഴുകുന്ന പരുഷ്ണീനദിയുടെ കരയിൽ സ്ഥിതിചെയ്തിരുന്നു. ബി. സി. 17–ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ പഞ്ചാബിലെ ദക്ഷിണപാഞ്ചാലത്തിൽ നാടു വാണിരുന്ന സുദാസൻ ദശരാജ്ഞയുദ്ധം പഞ്ചാബിലെ പത്തു രാജാക്കന്മാരോടു പരുഷ്ണീനദിക്കരയിൽവെച്ചു നടത്തിയതു ഋഗ്വേദസംഹിതയിൽ വർണ്ണിച്ചിട്ടുണ്ട്. ഇതിന്റെ സ്മരണ വെച്ചുകൊണ്ടാണു മൂഷികവംശകാവ്യകാരൻ ഈശാനവർമ്മന്റെ കേരളസാമന്തനോടുള്ള യുദ്ധം വർണ്ണിച്ചിരിയ്ക്കുന്നതു്. പഞ്ചാബിലെ പരുഷ്ണീനദി ജലംനദിയുടെ ഒരു വടക്കൻ പോഷകനദിയായ ഇന്നത്തെ തോഹി ആണെന്നു ഞാൻ നിർണ്ണയിച്ചിട്ടുണ്ട്. ഇതിനെപ്പററി ഞാൻ “സാഹിത്യഗവേഷണമാല”യുടെ ഒന്നാം ഭാഗത്തിൽ പറഞ്ഞിട്ടുമുണ്ട്. ദോഹ്യം (തോഹ്യം) എന്നതു പാലിന്റെ ഒരു പര്യായമാകുന്നു. തൻനിമിത്തം തോഹിക്കു പാലാർ എന്നു പേരിടാം. പടൈതലൈ (വാഹിനിദേശം) എന്ന പേരുണ്ടായിരുന്ന തെക്കൻ കോയമ്പത്തൂർ ജില്ലയിലെ ഉദുമാൽപേട്ട താലൂക്കിലെ തളി ഗ്രാമത്തിനു സമീപത്തുകൂടി ഒഴുകി ആനമല ഗ്രാമത്തിനടുത്തുവെച്ചു അലിയാറിനോടു ഒരു പാലാർ (പയസ്വിനി) പുഴ ചേരുന്നു. ഇതാണു “മൂഷികവംശ” കാവ്യത്തിലെ പരുഷ്ണീനദി. പടയാരച്ചി (വാഹിനിഭരണ) ജാതിക്കാർ ഈ ദേശത്തു ഇന്നും പാർത്തുവരുന്നു.

മാതൃവഴിയിൽ ചോഴവംശജനായ 36–ാം പെരുമാൾ ജീവനേശചേരൻ (ചന്ദ്രവർമ്മൻ II) ഒരു ബുദ്ധമതക്കാരനാ

യിരുന്നു. ഏ. ഡി. ആറാംശതകത്തിലെ ലോകചക്രവർത്തിമാരിൽ വെച്ച് ഏററവും പ്രബലനായിരുന്ന പാരസികചക്രവർത്തി കസ്രുനുശീർവാൻ (537_579 ഏ. ഡി.)സിലോണിലെ പാരസികകച്ചവടക്കാരുടെ രക്ഷക്കായി അയച്ച ഒന്നോ രണ്ടോ കപ്പലുകളെ കേരളതീരത്തു വെച്ചു ജീവനേശചേരൻ തൻെറ അരയപ്പടയെ നിയോഗിച്ചു നാവികയുദ്ധത്തിൽ ജയിച്ചു. ഇതു നിമിത്തം ഇമയവരമ്പൻ (ഹിമാലയപര്യന്തം കീർത്തി പരത്തിയവൻ) എന്ന ബിരുദം ഇദ്ദേഹം നേടി. ഈ പെരുമാളെ കുന്നംകുളത്തെ കക്കാട്ടുഭട്ടേരി (പിലക്കാലത്തെ തലപ്പിള്ളി രാജവംശത്തിൻെറ ഒരു ശാഖ സ്ഥാപിച്ച ദേഹം) ഒരു പക്ഷേ പെരുമാളിൻെറ അനുജൻ ജീവോത്ഭവചേരൻെറ അറിവോടുകൂടി, ചതിച്ചു വധിച്ചു.

മാതൃവഴിയിൽ മൈസൂരിലെ പ്രസ്തുത ദേവണഗേയ (കേയ)നാട്ടിലെ ചേദിവംശജനായ 37-ാംപെരുമാൾ ജീവോത്ഭവചേരൻ (പാലകൻ I, കേയപ്പെരുമാൾ) തെക്കുകിഴക്കൻ മൈസൂരിലെ യെളന്ദൂർ ദേശവും, കോയമ്പത്തൂരിലെ സത്യമംഗലം ദേശവും ആക്രമിച്ചു പിടിച്ചടക്കി. ജീവോത്ഭവൻെറ മരുമകൻ 38_ാം പെരുമാൾ സിന്ധുവാരുണൻ II-ൻെറ (വലിധരൻെറ) പിതാവ് ജയന്തകനെന്നു പേരുള്ള സത്യമംഗലദേശത്തെ സാമന്തനായിരുന്നു. ഒരു ജയിനമതക്കാരനായ ഈ ചേരനു കളങ്കായ്_കണ്ണിനാർ മുടിച്ചേരനെന്നു തമിഴ് സംഘഐതിഹ്യം പേരിട്ടിരിക്കുന്നതിനു രണ്ടു കാരണങ്ങളുണ്ടു്. കായ് എന്ന തമിഴ് പദത്തിനു മദിച്ച, കോപിച്ച എന്ന അർത്ഥം കാണാം. കടകം (കളാം)എന്നതിനു ആനയെന്നും തമിഴിൽ അർത്ഥമുണ്ടു്. കണ്ണു് എന്നാ

സ്ഥലമെന്നതിൻെറ തമിഴ് പൎയ്യായമാകുന്നു. ഗജ്ജൽ ഹത്തി മല (ആനമല) സമീപത്തുള്ള സത്യമംഗലത്തെ സാമന്തൻ ഈ ചേരൻെറ പിതാവാകയാൽ ഇദ്ദേഹത്തിന് കളങ്കായ് കണ്ണിചേരനെന്ന് പേരു കിട്ടി. തുളുനാട്ട് ആക്രമിച്ചു. അവിടെ അളിയസന്താന (മരുമക്കത്തായ) ദായക്രമം ഏൎപ്പെടുത്തിയതായി തുളു ഐതിഹ്യം പറയുന്ന ഭൂതലപാണ്ഡ്യൻ ഈ ചേരനാണ്. ചേരചോഴപാണ്ഡ്യ മുടികൾക്കു (കിരീടങ്ങൾക്കു) പുറമേ, മൈസൂരിലെ ഹൈഹയ (ആന്ധ്രപുത്ര) രാജ്യമുടിയും കൈക്കലാക്കിയതു കാരണം ഇദ്ദേഹത്തിന് നാൽമുടി (നാർമുടി) ചേരനെന്ന ബിരുദവും ലഭിച്ചു.

39-ാം പെരുമാൾ ജീവസംരക്ഷകചേരൻ (വിക്രമരാമൻ)കൊടുങ്ങല്ലൂർ താലൂക്കിലെ അഴിക്കോടിനും (മുശിരിക്കും) കോട്ടപ്പുറത്തിനും (മഹോദയപുരത്തിനും) ഇടയ്ക്കു് നിന്നിരുന്ന മൂലവാസം എന്ന സുപ്രസിദ്ധമായ ബൌദ്ധക്ഷേത്രത്തെ കടലാക്രമണത്തിൽനിന്നു കൽഭിത്തി കെട്ടിച്ചു രക്ഷിക്കുകയുണ്ടായി. ഇദ്ദേഹം കണ്ണാടകദേശത്തെ ബാദാമിയിലെ പശ്ചിമചാലൂക്യ ചക്രവൎത്തി കീൎത്തിവൎമ്മൻ I-നോട്ട് (567-591 ഏ. ഡി.) യുദ്ധം ചെയ്യുകയും ചെയ്തിട്ടുണ്ടെന്നു, ചാലൂക്യ ചെപ്പേടുകൾ കീൎത്തിവൎമ്മൻ നടത്തിയ ദിഗ്വിജയത്തിൽ മൂഷികനൃപനേയുംകൂടി ജയിച്ചു എന്നു പറഞ്ഞിട്ടുള്ളതിൽനിന്നു ഊഹിക്കാം. 40-ാം പെരുമാൾ ദീൎഘയാത്ര ചേരൻ (ജനമാനി) നീലഗിരി ജില്ലയിലെ നീടുമലദേശം ആക്രമിക്കുകയും, തൃക്കാക്കര വിഷ്ണുക്ഷേത്രം 604 ഏ. ഡി. യിൽ സ്ഥാപിക്കുകയും ചെയ്തു.

## ചെംഗൽ പെരുമാളും ഒന്നാം കുലശേഖരനും.

41-ാം പെരുമാൾ തീൎത്ത ചട്ട ചേരനേയും (ശംഖവൎമ്മനേയും,) 42_ാം പെരുമാൾ അച്യുതപ്രതാപചേരനേയും (ജയമാനിയേയും) പററി ചില വിവരങ്ങൾ 1955-ലെ "മാതൃഭൂമി" വാരികയിലെ "സാമൂതിരി വംശത്തിൻെറ മൂലകുലസ്ഥാപകൻ," "പറയിപെററ പന്തിരുകുലം" എന്നീ ലേഖനങ്ങളിൽ ഞാൻ നല്കിയിരുന്നു. വൈഷ്ണവയോഗികളായിരുന്ന ഇവർ ഇരുവരേയും കൂട്ടിക്കലൎത്തി തമിഴ് വൈഷ്ണവഐതിഹ്യം ഇവർ ഇരുവൎക്കും ഒന്നുപോലെ കുലശേഖര ആൾവാർ എന്നു പേരിട്ടിരിക്കുന്നു. ഡോക്ടർ എസ്. കൃഷ്ണസ്വാമി അയ്യങ്കാർ തൻെറ "Early History of Vaishnavism in South India" എന്ന കൃതിയിൽ കുലശേഖര ആൾവാർ മന്നാനാർ കോവിലിൽ വെച്ചു മൃതിയടഞ്ഞു എന്നും, ഈ ഗ്രാമം ദക്ഷിണആൎക്കാട്ടിലെ കാട്ടുമന്നാനാർ—കോവിൽ ആയിരിക്കാമെന്നും പ്രസ്താവിച്ചിരിക്കുന്നു. ഈ മന്നാനാർ കോവിൽ വാസ്തവത്തിൽ ചിറക്കൽ താലൂക്കിലെ തിയ്യസാമന്തരായ മന്നാനാർമാരുടെ വകയായിരുന്ന പാൎശ്ശിനിക്കടവാകുന്നു. ചെംഗൽപെരുമാളായ ശംഖവൎമ്മൻ ഒരു തിയ്യമഹിളയേയും കൂടി കല്യാണം കഴിച്ചു. ഇതിൽനിന്നു ചിറയ്ക്കൽ താലൂക്കിലെ തിരുവസ്സിയിലെ മന്നാനാർ സാമന്തവംശം ഉത്ഭവിക്കുകയുണ്ടായി. ഇവരുടെ വകയായ പാൎശ്ശിനിക്കടവിൽ വെച്ചു മരിച്ചതിനു ശേഷം പെരുമാളിൻെറ മൃതദേഹം പെരിഞ്ചെല്ലൂരിൽ(തളിപ്പറമ്പിൽ)കൊണ്ടുവന്ന്, ഇവിടെ ശതസോമൻ സ്ഥാപിച്ച ക്ഷേത്രവളപ്പിൽ അടക്കം ചെയ്തു. കൊംഗുദേശ

ത്തെ വേട്ടവർ മഹാവിഷ്ണുവന്ന് അരംഗശിവൻ, കരിരാമൻ, പേയ്പെരുമാൾ, പെരുമാൾ എന്നീ പേരുകൾ കൊട്ടത്തിരുന്നു എന്നു സേലം ഡിസ്ട്രിക്ട് ഗസററിയറിൽ വിവരിച്ചിട്ടുണ്ട്. തൻനിമിത്തം പുരളിമല മുത്തപ്പൻെറ തിറയാട്ടപ്പാട്ടുകളിൽ വൈഷ്ണവനായ ഇദ്ദേഹത്തെ ശിവനാക്കിപ്പാടുന്നതിൽ അത്ഭുതപ്പെടാൻ ഒന്നുമില്ലതന്നെ. പേയാൾവാർ എന്നൊരു ആദിആൾവാരും ഉണ്ടായിരുന്നു.

"ദിവ്യസൂരിചരിതം," "ഗുരുപരമ്പരപ്രഭാവം" മുതലായ വൈഷ്ണവമതകൃതികളിലാകട്ടെ, വഞ്ചിനഗരത്തിൽ ജനിച്ച കുലശേഖര ആൾവാർ തിരുക്കുരുക്കൂരിനു സമീപമുള്ള ബ്രഹ്മദേശത്തു വെച്ചു സമാധിയടഞ്ഞു എന്നാണ് വിവരിക്കുന്നതു്. തമിഴ് വൈഷ്ണവരുടെ വേദമായ തമിഴിലെ "നാലായിരപ്രബന്ധ"ത്തിൽ കുലശേഖര ആൾവാരുടെ ജനനസ്ഥലം മുതലായവയെപററി ആദ്യം സംസ്കൃതത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:

"കുംഭേ പുനർവ്വസൌജാതം
കേരളേ ചോളപട്ടണേ
കൌസ്തുഭാംശം ധരാധീശം
കുലശേഖരമാശ്രയേ."

അനന്തരം ഇതിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ തമിഴിൽ നൽകിയിരിക്കുന്നു:—"കൊല്ലിനഗരത്തിൽ പരാഭവവർഷമായ കലി 28-ൽ മാശിമാസത്തിൽ വെള്ളിയാഴ്ച ദ്വാദശിയിൽ പുണർതം നക്ഷത്രത്തിൽ ചന്ദ്രവംശത്തിലെ ദൃഢവ്രതൻെറ പുത്രനായ് ജനിച്ചു." ഇതിലെ കൊല്ലിനഗരം വഞ്ചിയിലെ കോലപട്ടണം (ചേന്ദമംഗലം) ആകുന്നു.

പ്രസ്തുത തിരുക്കരുക്കൂർ (പക്ഷിനഗരം, ഗരുഡനഗരം) ഇന്നത്തെ ഗുരുവായൂരാകുന്നു. മദ്ധ്യകാലത്തെ ഗുരുവായൂർ സാമന്തനെ "കേരളപഴമ" (22-ാം അദ്ധ്യായം) "കുറിവക്കോയിൽ" എന്നു പേരിട്ടിട്ടുള്ളതും ഇവിടെ ശ്രദ്ധേയമത്രേ. "പടകട" എന്ന കലിവാക്യപ്രകാരം തിരുവല്ല വിഷ്ണുക്ഷേത്രം 639 എ. ഡി. യിൽ സ്ഥാപിച്ച വീരകേരള ചക്രവത്തിയായ ഈ രണ്ടാമത്തെ കുലശേഖരആഠംവാരാണു 42-ാം പെരുമാളായ യഥാത്ഥ കുലശേഖരആഠംവാർ. കുലശേഖരൻ എന്നതു എല്ലാ ചേരന്മാക്കുമുള്ള ഒരു കുലബിരുദമാണു്. ആഠംവാർ എന്നതിനു ഗരുഡനെന്നു തമിഴിൽ അത്ഥമുണ്ടു്. 42ാം പെരുമാളാണു "മുകുന്ദമാല" എന്ന സുപ്രസിദ്ധമായ സംസ്കൃതവൈഷ്ണവസ്തവം രചിച്ചതും.

ക്ഷത്രിയരും മരുമക്കത്തായികളുമായ മംഗലാപുരത്തേയും ബാർക്ക്രൂറിലേയും ഹൊലെയറാണിയുടെ ഒരു പുത്രിയേയുംകൂടി കാരയ്കൂൽ സ്വരൂപത്തിലെ ഒരു രാജകുമാരിക്കു പുറമെ, 42-ാം പെരുമാഠം കുലശേഖരൻ കല്യാണം കഴിച്ചു. ഈ വിവാഹം വഴി തിരുവിതാംകൂറിലെ വേണാട്ടു സ്വരൂപം ഉത്ഭവിച്ചു. പെരുമാക്കന്മാർ മിക്കപ്പോഴും മരുമക്കത്തായം സ്വീകരിച്ചു വന്നതിനാൽ ക്ഷത്രിയമക്കഠംക്കുപോലും പെരുമാഠംകിരീടത്തിനും അവകാശമുണ്ടായിരുന്നില്ല. ഹൊലെയ (തമിഴിൽ, പൊലയ) എന്ന സ്വരൂപനാമം വദ്ധിക്കുക എന്നു് അത്ഥമുള്ള പൊലിയുക എന്ന ദ്രാവിഡപദത്തിൽനിന്നു് ഉത്ഭവിച്ചതാകുന്നു. തൻനിമിത്തം ഇതിനെ ശ്രീവദ്ധനനാട്ടിലെ ശ്രീവാഴുംകോടിയിലെ, സ്വരൂപം എന്നു പേരിടാം. ഇവരെയാണു് ഇന്നത്തെ "ശാസ്ത്രീയ" ചരിത്രഗവേഷകർ പുലയരാക്കിയിരിക്കുന്നതു്.

42-ാംപെരുമാറം അഖണ്ഡിതകീത്തിപ്രതാപചേരൻ (വളഭൻ 1, പള്ളിബാണപ്പെരുമാറം) അന്ത്യകാലത്തു ക്രിസ്തുമതം സ്വീകരിച്ചു സ്ഥാനത്യാഗം ചെയ്യുകയുണ്ടായി. അപോസ്തലൻതോമസ്സിനെ ഉദമാൽപേട്ടയിൽവെച്ച് പൊള്ളാച്ചിസാമന്തൻ വധിപ്പിച്ച ആണ്ടായ 69 ഏ. ഡി. യിൽ നിന്നു 600 വഷത്തെ കല്പംതികയുന്ന വഷമായ 669 ഏ. ഡി. യിൽ ഏഷ്യമൈനോറിലെ കാനെസ്നഗരത്തിൽനിന്ന് ഒരു ലൂക്കോസുറിയാനി (വെളുത്ത സുറിയാനി) കുടിപാർപ്പു സംഘത്തെ കേരളത്തിലേക്കു കൂട്ടിക്കൊണ്ടുവന്ന തോമസ് കാനമുഖേനയാണു പള്ളിബാണൻ ക്രിസ്ത്യാനിയായതു്. ഈ പെരുമാളെക്കുറിച്ചു ചില വിവരങ്ങറം 1955, മെയ് 15-ാംനു-യിലെ "മാതൃഭൂമി" വാരികയിലെ "ടോളമിയുടെ ദക്ഷിണഭാരതം" എന്ന ലേഖനത്തിൽ ഞാൻ നൽകിയിരുന്നു. തോമസ്കാന മൂഖേന കൃസ്ത്യാനിയായ പയ്യന്നൂർ (പന്തലായിനിക്കൊല്ലം) സാമന്തൻ പടമലനായരെ പള്ളിബാണൻ തന്റെ ഒരു ഭാര്യയുടെ ചതിനിമിത്തം ഏറനാട് താലൂക്കിലെ ചേക്കന്നിലടുത്തുവെച്ചു കഴുകിലിട്ടു എന്നു ഞാൻ പറഞ്ഞിരുന്നതു തെററാണെന്നു പിന്നീടു കണ്ടുപിടിച്ചു. വാസ്തവത്തിൽ ഈ കഴുഃകേറവു നടന്നതു കുറുമ്പ്രനാട് താലൂക്കിലെ വടകരയിൽനിന്നു 5 മൈൽ വടക്കും, മയ്യഴിയിൽനിന്നു 3 മൈൽ തെക്കുമായി നില്ക്കുന്ന ഇന്നത്തെ ചോമ്പാൽ ഗ്രാമത്തിൽവെച്ചായിരുന്നു. ചേയ്പാൽ (ചെയ്, അഥവാ കുമാരൻ, ആയ ദേവപ്പടനായകൻ സുബ്രഹ്മണ്യന്റെ ഗ്രാമം) എന്നതു് ആയിരിക്കണം ഇതിന്റെ പഴയ പേര്. ഇതിനു

ട്ടുത്തുകൂടി "ഒഴുകുന്നതായി കേരളോല്പത്തി"യിൽ പറഞ്ഞിട്ടുള്ള അഴിയാറു വാസ്തവത്തിൽ മയ്യഴിപ്പുഴയുമാകുന്നു.

ചോമ്പാലിനാണു് "പയ്യന്നൂർ പാട്ടി"ൽ ഏഴിമലക്കടുത്തുള്ള കച്ചിൽ പട്ടണമെന്നു പേരിട്ടിരിക്കുന്നതു്. കച്ചിൽ എന്ന പദത്തിന്നു കാചിൽ എന്നൊരു രൂപമുണ്ടാകും. കാചിഘലം എലിയുടെ ഒരു പര്യായമാകുന്നു. ഏഴിമലകൾ പലതുള്ളതിൻ എല്ലാററിന്നും എലിമലയെന്ന പേരുണ്ടുതാനും. പന്തലായിനക്കൊല്ലത്തിനു സമീപമുള്ള കൊയിലാണ്ടിയിൽനിന്നു തിരുവിതാംകൂറിലെ വടക്കൻ പറവൂക്കു പോന്ന ക്രൂസ്ത്യാനികൾക്കാണു ഏ. ഡി. 17-ാംശതകത്തിലെ പോർത്തുഗീസ് ഗ്രന്ഥകാരൻ ഡെക്കൂതോ പറവൂരിലെ കോർത്തലൈ (കോവർതലയിലെ, കോവൽ കണ്ടിയിലെ, കോവൽ ഗ്രാമത്തിലെ) ക്രൂസ്ത്യാനികൾ എന്ന നാമം നൽകിയിരിക്കുന്നതും.

തുളുവൻപെരുമാളിൻെറ മരാമത്തു മന്ത്രിയായതുനിമിത്തം ഉളിയന്തുർ പെരുന്തച്ചൻ എന്ന ഔദ്യോഗികനാമമുണ്ടായിരുന്ന തോമസ് കാനായാണു് മദ്ധ്യകേരളത്തിലെ "ഗേബിൾ മേല്പുര" (ഒരുതരം നാസികാവളഭിയോടുകൂടിയതു്) ക്ഷേത്രങ്ങൾ പണിയിച്ചതു്. ഈ ശില്പരീതിയാണു് പ്രാചീനകേരളക്ഷേത്രങ്ങളെ ശേഷിച്ച തമിഴ്നാട്ടിലെ ക്ഷേത്രങ്ങളിൽനിന്നു വ്യത്യാസപ്പെടുത്തിയിരുന്നതു്. ഈ ഗേബിൾമേല്പുരരീതി ഏഷ്യാ മൈനോറിലേയും ആർമേനിയായിലേയും ഗൃഹശില്പപ്പണികളിലും, നേപ്പാളത്തേയും തിബത്തിലേയും ശില്പപ്പണികളിലും കാണാം. ഈ രീതി ദക്ഷിണഭാരതത്തിലെ കേരളത്തിൽ മാത്രം കാണുന്നതിന്നു കാരണക്കാരൻ ഏഷ്യാമൈ

നോറിൽനിന്നു വന്ന തോമസ് കാനയാണെന്നു ഖണ്ഡിച്ചു പറയാം.

ഇളംചേരലിരുമ്പൊറൈ (പള്ളിബാണൻ) മൈയ്യൂർ (മേയ്യൂർ) കിഴാൻ വെൺമാളിൻെറ മകനാണെന്നു "പതിററിപ്പത്തി"ൻെറ 9-ാം പത്തിലെ പതികത്തിൽ (അനുബന്ധത്തിൽ) പറഞ്ഞിരിക്കുന്നു. ഈ റാണി 42-ാംപെരുമാൾ കുലശേഖരൻ I ൻെറ സോദരിയും, സത്യമംഗലം സാമന്തൻെറ പത്നിയുമാകുന്നു. ജയന്തകയെന്നു പേരുണ്ടായിരുന്ന സത്യമംഗലം നഗരം ഭവാനിനദിയും, ഇതിൻെറ ഒരു പോഷകനദിയായ മൊയാർനദിയും കൂടിച്ചേരുന്നിടത്തു നില്ക്കുന്നു. ഈ മൊയാർ നദിയുടെ പേരിൽനിന്നാണ് പള്ളിബാണൻെറ പിതാവിന് റെമയ്യൂർ (മൊയാർ)കിഴാൻ (സാമന്തൻ) എന്നാ ബിരുദം ലഭിച്ചതു്.

## തുളുവൻ പെരുമാൾ

44_ാംപെരുമാൾ വീരരരാജേന്ദ്രചേരൻ (കുന്ദവമ്മൻ, തുളുവൻ പെരുമാൾ) തുളുനാട്ടിലെ തെക്കൻ ഗോകർണ്ണമായ കോടീശ്വരത്തുനിന്നാണ് കേരളം ഭരിച്ചിരുന്നതു്. കോലത്തിരിസ്വരൂപത്തിൻെറ പൂർവ്വികനായ ഇദ്ദേഹം ജയിനമതക്കാരനോ ഈ മതത്തോടു പ്രത്യേകമമത ഉള്ളവനോ ആയിരുന്നു. പശ്ചിമചാലൂക്യനൃപൻ വിനയാദിത്യൻെറ 693 ഏ. ഡി. യിലെ കൊൽഹാപ്പൂർ ചെപ്പേടിൽ, ഒരു സ്ത്രീരാജ്യറാണിയേയും, ഒരു മൂഷികനൃപനേയും, ഒരു ലാടരാജ്യത്തേയും പ്രസ്താവിച്ചിരിക്കുന്നു. ഈ സ്ത്രീരാജ്യം ഹൊലെയറാണിയുടെ തുളുഖണ്ഡവും, മൂഷികനൃപൻ തുളുവൻ പെരു

മാളും, ലാടരാജ്യം മൈസൂരിലെ കലശരാജ്യവുമാകുന്നു. "സാഹിത്യഗവേഷണമാല"യുടെ ഒന്നാംഭാഗത്തിൽ, പഞ്ചാബിലെ പിണ്ഡിദഡ്യൻഖാൻ നഗരത്തിന്നു പണ്ടു ലാടമെന്നും, കലശ എന്നും പേരുകൾ ഉണ്ടായിരുന്നതു് ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. 1500 എ. ഡി. യിൽ രചിച്ച രവിവർമ്മൻെറ "ഉദവർമ്മചരിത"ത്തിൽ, 724 എ. ഡി. യിൽ ജനിച്ചു ദേഹവും, കോലസ്വരൂപസ്ഥാപകനുമായ കേരളവർമ്മൻെറ മാതാവിൻെറ പിതാവായി പറഞ്ഞിട്ടുള്ള ചേരമാൻ പെരുമാൾ തുളുവൻ പെരുമാളാകുന്നു. ഈ ചേരൻ ഹൊലയറാണിയുടെ സ്വരൂപത്തിലെ ഒരു രാജകുമാരിയേയും കൂടി കല്യാണം കഴിച്ചിരുന്നു. ഇവരത്രേ കേരളവർമ്മൻെറ മാതാമഹി.

## ആയ്പ്പെരുമാൾ

നസംഗൻ (നസ്രാണി) എന്നു "കേരളമാഹാത്മ്യം" പേരിട്ടിട്ടുള്ള വളഭൻ I (പള്ളിബാണപ്പെരുമാൾ) ഭടസ്ഥലിയിലെ (പടൈത്തലൈയിലെ, തെക്കൻ കോയമ്പത്തൂരിൽ സ്ഥിതിചെയ്തിരുന്ന കേരളദേശത്തെ) സാമന്തനെ തോല്പിച്ചോടിച്ചു തൻെറ രക്തബന്ധുവായ നൃപരാമനെ അവിടത്തെ സാമന്തനായി വാഴിച്ചു എന്നു "മൂഷികവംശകാവ്യ"ത്തിൽ പറഞ്ഞിട്ടുണ്ടു്. പൊത്തി ആണ്ട പെരുംചോഴൻ എന്നാത്രെ ഇരുഞ്ചേരലിരുമ്പൊറൈ (പള്ളിബാണൻ) തോല്പിച്ചോടിച്ച ഭടസ്ഥലിസാമന്തനു "പതിററിപ്പത്തി"ൻെറ പതികത്തിൽ പേരിട്ടിരിക്കുന്നതു്. ഒരു ബോധിമലയെ (പൊത്തിമലയെ) ചെങ്കുട്ടുവൻ II ൻെറ ഗംഗാതീരയാത്രയെ സം

ബന്ധിച്ചു "ചിലപ്പതികാര"ത്തിൽ പ്രസ്താവിച്ചിട്ടുമുണ്ട്. ഈ നൃപരാമന്റെ സന്തതിപരമ്പരയിൽപെട്ട ദേഹമാണ് 46-ാംപെരുമാൾ നിമ്മലശേഖരൻ (രിപുരാമൻ, ആയ്യപ്പെരുമാൾ). 45-ാം പെരുമാൾ ഭീമിശ്വര ചേരൻ ദത്തെടുത്ത കൊംഗിലെ ഇളയ താവഴിയിലെ 47_ാം പെരുമാൾ പ്രഭഞ്ജനേശ്വര ചേരന് (ഗംഭീരന്, ചെങ്കുട്ടവൻ II-ന്) പ്രായപൂത്തി വരായ്കയാൽ റീജൻറായി നാടുവാണ പെരുമാളാണ് നിമ്മലശേഖര ചേരൻ. ഇദ്ദേഹം തന്റെ രക്തബന്ധുവും, കുലശേഖരൻ I-ന്റെ സന്തതിപരമ്പരയിൽ പെട്ട ദേഹവുമായ വീരമാത്താണ്ഡവമ്മനെ 729_ഏ. ഡി. യിൽ വേണാട്ടു സാമന്തനായി വാഴിച്ചു. ഈ വീരമാത്താണ്ഡവമ്മനാകുന്നു വേണാട്ടു സ്വരൂപസ്ഥാപകൻ.

## മാടപ്പെരുമാൾ.

49_ാം പെരുമാൾ തിരുമഞ്ചന ചേരൻ (വളഭൻ II, രാജരാജവമ്മൻ, മാടപ്പെരുമാൾ) ലക്ഷദ്വീപു ആക്രമിച്ചു പിടിച്ചടക്കുകയും, മാടായിക്കോട്ടയും, വളപട്ടണവും സ്ഥാപിക്കുകയും ചോഴരോടും പാണ്ഡ്യരോടും യുദ്ധം ചെയ്യുകയും ചെയ്തു. ഒരു യുദ്ധവീരനായ ഈ പെരുമാൾ യുവരാജാവായിരുന്ന കാലത്തെ ഒരു ദാനശിലാലേഖനം ത്രിച്ചിനാപ്പള്ളിയിലെ ഉഡെയാർ പാളയം താലൂക്കിലുള്ള വിളന്തൈഗ്രാമക്ഷേത്രത്തിൽ കണ്ടുപിടിച്ചിട്ടുമുണ്ട്. "ചമ്പകദേശേ രമ്യേ" എന്ന കലിവാക്യം സൂചിപ്പിക്കുന്ന 787 ഏ. ഡി. യിൽ (444 ഏ. ഡി + 343 വഷം)വെള്ളാട്ടിരി സ്വരൂപത്തിന്റെ സ്ഥാപകന്റെ പിതാവായ ഇദ്ദേഹം വള്ളുവനാട്ടിലെ അങ്ങാടി

പ്പുറത്തെ ആദി തിരുമാന്ധാങ്കുന്നു ക്ഷേത്രം സ്ഥാപിക്കുകയുണ്ടായി. ഈ ക്ഷേത്രസ്ഥാപന ഐതിഹ്യത്തിൽ പറഞ്ഞിരിക്കുന്ന മന്ധാതാവു മാന്തരൻ ചേരൻ ഇരുമ്പൊറൈ ആയ വളഭൻ II ആകുന്നു. യാനൈക്കൺചേയ് എന്ന ബിരുദം കൂടി ഇദ്ദേഹത്തിന്ന് കിട്ടിയതിന്ന് കാരണം ആനമല എന്നർത്ഥമുള്ള ഗജ്ജൽ ഹത്തിക്ക് അടുത്തു നില്ക്കുന്നതും, ഒരു ചേയ് (സ്കന്ദ)ക്ഷേത്രമുള്ളതുമായ സത്യമംഗലം ഇദ്ദേഹം ചേർവൈസ്രായിയായിരുന്ന രാജാവായിരിക്കുമ്പോൾ ഭരിച്ചിരുന്നതാകുന്നു. "ഐങ്കുറുന്തുറ" എന്ന തമിഴ് സംഘകാവ്യസമാഹാരം ഇദ്ദേഹത്തിൻെറ ആജ്ഞപ്രകാരമാണ് പ്രസിദ്ധപ്പെടുത്തിയതു്.

50-ാം പെരുമാൾ കൈലാസം അടൈന്ത ചേരൻ (ശ്രീകണ്ഠൻ, രാജശേഖരൻ) സുന്ദരമൂർത്തി നായനാർ എന്ന ശൈവയോഗിയുടെ തോഴനും, ചേരമാൻപെരുമാണായനാർ എന്ന ശൈവയോഗിയും, സംസ്കൃതം നല്ലപോലെ അറിഞ്ഞിരുന്ന ഒരു ചെന്തമിഴ് കവിയുമാകുന്നു.

DISTRIBUTING LIBRARY, No.............. KOTTAYAM.